2016 ജൂൺ 10
വാല്യം 09
ലക്കം 11
ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 12

## പാളം തെറ്റുന്ന ആത്മീയത

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ സംഘർഷ സാധ്യതയെന്ന് സൂചന നൽകി കത്ത് പുറത്ത്

**അമേരിക്കയിലെ സഭകളിൽ വെടിവയ്പ്പ്, കത്തിക്കുത്ത്, അടിപിടി, കൊലപാതകം ഇവയൊക്കെ സംഭവിച്ചുണ്ടെന്നും അത് ഇവിടെയും സംഭവിക്കയില്ലെന്ന് പറയാനൊക്കില്ലെന്നും പ്രാകൃതനായ ഒരു വിശ്വാസി പോക്കറ്റിൽ കരുതിക്കൊണ്ടുവരുന്ന കൊച്ചുമടക്ക് പിച്ചാത്തി മതി ആരാധനാലയത്തിൽ അതികായകന്മാരെ വീഴിച്ച് ശവങ്ങളാക്കിമാറ്റാൻ. പിന്നെ പോലീസായി, പട്ടാളമായി, കേസായി, കോടതിയായി, വക്കീലായി ഒടുവിൽ കോടികളുടെ നഷ്ടം സഭയ്ക്കും വ്യക്തികൾക്കും ഉണ്ടാകുമെന്നും സമയം വേർതിരിച്ച് പ്രാർത്ഥിച്ചാൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാമെന്നും പറഞ്ഞ് കേരളത്തിലെ സഭകളിൽ വ്യാപകമായി ലഭിച്ച കത്താണ് സംഘർഷ സൂചന നൽകുന്നത്. അമേരിക്കൻ മലയാളിയായ E.C. Samkutty ലൂസിയാനയിലെ അഡ്രസ് രേഖപ്പെടുത്തിയ കത്താണ് പുറത്ത് വന്നിരിക്കുന്നത്. ജൂൺ 3,4,7,10,11 ഇതിലേതെങ്കിലും ഒരു ദിവസം സംഘർഷം ഒഴിവാക്കുവാൻ പ്രാർത്ഥിക്കുവാനാണ് കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ജൂൺ 14 – ന് നടക്കുന്ന ഓവർസീയർ ഇലക്ഷൻ ലക്ഷ്യമിട്ടുള്ള കത്ത് ഏഴംകുളം സാംകുട്ടി അയച്ചത് പരക്കെ പരിഭ്രാന്തിയുണ്ടാക്കിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നിയമ നടപടികളിലേക്ക് നീങ്ങുകയാണ് ഒരു കൂട്ടം വിശ്വാസികളും ശുശ്രൂഷകരും.**

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ സംഘർഷ സാധ്യതയെന്നും പ്രാകൃതനായ വിശ്വാസി മടക്കുപിച്ചാത്തി കൊണ്ടുവന്ന് അതികായകന്മാരെ വീഴ്ത്തുമെന്നും കൊലപാതകവും കേസും കോടികളുടെ നഷ്ടവും ഉണ്ടാകുമെന്നും രേഖപ്പെടുത്തി പ്രാദേശിക സഭകളുടെ വിലാസത്തിൽ കേരളമെങ്ങും അയയ്ക്കപ്പെട്ട കത്ത് ആശങ്ക പടർത്തുന്നു. ഏഴംകുളം സഭയുടെ മുൻ അംഗവും അമേരിക്കയിലെ ഒരു പ്രാദേശിക സഭയുടെ അംഗമെന്നും പരിചയപ്പെടുത്തി ഏഴംകുളം സാംകുട്ടി എന്ന E. C. Samkutty ആണ് ഈ കത്ത് സഭകൾക്ക് അയച്ചിരിക്കുന്ന


കളെ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. പലേടങ്ങളിലും വെടിവയ്പ്പ്, കത്തിക്കുത്ത്, അടിപിടി, ശകാരവർഷം, കൊലപാതകം ഇവയൊക്കെ സംഭവിച്ചിട്ടുണ്ട്.

ഇങ്ങനെയൊന്നും നമ്മുടെയിടെയിൽ സംഭവിക്കയില്ലെന്ന് തറപ്പിച്ചു പറയാനൊക്കുമോ?

പ്രാകൃതനായ ഒരു വിശ്വാസി പോക്കറ്റിൽ കരുതിക്കൊണ്ടുവരുന്ന ഒരു കൊച്ചുമടക്കുപിച്ചാത്തി മതി ആരാധനാലയത്തിൽ അതികായകന്മാരെ വീഴിച്ച് ശവങ്ങളാക്കിമാറ്റാൻ. പിന്നെ പോലീസായി, പട്ടാളമായി, കേസായി, കോടതിയായി, വക്കീലായി. ഒടുവിൽ കോടികളുടെ നഷ്ടം സഭയ്ക്കും വ്യക്തികൾക്കും.

ത്. സ്റ്റേറ്റ് ഓവർസീയർ റവ. പി. ജെ. ജെയിംസിന്റെ അറിവോടെയാണ് അയയ്ക്കുന്നതെന്നും കത്തിൽ പറയുന്നു.

കേരളത്തിലെ സഭകളിൽ അമേരിക്കൻ സഭകളിലെപ്പോലെ സംഘർഷം നടക്കുവാൻ സാധ്യതയുണ്ടെന്ന അറിവ് ഇദ്ദേഹത്തിന് എവിടെ നിന്ന് ലഭിച്ചു എന്ന് കത്തിൽ വ്യക്തമാക്കിയിട്ടില്ല. അമേരിക്കൻ പൗരത്വം ഉള്ള ഇദ്ദേഹത്തിന് ചർച്ച് ഓഫ് ഗോഡിൽ ഔദ്യോഗികമായ സ്ഥാനങ്ങൾ ഇല്ലാതിരിക്കെ ഈ കത്ത് ഇപ്പോൾ അയച്ചതിനു പിന്നിൽ വൻ ഗൂഢാലോചന ഉണ്ട് എന്ന് പരക്കെ സംശയം ഉയർന്നിരിക്കുന്നു.

കേരളത്തിൽ ഉള്ള ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകരെ പലരെയും ഇദ്ദേഹം വിളിക്കുകയും പാസ്റ്റർ സി. സി.

04

# ചർച്ച് ഓഫ് ഗോഡിൽ സി. സി. തോമസ് തരംഗം

## പരാജയഭീതിയോടെ അപവാദപ്രചരണവുമായി ചിലർ രംഗത്ത്



**മുളക്കുഴ:** 14–ാം തീയതി നടക്കുവാൻ പോകുന്ന ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയർ പ്രിഫറൻസ് ബാലറ്റിൽ പാസ്റ്റർ സി. സി. തോമസിന് വൻ പിന്തുണ. സീനിയർ ശുശ്രൂഷകരും യുവ ശുശ്രൂഷകരും പാസ്റ്റർ സി. സി. തോമസ് ഓവർസീയർ ആകുന്നതിന് പിന്തുണച്ച് രംഗത്ത് വന്നുകഴിഞ്ഞു. പരാജയ ഭീതിയോടെ അപവാദപ്രചരണങ്ങളുമായി എതിർ ക്യാമ്പിലുള്ളവർ പാഴ്സനേജുകൾ കയറിയിറങ്ങുന്നു. എന്നാൽ അത്തരം നുണപ്രചരണങ്ങൾക്കെതിരെ ശക്തമായ പ്രതികരണമാണ് പരക്കെ ഉണ്ടായിരിക്കുന്നത്. ശുശ്രൂഷകന്മാരെ അവഹേളിക്കുകയും പീഢിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിന് പാസ്റ്റർ സി. സി. തോമസിന്റെ വരവോടെ മാറ്റം ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് ദൈവസഭാ ശുശ്രൂഷകന്മാർ. വിശ്വാസികളെയും ശുശ്രൂഷകരെയും തമ്മിലടിപ്പിച്ച് വിജയം നേടാനുള്ള എതിർ സ്ഥാനാർത്ഥിയുടെ തന്ത്രങ്ങൾക്കെതിരെയും വ്യാപകമായ പ്രതിഷേധമാണ് ഉയരുന്നത്. ഗുണ്ടായിസം, അഴിമതി, സ്വജനപക്ഷപാതം, അർഹതപ്പെട്ടവരെ ഒതുക്കുക തുടങ്ങിയ പരിപാടികൾക്ക് അറുതിവരുമെന്നും പെന്തെക്കോസ്ത് തനിമയോടെ വേദവചാനുസൃതമായ ഒരു ഭരണം ഉണ്ടാകുമെന്ന പ്രതീക്ഷയാണ് പാസ്റ്റർ സി. സി. തോമസിന്റെ വരവോടെ ഉണ്ടായിരിക്കുന്നത്. മികച്ച ഭരണകർത്താവ് എന്ന പേരെടുത്ത പാസ്റ്റർ സി. സി. തോമസ് കേരളാ സ്റ്റേറ്റ് വൈ. പി. ഇ. പ്രസിഡന്റ് തിരുവല്ല ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരി അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിൽ കേരളത്തിലെ എല്ലാ വിശ്വാസികൾക്കും ശുശ്രൂഷകർക്കും സുപരിചിതനാണ്. വിശ്വാസികളെയും ശുശ്രൂഷകരെയും ഐക്യതയോടെ കൊണ്ടുപോകുവാൻ ഇദ്ദേഹത്തിന് കഴിയും.

പരാജയഭീതി പൂണ്ടവർ അപവാദപ്രചരണം നടത്തുന്നതു കൂടാതെ ഇലക്ഷൻ തടയുന്നതിനുള്ള ശ്രമങ്ങളും നടത്തുകയാണ്. ശുശ്രൂഷകരെ തടയുമെന്നും മറ്റുമുള്ള ഭീഷണിയും ഈ കൂട്ടർ ഉയർത്തുന്നു. 14–ാം തീയതി രാവിലെ 9 മണിക്ക് സ്റ്റേറ്റ് കൗൺസിലും 10 മണിക്ക് പ്രിഫറൻസ് & ഇവാലുവേഷനും നടക്കും.

### സാക്ഷി



ഏഴംകുളംകാരൻ ചർച്ച് ഓഫ് ഗോഡിൽ നിന്ന് രാജി വെച്ചോ?

*ദൈവസഭയെക്കുറിച്ച് ദൈവത്തിന് കരുണയുണ്ടെന്ന് ഇതോടെ വെളിവായി.*

# ഐ. പി. സി. ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് പാസ്റ്റർ കെ. സി. ജോൺ



ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ ജനറൽ പ്രസിഡന്റായും ജനറൽ സെക്രട്ടറിയായും സ്തുത്യർഹമായ സേവനം ചെയ്ത പാസ്റ്റർ കെ. സി. ജോൺ സഭയുടെ അടുത്ത ജനറൽ സെക്രട്ടറി സ്ഥാനാർത്ഥിയായി നിൽക്കുന്നു. പവർവിഷൻ ചാനൽ ചെയർമാനും സുപ്രസിദ്ധ സുവിശേഷ പ്രഭാഷകനും തിരുവല്ല സെന്റർ ശുശ്രൂഷകനുമായ പാസ്റ്റർ കെ. സി. ജോണിന്റെ സേവനങ്ങൾ സഭയുടെ ആത്മീയ ഭൗതീക വളർച്ചയ്ക്കും പുരോഗമന ചിന്തകൾക്കും വഴി തുറക്കുമെന്ന് വിശ്വാസ സമൂഹത്തിൽ വിലയിരുത്തപ്പെടുന്നു.

പെന്തെക്കോസ്തു യുവജന സംഘടനയെ (PYPA) സഭയുടെ യുവജന പ്രസ്ഥാനമായി വളർത്തിയെടുക്കുന്നതിലും യുവജനങ്ങൾക്ക് ആത്മീയ ഉത്തേജനം നൽകി അടുത്ത തലമുറയെ വാർത്തെടുക്കുന്നതിലും പി. വൈ. പി. എ. സ്റ്റേറ്റ് പ്രസിഡന്റ് എന്ന നിലയിൽ തന്റെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ വളർച്ചയിൽ നിർണ്ണായകമായ കാലഘട്ടമാണ് പാസ്റ്റർ കെ. സി. ജോൺ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന സമയം. 1990 കളിൽ മൂന്ന് ടേമായി 10 വർഷത്തിലധികം സ്റ്റേറ്റ് സെക്രട്ടറിയായിരിക്കുമ്പോൾ അനേകം സഭകളാണ് ഐ. പി. സി.യ്ക്ക് കേരളത്തിൽ സ്ഥാപിക്കപ്പെട്ടത്.

വടവാതൂർ ശാലേം ബൈബിൾ സ്കൂൾ, കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജ് എന്നിവിടങ്ങളിലും അമേരിക്കയിലും വേദപഠനം നടത്തിയശേഷം 1972 മുതൽ സഭാ ശുശ്രൂഷകൻ, പ്രസംഗകൻ, എഴുത്തുകാരൻ, സഭാ നേതാവ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. അന്തർദേശീയ കോൺഫറൻസുകളിൽ പ്രസംഗകനും വിവിധ തിയോളജിക്കൽ കോളേജുകളിൽ വിസിറ്റിംഗ് പ്രൊഫസറുമാണ്. ഐ. പി. സി. സംസ്ഥാന സെക്രട്ടറിയായി പത്തുവർഷത്തോളം സഭാസേവനം നടത്തി. ഐ. പി. സി. ജനറൽ പ്രസിഡന്റായി രണ്ട് ടേം പ്രവർത്തിച്ചു. കേരളത്തിലെ വലിയസഭകളിലൊന്നായ നെടുമ്പ്രം ഐ. പി. സി. ഗോസ്പൽ സെന്ററിന്റെ സ്ഥാപകനാണ്. നിരവധി ഗ്രന്ഥങ്ങളുടെ രചിയതാവും, അനുഗ്രഹീത ടെലിവിഷൻ പ്രഭാഷകനുമാണ്. തലവടി ഇടയത്ര കുടുംബാംഗമാണ്.

ഭാര്യ: പ്രെയ്സ് ജോൺ. മക്കൾ: പാസ്റ്റർ ജെയിം ജോൺ (ഐ. പി. സി. കാനഡ), ജയിൻ ജോൺ, ഡോ. ജെയിംസ് ജോൺ.

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം



**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in





# ഊമ സാഹിത്യം എന്തിന്? ആർക്കുവേണ്ടി



**ബ്രദർ രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിൽ ഞാൻ ഒരു വിശ്വാസിയാണ്. പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ചില ചുമതലകൾ ഏറ്റെടുക്കുവാൻ ദൈവം അവസരം നൽകിയിട്ടുണ്ട്. അമേരിക്കയിലെ പെന്തെക്കോസ്ത് സമൂഹത്തിന്റെ പൊതു കൂട്ടായ്മയായ പിസിനാക്കിന്റെ സെക്രട്ടറിയായി രണ്ട് പ്രാവശ്യം പ്രവർത്തിച്ചിട്ടുമുണ്ട്. ന്യൂയോർക്കിൽ നടന്ന പിസിനാക്കിന്റെ സെക്രട്ടറിപദം ഞാൻ ഏറ്റെടുക്കരുതെന്ന് പല ഭാഗത്തുനിന്നും എനിക്ക് സമ്മർദ്ദം ഉണ്ടായിരുന്നു. കൺവീനറെ ഒറ്റപ്പെടുത്തുവാനുള്ള ആനീക്കത്തിന് ഞാൻ കൂട്ടുനിന്നില്ല. അതുകൊണ്ടു തന്നെ വളരെ ശക്തമായ എതിർപ്പും അപവാദപ്രചരണവും എനിക്കും കുടുംബത്തിനും എതിരെയുണ്ടായി. സത്യം ചെയ്തിട്ട് ചേതം വന്നാലും മാറാത്തവൻ എന്ന വചനം എനിക്ക് ബലം നൽകി. ഡിഫെൻഡർ എന്ന പത്രത്തെ ഉപയോഗിച്ചാണ് എതിരാളികൾ അന്ന് എനിക്കെതിരെയും ബിലീവേഴ്സ് ജേണലിനെതിരെയും പ്രവർത്തിച്ചത്. എന്നാൽ എല്ലാം നന്നായി ചെയ്യുന്ന ദൈവം ഇക്കാര്യത്തിലും എല്ലാം നന്നായി ചെയ്തു.

ബിലീവേഴ്സ് ജേണൽ പത്രം ഒരു കൂട്ടായ്മയുടെ ഭാഗമാണ്. ഉപദേശവിരുദ്ധത, അഴിമതി തുടങ്ങിയവയ്ക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമാണ് ജേണൽ പ്രവർത്തനം. എഴുത്തുകാർക്ക് സ്വാതന്ത്ര്യം നൽകണം എന്ന ചിന്തയോടെ ആരംഭിച്ച ഈ മാധ്യമപ്രവർത്തനം മാധ്യമധർമ്മം നിർവ്വഹിക്കുന്നതിൽ എന്നും ശ്രദ്ധിച്ചിട്ടുണ്ട്. ആരുടെയും പക്ഷം പിടിക്കുവാൻ ഒരിക്കലും തുനിഞ്ഞിട്ടില്ല. എന്നാൽ മുഖം നോക്കാതെ നിലപാടെടുക്കുകയും എഴുതുകയും ചെയ്തപ്പോൾ ധാരാളം ശത്രുക്കൾ ഉണ്ടായി. എന്നാൽ എഴുത്തുകളിൽ ഒരു വ്യക്തിയുടെയും സ്വകാര്യ ജീവിതത്തെക്കുറിച്ചോ അവരുടെ കുടുംബാംഗങ്ങളെക്കുറിച്ചോ മോശമായ യാതൊരു കാര്യവും ജേണലിൽ എഴുതിയിട്ടില്ല. അത്തരം എഴുത്തുകൾ അംഗീകരിക്കുവാനും കഴിയില്ല.

ഇപ്പോൾ ഇത്രയും കാര്യങ്ങൾ പറയുവാൻ കാരണം ഏഴംകുളം സാംകുട്ടി പ്രചരിപ്പിക്കുന്ന വ്യാജക്കത്താണ്. അമേരിക്കയിൽ വ്യാപകമായി പ്രചരിച്ച ഊമക്കത്തുകളിലെ വാചകങ്ങളും വാക്കുകളും ഇപ്പോൾ അദ്ദേഹം അയച്ച ഈമെയിൽ പ്രസ്താവനയിൽ നിറഞ്ഞു നിൽക്കുന്നു. ഫെയ്സ്ബുക്കിൽ അദ്ദേഹം ഇട്ട പ്രസ്താവനയിൽ യാതൊരു കാരണവും കൂടാതെ ബിലീവേഴ്സ് ജേണലിനെയും ചുമതലക്കാരെയും മോശമായി പരാമർശിക്കുകയുണ്ടായി. ഇതിനെക്കുറിച്ച് സംസാരിക്കുവാൻ വിളിച്ച എന്നോട് വളരെ മോശമായ രീതിയിൽ ഇടപെടുകയും അമേരിക്കയിലെ മൊത്തം മലയാളികൾക്കും ഡിഫെൻഡറിൽ വന്ന വ്യാജവാർത്തകൾ അയക്കുമെന്നും എനിക്ക് 67 വയസ്സായി ആറോ ഏഴോ വർഷം കൂടിമാത്രമേ ജീവിച്ചിരിക്കുകയുള്ളൂ എന്നും അതിനുമുമ്പ് നിങ്ങളെ നശിപ്പിക്കുമെന്നൊക്കെയാണ് അദ്ദേഹം ആക്രോശിച്ചത്. ഇതൊക്കെ ചെയ്തിട്ട് അദ്ദേഹം വളരെ വ്യാജമായ കത്ത് ഈമെയിലിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു.

ക്രൈസ്തവ സാഹിത്യരംഗത്തും ശുശ്രൂഷാരംഗത്തുമൊക്കെ ഏവരും ബഹുമാനിക്കുന്ന വ്യക്തിത്വമായിരുന്നു കഴിഞ്ഞ കാലങ്ങളിൽ ഡോ. ഏഴംകുളം സാംകുട്ടിയുടേത്. ഏതെങ്കിലും ലേഖനത്തിന്റെ പേരിലോ ലേഖകന്റെ പേരിലോ ഇത്രയും പകയും വൈരാഗ്യവും വെച്ചുപുലർത്തുന്നത് ക്രിസ്തീയ വിശ്വാസിക്ക് ചേർന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ക്രിസ്തീയമാർഗ്ഗം എന്നു പറയുന്നത് താഴ്മയുടെയും വിനയത്തിന്റെയും മാർഗ്ഗമാണ്. അതുതന്നെയാണ് ക്രിസ്തു പഠിപ്പിച്ചത്. സ്വയം വലിയവനാണെന്ന് കരുതുന്നതും അതിനനുസരിച്ച് പെരുമാറുന്നതും ദൈവം ഇഷ്ടപ്പെടുന്ന സ്വഭാവമല്ല. നിഗളികളോട് എതിർത്തുനിൽക്കുന്ന ദൈവത്തെക്കുറിച്ചാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുവാൻ സമർപ്പിതനായ ക്രിസ്തുവിനെയാണ് വേദപുസ്തകം കാട്ടി തരുന്നത്. വന്ന വഴികൾ മറക്കാതിരിക്കുന്നത് ഏറ്റവും നന്ന്. അമേരിക്കയിൽ മുമ്പേ വന്നതുകൊണ്ട് പിന്നീട് വരുന്ന സന്ദർശകരെ അവഹേളിക്കുന്നതിൽ എന്തർത്ഥം. ദൈവം ഓരോരുത്തരെ അയയ്ക്കുന്നു. അവരുടെ നന്മയെയും ശുശ്രൂഷയെയും തടയുവാനും തകർക്കുവാനും ശ്രമിക്കുന്നത് പൈശാചികമെന്നാണ് ഞാൻ കരുതുന്നത്. ഊമക്കത്തുകളിലൂടെ മറ്റുള്ളവരെ തകർക്കുന്നത് എങ്ങനെ ദൈവീകമാകും.

ക്രൈസ്തവ സാഹിത്യവും സാഹിത്യകാരന്മാരും ദൈവത്തിനു വേണ്ടി എഴുതുന്നവരാണ്. ആശയസമരം ആവശ്യമാണ്. എന്നാൽ അത് വ്യക്തികളെ തകർക്കുവാനാകരുത്. ക്രിസ്തീയ മാന്യത സൂക്ഷിക്കുന്നത് നന്ന്. ഒപ്പം ഒരു പോരാട്ടം ഒഴിവാക്കുന്നതും.

---

**വേദ പഠനം**

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



**എഡിസൺ തോമസ്**
**വേങ്ങൂർ, 9961336353**



–തുടർച്ച–

...ളും, സിദ്ധാന്തങ്ങളും, നീതി, ജീവിതവിശുദ്ധി, കുടുംബ കെട്ടുറപ്പ്, സാമൂഹ്യകടമ, ദൈവവിശ്വാസം, ദൈവവിശ്വാസത്തിൽ കൂടിയുള്ള സുരക്ഷക്ഷബോധം എന്നിവ നഷ്ടപ്പെടുന്നു, ഇതുമുഖാന്തരം മനുഷ്യൻ ഏറ്റവും നീചവും ഭയാനകവുമായ പ്രവർത്തികളിലേക്ക് മനുഷ്യൻ എത്തിച്ചേരുന്നു. അതു മൂലം വെറുപ്പ്, വിശ്വാസമില്ലായ്മ, വഞ്ചന, വഴക്ക്, കൊലപാതകം, വ്യഭിചാരം, ആത്മഹത്യ, വ്യക്തിഹത്യ എന്നിവ സംഭവിക്കുന്നു. അവ മനുഷ്യന്റെ സർവ്വനാശത്തിനും കാരണമാകുന്നു യോഹ:14:30, 2തെസ്സ: 2:3. ഇവരുടെ ഉപദേശങ്ങളുടെ ഉറവിടം ദൈവത്തിൽ നിന്നല്ലാമറിച്ച് സാത്താനിലും ഭൂതങ്ങളിൽ നിന്നുമാണ്, ഇവരിൽ ആവസിക്കുന്നത് ഭൂതങ്ങളുടെ ആത്മാക്കൾ, യോഹ:8:44, 1യോഹ:41: 6, ഭൂതങ്ങളെ കുറിച്ച് പഠിപ്പിക്കുന്ന എന്നല്ലാമറിച്ച് ഭൂതങ്ങളുടെ ആത്മാവിൽ പഠിപ്പിക്കുന്നു എന്നു ചുരുക്കം. ഭൂതങ്ങളുടെ നേതാവാണ് സാത്താൻ, സാത്താൻ മനുഷ്യർ സത്യം അറിയാതെയിരിക്കുവാൻ വേണ്ടി ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും പോരാടുകയും ചെയ്യുന്നു, ഇന്നത്തെ സമൂഹം വ്യാജത്തിന്റെ ലോകമാണ് നിത്യോപയോഗസാധനങ്ങളിൽ പോലും മായവും തട്ടിപ്പും വഞ്ചനയും കപടവുമാണ്, വിദ്യാഭ്യാസം, വൈദ്യസഹായം, മരുന്നുകൾ, തൊഴിൽ, സാമ്പത്തികം തുടങ്ങിയ എല്ലാ മേഖലകളിലും സത്യത്തിനും ആത്മാർത്ഥതയ്ക്കും വിലയില്ലാതെ വരുകയാണ്. ഇത്തരക്കാർ വിശ്വാസികളെയും ജനങ്ങളെയും വഴിതെറ്റിക്കുന്നു, അവർ കപടഭക്തരാകുന്നു, അവർ ദൈവവചനം നിരാകരിക്കുന്നു. മനുഷ്യർ അത് അറിയുവാനും അംഗീകരിക്കുവാനും കഴിയാതെയിരിക്കുവാൻ സാത്താൻ പരിശ്രമിക്കുന്നു. **(തുടരും)**

ഈ ഗോത്രവർഗ്ഗക്കാർ ഷെയ്ത്താൻ (സാത്താൻ) എന്ന പേര് ഉച്ചരിക്കാറില്ല. അതുമാത്രമല്ല ഷ എന്നു തുടങ്ങുന്ന ഒരു വാക്കുപോലും കുടുംബത്തിനു ദോഷം ഉണ്ടാകുമെന്ന് അവർ അന്ധമായി വിശ്വസിക്കുന്നു. അവർ ക്ഷേത്രങ്ങൾ ഉണ്ടാക്കി സാത്താന്റെ പ്രതിമകൾ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ ക്ഷേത്രങ്ങളുടെ അകത്തു ചുമരുകളിൽ കറുത്ത സർപ്പങ്ങളുണ്ട്.

വെളിപ്പാട് പുസ്തകത്തിലെ ഏഴു സഭകളിൽ ഒന്നായ പെർഗ്ഗമോസിലെ ക്ഷേത്രത്തിൽ ഒരു പാമ്പിന്റെ ആകൃതിയിലുള്ള എക്സലോപയിസ് ദേവന്റെ ഒരു വിഗ്രഹമുണ്ട്, അതിനാൽ “സാത്താന്റെ സിംഹാസനമുള്ളിടം” എന്ന ഈ സ്ഥലത്തെ വിശേഷിപ്പിച്ചിരിക്കുന്നു. സ്മുർന്നയിലെ സാത്താന്റെ പള്ളി ഉണ്ടായിരുന്നു. ഏഷ്യാമൈനറിലെ ഏറ്റവും മനോഹരമായിരുന്ന സ്മുർന്ന ഇന്നു ഈസ്മിർ എന്നു അറിയപ്പെടുന്നു. ഏറ്റവും അധികം പീഡിപ്പിക്കപ്പെട്ട ക്രിസ്ത്യൻ സഭയായിരുന്നു അവിടെത്തേത്. ഏ.ഡി -64-ൽ നീറോ ചക്രവർത്തിയുടെ കാലത്തുണ്ടായ പീഡനം മുതൽ ഏ.ഡി. 310-ൽ ഡയോക്രീഷ്യന്റെ കാലത്തു വരെ അതികഠിനമായ പീഡനം സഭ നേരിട്ടതിനാൽ ഈ കാലത്തെ പീഡിത സഭയുടെ കാലഘട്ടം എന്നാണ് അറിയപ്പെടുന്നത്. ഇവിടെത്തെ പീഡനകാലയളവിലാണ് സ്മർന്നയുടെ ബിഷപ്പായിരുന്ന പോളിക്കാർപ്പ് തക്തസാക്ഷിയായി മരിച്ചത്. ഏഷ്യാമൈനറിന്റെ പടിഞ്ഞാറെ തീരത്തുള്ള ഒരു പുരാതനപട്ടണമാണ് സ്മുർന്ന, ഇന്ന് ഇത് തുർക്കിയുടെ തുറമുഖപട്ടണമാണ്. ഈ നഗരത്തെ ഏഷ്യയുടെ കിരീടം എന്നാണ് ചരിത്രക്കാരന്മാർ വിളിക്കുന്നത്. വെളിപ്പാട്.2:9-ൽ സാത്താന്റെ പള്ളി എന്നു പറയുന്നത് അവിടെത്തെ ദൈവത്തെയല്ല സാത്താനെ ആരാധിച്ചിരുന്നതിലാണ്. അപ്പോൾ പുരാതനകാലം മുതൽ സാത്താൻ ആരാധന നിലവിലിരുന്നു. പിശാചിനെ ആരാധിക്കുന്ന ഒരു വലിയ സമൂഹം ലോകത്തുണ്ട്. ഭൗതീകനേട്ടങ്ങളിലും സ്ഥാനമാനങ്ങളിലും ഊന്നൽ കൊടുത്തു എന്ത് വെട്ടിപ്പും തട്ടിപ്പും അഴിമതികളും നടത്തുന്നവർ സാത്താന്റെ ആരാധകരാണ്, കേരളത്തിൽ തിരുവനന്തപുരത്തും മറ്റുപല പട്ടണങ്ങളിലും സാത്താൻ പള്ളികളും ആരാധനകളും നടക്കുന്നുണ്ട്. ഇന്ത്യയിൽ ഇതിനു സമാനമായ ക്ഷേത്രങ്ങളും പ്രതിമകളും അമ്പലങ്ങളും സർപ്പകാവുകളും നിലനിൽക്കുന്നുണ്ട്.

(കടപ്പാട്: മിഷനറിനാദം, ഒക്ടോബർ 2013 പോൾ മലയടി, നാഗ്പ്പൂർ, പേജ്: 6)

സാത്താൻ ആരാധനയെക്കുറിച്ച് പറയുമ്പോൾ മനുഷ്യഹൃദയത്തെ ഇരുട്ടാക്കുന്നവനാണ് സാത്താൻ, 2കൊരി:4:4 വഴിതെറ്റിക്കുന്ന വഞ്ചകനാണ്, ഉല്പ: 3: 14, പാപം ചെയ്യുവാൻ പ്രേരിപ്പിക്കുന്നവനാണ്, 2കൊരി:11:14. സാത്താൻ ഉപയോഗിക്കുന്ന ചിലതന്ത്രങ്ങളുണ്ട്-

1. അലസത
2. സമയം പാഴാക്കുന്നത്
3. തിരക്ക്
4. ആധുനിക മാധ്യമങ്ങൾ
5. നിരാശയും ആകുലതയും
6. സമ്പത്തും ദാരിദ്രവും
7. ലോകഭ്രമങ്ങൾ
8. പദവി, അധികാരം, പ്രശസ്തി എന്നിങ്ങനെയുള്ള തന്ത്രങ്ങൾ ഉപയോഗിച്ച് മനുഷ്യരെ തെറ്റിക്കുന്നു. ഇതെല്ലാം അന്ത്യക്കാലത്ത് സംഭവിക്കും എന്നുള്ളത് ഒട്ടുമിക്ക പുതിയനിയമ എഴുത്തുക്കാരും സൂചിപ്പിക്കുന്നു.

ഇന്നത്തെ തെറ്റായ ഉപദേശങ്ങ...


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

## എനിക്കും പറയാനുണ്ട്



# പാളം തെറ്റിയ ഡോ. ഏഴംകുളം സാംകുട്ടിക്ക് ഒരു തുറന്ന കത്ത്



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

*പാളം തെറ്റിയ ഡോ. ഏഴംകുളം സാംകുട്ടിക്ക് ഒരു തുറന്ന കത്ത്.*

അമേരിക്കയിൽ സസുഖം വാണരുളുന്ന ഡോ. ഏഴംകുളം സാംകുട്ടി വായിച്ചറിയുവാൻ,

ഫെയ്സ് ബുക്കിൽ ഞാനിട്ട രണ്ട് പഴയ പോസ്റ്റുകളുടെ അടിയിൽ താങ്കൾ പ്രതിഷ്ഠിച്ച ഒരു വ്യാജപ്രസ്താവന കണ്ടു. Benny Muttom's false accusations - part1 എന്ന ആ പ്രസ്താവനയിൽ ബിലീവേഴ്സ് ജേണൽ, രാജൻ ആര്യപ്പള്ളിൽ ഒപ്പം എന്നെയും പരമാർശിച്ചിരിക്കുന്നത് കണ്ടപ്പോൾ കാര്യം അറിയുവാൻ അത് വായിക്കേണ്ടി വന്നു. കൂടാതെ കഴിഞ്ഞദിവസം താങ്കളുടെ ഒരു നീണ്ട കത്ത് ഈ-മെയിലിലൂടെ ലഭിക്കുകയുണ്ടായി. അതിൽ താങ്കൾ ചർച്ച് ഓഫ് ഗോഡിൽ നിന്ന് രാജി വയ്ക്കുന്നു എന്നാണ് തലക്കെട്ട് കണ്ടത്. അതിന്റെ ഉള്ളടക്കം ചില ഗൂഢ ലക്ഷ്യത്തോടെ ആണ് എന്നത് നിസ്തർക്കം. അത് വായിച്ചാൽ താങ്കളുടെ ഡോക്ടേറ്റ് അശ്ലീല സാഹിത്യത്തിലാണോ എന്ന് തോന്നിപ്പോകും. (താങ്കൾ അയച്ച് ഊമക്കത്തുകളും ഇതേ നിലവാരത്തി ൽ ഉള്ളതാണല്ലോ.) ഒരു ദൈവദാസനെ തകർക്കുവാൻ ഇത്രയും തരംതാഴുവാൻ താങ്കൾക്ക് എങ്ങനെ കഴിഞ്ഞു. താങ്കളോട് ചില കാര്യങ്ങൾ വിശദീകരിക്കുന്നതിനുമുമ്പ് ഒരു കാര്യം ആത്മാർത്ഥമായി ചോദിക്കട്ടെ. താങ്കളുടെ മാനസികനിലയ്ക്ക് എന്തെങ്കിലും പ്രശ്നമുണ്ടോ? അത്തരം മനുഷ്യർ മാത്രമേ ഇത്തരം വ്യാജങ്ങൾ പറയുകയുള്ളൂ. ഇനി കാര്യത്തിലേക്ക് കടക്കാം.

### അല്പം പഴയകാല കാര്യങ്ങൾ

ഞാൻ രക്ഷിക്കപ്പെട്ട നാൾ മുതൽ ഡോ. ഏഴംകുളം സാംകുട്ടി എന്ന പേര് ബഹുമാനത്തോടെയാണ് കേട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ താങ്കളുടെ പുസ്തകങ്ങൾ വായിക്കുകയും പ്രസംഗങ്ങൾ ശ്രവിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ പാളം തെറ്റിയ തീവണ്ടിയും ഉൾപ്പെടുന്നു. താങ്കളുമായി അക്കാലത്ത് നേരിൽ സംസാരിക്കുകയോ പരിചയപ്പെടുകയോ ചെയ്തിട്ടില്ല. ചർച്ച് ഓഫ് ഗോഡുകാരൻ എന്ന നിലയിലും താങ്കളെക്കുറിച്ച് ഞാൻ അഭിമാനം കൊണ്ടിരുന്നു.

### ഇനി വർത്തമാനകാല കാര്യങ്ങളിലേക്ക്

ബിലീവേഴ്സ് ജേണൽ ആരംഭിക്കുന്നതിന് നാളുകൾക്കുമുമ്പേ സഹോദരൻ അനിൽ കൊടിത്തോട്ടം റീഡേഴ്സ് ജാലകം എന്ന പത്രത്തിൽ പാളം തെറ്റിയ തീവണ്ടിയെക്കുറിച്ച് ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നുപോലും (ആ ലേഖനം ഇതുവരെയും ഞാൻ കാണുകയോ വായിക്കുകയോ ചെയ്തിട്ടില്ലായിരുന്നു. എന്നാൽ ജനം സത്യം അറിയുവാൻ ആ ലേഖനം ഈ ലക്കത്തിൽ പുനഃപ്രസിദ്ധീകരിക്കുകയാണ്. അങ്ങനെ അത് ഞാനും വായിച്ചു). ബിലീവേഴ്സ് ജേണൽ പത്രത്തിൽ ശ്രീ. അനിൽ കൊടിത്തോട്ടം എഴുതുവാൻ ആരംഭിച്ചതുമുതൽ താങ്കളുടെ ശത്രുത ഞങ്ങളോട് ആരംഭിച്ചിരുന്നു എന്നതാണ് യാഥാർത്ഥ്യം. അന്നുമുതൽ തന്നെ ബിലീവേഴ്സ് ജേണലിനെ തകർക്കുവാനും ഉപദ്രവിക്കുവാനും ഒളിഞ്ഞും തെളിഞ്ഞും താങ്കൾ ശ്രമിച്ചുകൊണ്ടിരുന്നു. ചെറിയ വിമർശനങ്ങളിൽപോലും വലിയ അസഹിഷ്ണത പുലർത്തുന്ന താങ്കൾ പത്രക്കാരുടെ ഇടയിൽ ഭിന്നത ഉണ്ടാക്കുവാൻ ശ്രമിച്ചു. തിരുവല്ലയിലെ ചില മാധ്യമപിമ്പുകളെ കൂട്ടുപിടിക്കുകയും അതിനായി യത്നിക്കുകയും ചെയ്തുകൊണ്ടിരുന്നു. ബിലീവേഴ്സ് ജേണലിൽ എഴുതരുത് എന്ന് പലപ്പോഴും പലരേയും താങ്കൾ വിളിച്ചുപറഞ്ഞിട്ടുണ്ടല്ലോ. പിന്നീട് എന്നെ നേരിട്ട് വിളിക്കുകയും അനിൽ കൊടിത്തോട്ടം, രാജൂ ആനിക്കാട് തുടങ്ങിയവർക്കെതിരെ വർഗ്ഗീയ ചുവയോടെ സംസാരിക്കുകയും അവരെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തത് ഓർക്കുന്നുണ്ടല്ലോ. പൊതുവെ ശാന്തനായ രാജൂ ആനിക്കാടിനെ ഫോണിൽ വിളിച്ച് ചൂടാകുകയും നിന്റെ സന്തതിക്ക് ഗുണം പിടിക്കില്ലെന്ന് ശപിക്കുകയും ചെയ്ത താങ്കളിൽ ഉള്ള ആത്മാവ് എന്താണ്?.

ഇതിനുമുമ്പ് ഒരു വരിപോലും ഏഴംകുളം സാംകുട്ടിയെക്കുറിച്ചോ അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചോ ഞാൻ എഴുതിയിട്ടില്ല. സാഹിത്യ നിരൂപണം നടത്താനുള്ള കഴിവും എനിക്കില്ല. എന്നിട്ടും എന്നെ ഗുണ്ടയാണ്, ചട്ടമ്പിയാണ് എന്നൊക്കെ താങ്കൾ പ്രസ്താവനകളിലും ഊമക്കത്തിലും എന്നെക്കുറിച്ച് എഴുതുവാനുള്ള കാരണം എന്താണ്. എന്റെ ശരീരവലിപ്പമാണ് അതിന്റെ കാരണമായി താങ്കൾക്ക് തോന്നിയതെങ്കിൽ അത് എന്റെ കുഴപ്പമല്ല. അതിന് പിതാവിൽ നിന്നു ജനിക്കുക എന്നു പറയും.

സ്വന്തം പേരിനും പ്രശസ്തിക്കും വേണ്ടി പണം മുടക്കുകയും പത്ര മാധ്യമങ്ങളിൽ പരസ്യം ചെയ്യുകയും ചെയ്യുന്ന ഒരു അല്പനായിട്ടാണ് എനിക്ക് താങ്കളെക്കുറിച്ച് തോന്നിയിട്ടുള്ളത്. സ്വയം പ്രശസ്തനാകുവാനും എന്തെക്കെയൊ ആണെന്ന് വരുത്തിതീർക്കുവാനും നടത്തുന്ന ശ്രമങ്ങൾ പലപ്പോഴും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. പാളം തെറ്റിയ തീവണ്ടിയെക്കുറിച്ച് ബിലീവേഴ്സ് ജേണലിൽ സാംകുട്ടി തന്നെ പോസിറ്റീവായി എഴുതണമെന്ന് എന്നോട് താങ്കൾ പറഞ്ഞപ്പോഴും എനിക്ക് അതേ വികാരമാണ് തോന്നിയിട്ടുള്ളത്. താങ്കളുടെ 50 ഡോളറിനുവേണ്ടി ഓച്ചാനിച്ചു നിൽക്കുന്നവരും കാൽ കഴുകികുടിക്കുന്നവരും പത്രക്കാരുടെ ഇടയിൽ ഉണ്ടാകാം. അത്തരം മാധ്യമപിമ്പുകളുടെ സഹായത്തോടെ ഞെളിയുവാനും കഴിയും. തെങ്ങിനും കമുകിനും ഒരേ തളപ്പ് ഇടുവാനുള്ള താങ്കളുടെ ശ്രമം ജേണലിന്റെ അടുക്കൽ മാത്രം നടന്നില്ലായെന്ന നിരാശ താങ്കൾക്ക് ഉണ്ട് എന്നെനിക്കറിയാം.

താങ്കളുടെ പേരെഴുതി അമ്മായിയമ്മയുടെ ശവശരീരത്തിൽ വെച്ച റീത്തിനെക്കുറിച്ച് ഫെയ്സ്ബുക്കിൽ ഇട്ട പ്രസ്താവനയ്ക്ക് മറുപടി അർഹിക്കുന്നില്ലായെങ്കിലും ബിലീവേഴ്സ് ജേണലിനെയും എന്നെയും അതിലേക്ക് വലിച്ചിഴച്ചതുകൊണ്ട് മറുപടി പറയട്ടെ. ആരുടെയോ നെഞ്ചത്ത് താങ്കളുടെ പേരെഴുതി വെച്ച റീത്തിന്റെ ഫോട്ടോ ഞാൻ ഇതുവരെയും കണ്ടിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഇക്കഥ കേട്ടിട്ടുണ്ട് എന്നുമാത്രം. താങ്കളോട് എതിരുള്ള ആരോ (ഭാര്യവീട്ടുകാരിൽ ആരോ) ആണ് ഈ പണി ഒപ്പിച്ചതെന്ന് പറയുമ്പോൾ തന്നെ സ്വന്തം ഭാര്യാഗൃഹത്തിൽ എതിരാളികളുള്ള സുവിശേഷകനാണ് താങ്കളെന്ന് തെളിഞ്ഞല്ലോ. പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ ആണ് ഈ ഫോട്ടോ ഡി. റ്റി. പി. സെന്ററിൽ അയച്ചുകൊടുത്തത് എന്നു പ്രസ്താവനയിൽ പറയുന്ന താങ്കൾ എന്ത് അടിസ്ഥാനത്തിലാണ് ബിലീവേഴ്സ് ജേണലിനെയും എന്നെയും അതിലേക്ക് വലിച്ചിഴച്ചത്. താങ്കളുടെ പേരെഴുതിയ റീത്ത് ആരുടെ നെഞ്ചത്തുവേണേലും വെച്ചുകൊള്ളുക. ദയവായി അതിലേക്ക് ഞങ്ങളെ വലിച്ചിഴയ്ക്കാതിരിക്കുക. താങ്കൾ അല്പനാണെന്നും അർത്ഥം കിട്ടിയാൽ അർദ്ധരാത്രിക്കും കുടപിടിക്കുന്നവന് സമമാണെന്നും ഞാൻ വിശ്വസിക്കുന്നു. സ്വന്തം മഹത്വം കൂലികൊടുത്തും അല്ലാതെയും മറ്റുള്ളവരെക്കൊണ്ട് പറയിപ്പിക്കുവാൻ സമർത്ഥനാണെന്നും അറിയാം. അമ്മായിയമ്മയ്ക്ക് താങ്കളുടെ പേരെഴുതി ഭാര്യാവീട്ടിലുള്ള എതിരാളികൾ ആരോ റീത്ത് വെച്ചതെന്ന് താങ്കൾ തന്നെ പറയുന്ന കഥയുടെ പേരിൽ വല്ലവരുടെയും നെഞ്ചത്തുകയറുവാനുള്ള താങ്കളുടെ ശ്രമം നന്നല്ലല്ലോ (ഈ റീത്ത് താങ്കൾ തന്നെ വെപ്പിച്ചതാണെന്ന് സംശയിച്ചാലും തെറ്റുപറയാനാവില്ല).

ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ ഒരു പ്രോഗ്രാമിൽ പങ്കെടുക്കാൻ എത്തിയ സുപ്രസിദ്ധനായ ഒരു സാഹിത്യകാരൻ പ്രോഗ്രാമിനുശേഷം ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ ഡോ. ഏഴംകുളം സാംകുട്ടി എന്നെ വിളിച്ചിരുന്നു ഞാൻ അത് പറയാൻ മറന്നുപോയി എന്നു പറയുകയുണ്ടായി. എന്താണ് കാര്യം എന്ന് അന്വേഷിച്ചപ്പോൾ പാളം തെറ്റിയ തീവണ്ടി എന്ന പുസ്തകത്തെക്കുറിച്ച് നന്നായി മീറ്റിംഗിൽ പറയണമെന്ന് താങ്കൾ ആവശ്യപ്പെട്ടിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഇതിനെ ഞങ്ങളുടെ നാട്ടിൽ അല്പത്തരം എന്നാണ് പറയുന്നത്.

ഇപ്പോൾ ഒരു കാരണവും ഇല്ലാതെ ബിലീവേഴ്സ് ജേണലിനെ വിവാദത്തിലേക്ക് വലിച്ചിഴച്ച താങ്കളുടെ നടപടിയുടെ പിന്നിൽ എന്താണ് കാരണമെന്ന് അരിയാഹാരം കഴിക്കുന്ന എല്ലാവർക്കും മനസിലാകും. ആ വിഷയത്തിലേക്ക് വരട്ടെ.

2014-ൽ എനിക്ക് അമേരിക്കൻ സന്ദർശന വിസ ലഭിക്കുകയുണ്ടായി. ഞാൻ അമേരിക്കയിലേക്ക് പോകുന്നതിനുമുമ്പ് പലപേജുകളുള്ള ഒരു ഊമക്കത്ത് കേരളത്തിലും അമേരിക്കയിലും വ്യാപകമായി പ്രചരിച്ചു. രാജൻ ആര്യപ്പള്ളിൽ, കെ. എൻ. റസ്സൽ തുടങ്ങിയവരുൾപ്പെടെ അനേകരെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള ഊമക്കത്തായിരുന്നു പ്രചരിച്ചത്. നല്ല ഒഴുക്കോടെയുള്ള ഇംഗ്ലീഷ് ഭാഷയിലെഴുതിയ ആ കത്തിൽ ബിലീവേഴ്സ് ജേണലിനെയും എന്നെയും താറടിച്ച് എഴുതിയിരുന്നു. അക്കാലത്തുതന്നെ ഡോ. ഏഴംകുളം സാംകുട്ടിയുടെ കൈ ഇതിന്റെ പിറകിൽ ഉണ്ടെന്ന് അനേകർ പറഞ്ഞുകേട്ടിരുന്നു. എന്നാൽ അത് വിശ്വസിക്കുവാൻ സാധിച്ചിരുന്നില്ല. 2016-ൽ ഫെബ്രുവരിയിൽ ഞാൻ അമേരിക്കയിലേക്ക് പോയി. ആ യാത്ര അധികം ആരും അറിഞ്ഞിരുന്നില്ല. എന്നാൽ ഞാൻ അ വിടെയെത്തി ഒരുമാസം ആയപ്പോഴേക്കും എന്റെ ഫോട്ടോ വെച്ച് വളരെ മോശമായി ചിത്രീകരിച്ച് വീണ്ടും ഒരു ഊമക്കത്ത് പ്രചരിക്കുവാൻ തുടങ്ങി. പഴയ കത്തിനോട് സമാനമായ കത്ത് ആയിരുന്നു ഇതും (ആവശ്യമെങ്കിൽ രണ്ടു ഊമക്കത്തുകളും പ്രസിദ്ധീകരിക്കും).

എന്നാൽ ഈ കത്തിന്റെ പിന്നിൽ താങ്കളാണെന്ന് ഫെയ്സ്ബുക്കിലും മറ്റും വരുവാൻ തുടങ്ങി. ഞങ്ങൾ പ്രതികരിക്കാതെ തന്നെ ഈ കാര്യം മാലോകർ അറിഞ്ഞു. അതിന്റെ വൈക്ലബ്യം മാറ്റുവാനുള്ള താങ്കളുടെ ശ്രമമാണ് ഈ ഫെയ്സ്ബുക്ക് പ്രസ്താവനയെന്ന് ഉറപ്പാണ്. അമേരിക്കയിലിരുന്ന് കേരളത്തിൽ രാഷ്ട്രീയം കളിക്കുന്ന ആളാണ് താങ്കൾ. കുത്തിതിരിപ്പ്, ഗ്രൂപ്പുണ്ടാക്കൽ, തമ്മിലടിപ്പിക്കൽ, പാര വെപ്പ് തുടങ്ങിയ പല കലാപരിപാടികളും താങ്കൾ കഴിഞ്ഞ നാളുകളിലായി ചെയ്തുവരാറുണ്ട്. ഇന്നലെ പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കലിനെ വിളിച്ച താങ്കൾ ചർച്ച് ഓഫ് ഗോഡ് ഇലക്ഷനിൽ പാസ്റ്റർ സി. സി. തോമസിനെ പിന്തുണയ്ക്കരുതെന്നും ബിലീവേഴ്സ് ജേണലിൽ ലേഖനങ്ങൾ എഴുതരുതെന്നും ആവശ്യപ്പെട്ടല്ലോ. അല്പനെന്നതിനു പകരം ഡോ. ഏഴംകുളം സാംകുട്ടി എന്ന് മലയാളഭാഷയിൽ എഴുതേണ്ടിവരും.

സ്വന്ത രചനകളുടെ പതിനായിരക്കണക്കിന് കോപ്പികൾ അച്ചടിപ്പിക്കുകയും കൂലികൊടുത്ത് ആളുകളെ നിർത്തി എല്ലാവർഷവും കുമ്പനാട്ടും തിരുവല്ലയിലും കൺവൻഷൻ സമയത്ത് വാരിവലിച്ച് വിതരണം ചെയ്യുകയും ചെയ്യുന്ന താങ്കൾ നടത്തുന്നത് എന്ത് സുവിശേഷ പ്രവർത്തനമാണ്. കൺവൻഷൻ കഴിയുമ്പോൾ നൂറുകണക്കിന് കോപ്പികൾ മൈതാനത്തും റോഡിലും ചവിട്ടിമെതിക്കപ്പെട്ട് കിടക്കുന്നത് കാണുമ്പോൾ താങ്കളോട് സഹതാപം ആണ് തോന്നാറുള്ളത്. അമേരിക്കൻ ഡോളറിന്റെ അഹങ്കാരത്തിൽ താങ്കൾ പ്രശസ്തിക്കുവേണ്ടി നടത്തുന്ന കോപ്രായങ്ങൾ ചിന്തിക്കുന്നവരെ അന്ധാളിപ്പിക്കും. അമേരിക്കയിലെ സുഖലോലുപത തേടിപ്പോകുകയും കംഫർട്ട് സോണിൽ ഇരുന്നുകൊണ്ട് ഇന്ത്യൻ സുവിശേഷകരെയും മറ്റും വിമർശിക്കുകയും ചെയ്യുവാൻ താങ്കൾക്ക് എന്ത് അവകാശമാണുള്ളത്. ഇന്ത്യൻ സുവിശേഷീകരണത്തിന് എന്ത് സംഭാവനയാണ് താങ്കളുടേതായി ഉള്ളത്. എന്തുകൊണ്ട് അമേരിക്കൻ തണൽ ഉപേക്ഷിച്ച് ഇന്ത്യയിലെ ചൂടിലേക്ക് വരുവാൻ കഴിയുന്നില്ല. സുവിശേഷം കേട്ടിട്ടുള്ളവരുടെയിടയിൽ മാത്രം വലിയ പരസ്യം കൊടുത്ത് എഴുന്നള്ളാറുള്ള താങ്കൾ ഇവിടുത്തെ സുവിശേഷകരെ ഉപദേശിക്കുവാൻ അർഹനാണോ? എന്റെ മറുപടി താങ്കളുടെ കുടുംബത്തെക്കുറിച്ചോ വ്യക്തിപരമായ താങ്കളുടെ ജീവിതത്തെക്കുറിച്ചോ അല്ല. ആത്മീയതയുടെ മുഖംമൂടിക്കുള്ളിൽ ഒളിച്ചിരിക്കുന്ന കപടതയെ കുറിച്ചു മാത്രമാണ്. ഊമക്കത്തുകളെഴുതുകയും പകയുടെയും വിദ്വേഷത്തിന്റെയും വിത്ത് വിതയ്ക്കുകയും ചെ യ്യുന്ന താങ്കൾ പകയുള്ള പാമ്പിനെപ്പോലെയാണെന്ന് അറിയാം. അതുകൊണ്ടുതന്നെ സ്നേഹത്തോടെ ഒരു കാര്യം ഓർമ്മിപ്പിക്കട്ടെ. താങ്കൾ താങ്കളുടെ വഴിയെ യാത്രചെയ്യുക. ബിലീവേഴ്സ് ജേണലിന്റെയും പ്രവർത്തകരുടെയും വഴിയിൽ വരാതിരിക്കുക. ഊമകൾ കത്ത് എഴുതും. അല്ലാത്തവർ സംസാരിക്കും. സാഹിത്യരംഗത്തും മറ്റും താങ്കൾക്കുള്ള സ്ഥാനം മറക്കാതിരിക്കുക. ഇനിയും അതിരുവിടുവാനാണ് താങ്കളുടെ ശ്രമമെങ്കിൽ ഒരു തുറന്ന യുദ്ധത്തിനു തയ്യാർ. സാംകുട്ടി മാത്യു എന്ന ഞാൻ പെന്തെക്കോസ്തിലെ സാധാരണക്കാരനാണ്. അതുകൊണ്ടുതന്നെ എനിക്ക് ന ഷ്ടപ്പെടുവാൻ ഒന്നുമില്ല. ചർച്ച് ഓഫ് ഗോഡിൽ താങ്കളുടെ പാരമ്പര്യത്തെക്കുറിച്ചും ബന്ധുബലത്തെക്കുറിച്ചും പ്രസ്താവനയിൽ വായിച്ചു. എന്നാൽ അത്തരം ബന്ധുബലവും പാരമ്പര്യവും എനിക്കിവിടെയില്ല. അതാണ് എന്റെ ഭാഗ്യവും.

ചർച്ച് ഓഫ് ഗോഡ് ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണെന്നും കത്തിക്കുത്തും വെടിവെപ്പും അടിപിടിയും കൊലപാതകവും സഭയിൽ ഉണ്ടാകുവാൻ സാധ്യതയുണ്ടെന്നും പോലീസും പട്ടാളവും ഇറങ്ങേണ്ടിവരുമെന്നുള്ള ആശങ്കയോടെയും കോടികളുടെ നഷ്ടം സഭയ്ക്കുണ്ടാകുമെന്നും അതിനാൽ പ്രാർത്ഥിക്കണമെന്നൊക്കെ പറഞ്ഞ് എല്ലാ സഭകൾക്കും അയച്ച കത്ത് എന്തിനുവേണ്ടിയാണ്? ഇതിന്റെ പിന്നിലെ ചേതോവികാരം എന്താണ്? പ്രാർത്ഥിക്കണമെന്ന് കത്ത് എഴുതുകയും മറുവശത്ത് തനിക്ക് താല്പര്യമില്ലാത്ത സ്ഥാനാർത്ഥിക്കെതിരെ അപവാദവും ഏഷണിയും പറഞ്ഞ് എതിർസ്ഥാനാർത്ഥിക്കുവേണ്ടി ഇവിടെയുള്ള ശുശ്രൂഷകരെ ഫോണിൽ വിളിക്കുന്ന താങ്കളിൽ വ്യാപരിക്കുന്നത് ഏതാത്മാവാണ്. താങ്കളുടെ എഴുത്തിൽ നിന്നുതന്നെ ദൈവസഭയിൽ ഒരു സംഘർഷം ഉണ്ടാക്കുവാൻ ഒരു ഗൂഢാലോചന താങ്കളുടെ നേതൃത്വത്തിൽ നട

08

## ചോദ്യോത്തരവേദി

# കർത്താവിന്റെ ദർശനം ആഗ്രഹിക്കാമോ?

*ചോദ്യം:* പല വിശ്വാസികളും കർത്താവിന്റെ ഒരു ദർശനം ആഗ്രഹിക്കുന്നവരാണ്. ഞാനും ആഗ്രഹിക്കുന്നു. സുവിശേഷം പ്രചരിപ്പിക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളായ അഫ്ഗാനിസ്ഥാൻ, ഇറാൻ, പാക്കിസ്ഥാൻ മുതലായ രാജ്യങ്ങളിൽ പലർക്കും കർത്താവ് നേരിട്ട് ദർശനം കൊടുത്തതായി പുസ്തകങ്ങളിൽ നിന്ന് വായിച്ചറിഞ്ഞു. എനിക്കൊരു ദർശനം കിട്ടിയിരുന്നെങ്കിൽ വളരെ അനുസരണയുള്ള ഒരു വിശ്വാസിയായി ജീവിക്കുമായിരുന്നു എന്ന് ഞാൻ ചിന്തിക്കുന്നു. എന്റെ ആഗ്രഹത്തിന് എന്തെങ്കിലും തെറ്റുണ്ടോ?

**– ചെറിയാൻ, ചങ്ങനാശ്ശേരി**



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

*ഉത്തരം:* നിങ്ങളേറ്റവും സ്നേഹിക്കുന്ന വ്യക്തിയെ നേരിട്ട് കാണാൻ ആഗ്രഹിക്കുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ കർത്താവൊരു ദർശനം തന്നതുകൊണ്ട് നല്ലൊരു ക്രിസ്ത്യാനിയായി ജീവിക്കുമെന്ന് ഉറപ്പൊന്നും തരാൻ നിങ്ങൾക്ക് സാധിക്കയില്ല. ചരിത്രമതാ ണ് പഠിപ്പിക്കുന്നത്. കാരണം, ഏതൊരു തലമുറയിലും പെട്ടവരേക്കാളും കൂടുതൽ ദൈവത്തിന്റെ സാമിപ്യം അനുഭവിച്ചവരാണ് മോശെയുടെ നേതൃത്വമുണ്ടായിരുന്ന ഇസ്രായേൽ ജനത. തങ്ങൾക്കൊന്നും സംഭവിക്കാതെ, ഈജിപ്തുകാർ പത്ത് ബാധകളാൽ കഷ്ടപ്പെടുന്നത് അവർ നേരിൽ കണ്ടു. കടൽ അത്ഭുതകരമായി വിഭജിക്കപ്പെട്ടതുകൊണ്ട് അവർ അതിൽകൂടി നടന്നു. പകൽ മേഘസ്തംഭവും രാത്രി അഗ്നിതൂണും അവർ ദർശിച്ചു. ദിവസവും ഭക്ഷിക്കാൻ അവർക്ക് 'മന്നാ' അസ്വാഭാവികമായി ലഭിക്കുന്നത് അവർ അനുഭവിച്ചു. ദൈവത്തിന്റെ സാമിപ്യം കൊണ്ട് സീനായി പർവ്വതം കുലുങ്ങുന്നതും ദൈവത്തിന്റെ ശബ്ദവും അവർ വ്യക്തമായി കേട്ടു. ദിവസവും ദൈവസാമിപ്യം അവർ കണ്ടു; അനുഭവിച്ചു. എന്നാൽ അവർ അനുസരണയുള്ളവരായി ജീവിച്ചില്ല. കനാൽദേശത്ത് കടക്കാതെ മരുഭൂമിയിൽ എല്ലാവരും മരിച്ചുവീണു –ജോഷ്വായും കാലേബും ഒഴികെ. അഹരോനും മിര്യാമും മോശെയും യാത്രയിൽ മരിച്ചു. ദൈവസാമിപ്യത്തിന്റെ കൂടെ ന്യായമായ വിധിയും പിന്തുടരുന്നതിനാൽ **ദൈവസാമിപ്യം ഒരു തരത്തിൽ അപകടകരമാണ്.**

അപ്പൊസ്തല പ്രവൃത്തികൾ നോക്കിയാൽ, ആദിമ സഭയിൽ ദൈവാത്മാവ് സഭയിലുണ്ടായിരുന്നു. അതുകൊണ്ട് പാപത്തിന് ഉടൻ ശിക്ഷയുമുണ്ടായിരുന്നു. അനന്യാസും സഫീറയും ചെറിയ കള്ളം പറഞ്ഞപ്പോൾ മരിച്ചുവീണു. (ഇന്നത്തെ വിശ്വാസനായകന്മാർ പലരും പെരുങ്കള്ളം പറഞ്ഞാലും തീവെട്ടി കൊള്ള നടത്തിയാലും ഒരു പനിപോലും അവർക്കു വരുന്നില്ല. അതായത് ദൈവാത്മാവ് അവരുടെ ഇടയിൽ ഇല്ലാത്തതുകൊണ്ടാവാം). എലീമസ് അതായത് ബർയേശു പൗലോസിന്റെ പ്രസംഗം എതിർത്തപ്പോൾ കണ്ണിന്റെ കാഴ്ചശക്തി നശിച്ചു. ഹെരോദാ രാജാവ് ദൈവത്തിന് മഹത്വം കൊടുക്കാഞ്ഞതിനാൽ ദൈവദൂതന്റെ അടിയേറ്റ് മരിച്ചുവീണു. കൊരിന്തിലെ സഭാംഗങ്ങൾ അന്യഭാഷയിൽ ദൈവത്തെ സ്തുതിച്ചു; പ്രവചിച്ചു; രോഗികളെ സൗഖ്യമാക്കി; പക്ഷെ സഭയിലെ അംഗങ്ങൾ പലരും രോഗികളായി സമയത്തിന് മുൻപേ മരിച്ചു (1 കൊരിന്ത്യർ 11:30). മാനസാന്തരപ്പെടാതെ, സ്വയം വിധിച്ച് ക്രമീകരണം പ്രാപിക്കാതെ തിരുവത്താഴം ആചരിച്ചതുകൊണ്ടാണത് സംഭവിച്ചതെന്ന് വചനം വെളിപ്പെടുത്തുന്നു. **ദൈവഹിതത്തിന് വിരുദ്ധമായി ജീവിച്ചുകൊണ്ട് ദൈവസാമിപ്യത്തേക്ക് അടുത്താൽ അനുഗ്രഹത്തിന് പകരം ദുരന്തമായിരിക്കും ഫലം.**

ദൈവത്തിന്റെ ദർശനം ഉണ്ടായാൽ ഉത്തരവാദിത്വം കൂടും; കഷ്ടപ്പാടുകളും. അപ്പൊസ്തലനായ പൗലോസിന് കർത്താവ് ധാരാളം ദർശനം കൊടുത്തു (അപ്പൊ. പ്ര.26:16); ധാരാളം കഷ്ടപ്പാടുകളിൽ കൂടി കടന്നുപോകേണ്ടതായും വന്നു (2 കൊരി. 11:24).

എന്റെ ഒരു സുഹൃത്ത് തന്റെ ജോലിക്കാരനുമായി രാത്രിയിൽ സ്വന്തം വീട്ടിൽ വച്ച് മദ്യപിക്കുകയായിരുന്നു. ഭാര്യയും മൂന്ന് കുട്ടികളും ആ സമയത്ത് വീട്ടിലില്ലായിരുന്നു. മദ്യകുപ്പി പൊട്ടിച്ച് രണ്ട് ഗ്ലാസുകളും മേശപ്പുറത്ത് വച്ചശേഷം, മദ്യപാനം ആരംഭിക്കാറായപ്പോൾ സൂര്യനെപ്പോലെ പ്രകാശിക്കുന്ന ഒരു പ്രകാശഗോളം മുറിയിലേക്ക് കടന്നുവന്നു. ഇദ്ദേഹം ഭയപ്പെട്ട് മുട്ടിന്മേൽ നിന്നു. പ്രകാശഗോളം ഏതാണ്ട് രണ്ടു മണിക്കൂറോളം മുറിയിൽ ഉണ്ടായിരുന്നു. ജോലിക്കാരൻ ഭയപ്പെട്ട് ബോധം കെട്ട് വീണു. പ്രകാശഗോളം പോയപ്പോഴെക്കും മദ്യം ആവിയായിപ്പോകുകയും കുപ്പിയും ഗ്ലാസുകളും പൊടിഞ്ഞ് മൂന്നു കൂനകളായി മേശപ്പുറത്ത് ഇരിക്കുകയും ചെയ്തു. ഈ അനുഭവത്തിനു ശേഷം അദ്ദേഹം ഒരു ഭക്തനായി 3 വർഷം ജീവിച്ചു. ഈ കാലയളവിൽ മെഡിക്കൽ കോളെജിൽ നിന്ന് ഉപേക്ഷിക്കപ്പെട്ട ചില രോഗികൾ വരെ ഇദ്ദേഹത്തിന്റെ അടുക്കൽ വന്ന് സൗഖ്യം പ്രാപിച്ചിട്ടുണ്ട്. മൂന്നു വർഷത്തിനുശേഷം ഇദ്ദേഹത്തിന് ഭക്തനായി ജീവിക്കുന്നത് മടുക്കുകയും ദൈവീക കാര്യങ്ങളിൽ നിന്ന് മാറി പഴയ എല്ലാ ജഡിക ഉല്ലാസങ്ങളിലേക്ക് മടങ്ങിപ്പോകുകയും ചെയ്തു. ഉല്ലാസം കൂടിയപ്പോൾ സകല ഭൗതീകസമ്പത്തുകളും നഷ്ടപ്പെടുകയും ചെയ്തു. ഏതാണ്ട് 17 ഏക്കർ റബർതോട്ടം വിറ്റ് ഉല്ലസിച്ചു. ഇപ്പോൾ അദ്ദേഹം ഒരു ഡ്രൈവറായി ഒരു വിദേശ രാജ്യത്ത് ജോലി ചെയ്തു മക്കളെയെല്ലാം പഠിപ്പിക്കുന്നു. അദ്ദേഹം അവധിക്ക് വരുമ്പോഴെല്ലാം, അദ്ദേഹത്തിന്റെ പഴയ അനുഭവം ഞാൻ നിർബന്ധിച്ച് പറയിക്കാറുണ്ട്. അദ്ദേഹം ശുശ്രൂഷയിൽ നിന്ന് പിന്മാറിപ്പോയെങ്കിലും പഴയ അനുഭവത്തെ വളരെ ഉൽകൃഷ്ടമായിട്ടാണ് അദ്ദേഹം ഇപ്പോഴും ഓർക്കുന്നതും വിലയിരുത്തുന്നതും. ഒരു സ്വർഗ്ഗീയ അനുഭവം ഉണ്ടായതുകൊണ്ടോ, ഒരു രോഗശാന്തികൊണ്ടോ ഒരു വിടുതലുകൊണ്ടോ കർത്താവിനോടുള്ള സ്നേഹം നിലനില്ക്കണമെന്നില്ല.

വർഷങ്ങൾക്കുമുമ്പ് ഒരാളിൽ നിന്ന് പ്രാർത്ഥനായോഗത്തിൽ വെച്ച് ഭൂതം വിട്ടുപോയി. ഇദ്ദേഹത്തിന്റെ അസ്വസ്ഥതകളൊക്കെ മാറി, വിടുതലിന്റെ സന്തോഷംകൊണ്ട് കുറേനാൾ പരസ്യയോഗങ്ങളൊക്കെ നടത്തിക്കൊണ്ടിരുന്നു. ഇപ്പോൾ അദ്ദേഹം ഏത് ദൈവം? എന്ത് ദൈവം? എന്നൊക്കെ പറഞ്ഞ് മദ്യപാനിയായി നാട്ടിലൊക്കെ ശല്യം വിതറിക്കൊണ്ടുനടക്കുന്നു. ശുശ്രൂഷയിൽ വന്ന പലർക്കും ദൈവം ഭൗതിക നന്മകൾ കൊടുത്തപ്പോൾ, അദ്ദേഹത്തെ ദൈവം ഉയർത്തിയില്ല എന്നതാണ് പ്രധാന പരാതി.

## 01 ചർച്ച് ഓഫ് ഗോഡ്...

തോമസിനെ പിന്തുണയ്ക്കരുതെന്നും 14-ാം തീയതി നടക്കുവാൻ പോകുന്ന ഓവർസീയർ ഇലക്ഷൻ നടത്തിക്കരുതെന്നും ആവശ്യപ്പെടുകയുണ്ടായി. ഇലക്ഷൻ നടന്നാൽ പാസ്റ്റർ സി. സി. തോമസ് വിജയിക്കുമെന്നും അതുകൊണ്ടുതന്നെ ഇലക്ഷൻ തടയണമെന്നുമാണ് ഇദ്ദേഹം ആവശ്യപ്പെടുന്നത്. പാസ്റ്റർ സി. സി. തോമസിനെതിരെ അപവാദങ്ങളും അസത്യങ്ങളും ഇദ്ദേഹം വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ടെലിഫോൺ സംഭാഷണത്തിന്റെ രേഖകളുമായി നിയമനടപടികൾ അമേരിക്കയിലും ഇൻഡ്യയിലുമായി ആരംഭിച്ചുകഴിഞ്ഞു. മാത്രമല്ല വിശ്വാസികളിലും ശുശ്രൂഷകരിലും ആശങ്ക ഉളവാക്കി സംഘർഷ സാധ്യതയെന്ന കത്തുമായി ബന്ധപ്പെട്ടും നിയമവിദഗ്ദ്ധരുമായി കൂടിയാലോചന നടത്തുകയും നിയമ നടപടികളിലേക്ക് നീങ്ങുകയുമാണ്.

അമേരിക്കയിൽ ചില മാധ്യമ പ്രവർത്തകർക്കെതിരെ വ്യാപകമായി പ്രചരിച്ച ഊമക്കത്തിന്റെ പുറകിൽ ഇദ്ദേഹം ആണെന്ന് വ്യാപകമായി പറയപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് നിയമനടപടികളിലേക്ക് നീങ്ങുവാൻ അമേരിക്കയിലെ ചില മാധ്യമ പ്രവർത്തകർ നീക്കം ആരംഭിച്ചു കഴിഞ്ഞു.

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് മുൻ ഓവർസീയർ റവ. വി. സി. ഇട്ടിയുടെ ശവക്കല്ലറ സീയോൻ കുന്നിൽ നിന്ന് പൊളിച്ചുമാറ്റണം എന്ന് ആവശ്യപ്പെട്ട് അമേരിക്കയിലും കേരളത്തിലുമായി പ്രചരിച്ച കത്തിനുപിന്നിലും ഇദ്ദേഹം ആണെന്ന് അക്കാലത്ത് വ്യാപകമായ സംശയം ഉണ്ടായിരുന്നു. ഊമക്കത്തുകളിലെ ഭാഷയും ശൈലിയും വാക്കുകളും അന്നുതന്നെ ഇദ്ദേഹത്തിലേക്ക് സംശയത്തിന്റെ വിരൽ നീളുന്നതായിരുന്നു. ആംഗലേയ ഭാഷയിൽ വിദഗ്ദ്ധരായ പലരും ഇത് ശരി വെച്ചിരിക്കുന്നു. ഇ. സി. സാംകുട്ടിയുടെ ഇത്തരം പ്രവർത്തികളിൽ ആശങ്കാലുകരാണ് കേരളത്തിലെ ശുശ്രൂഷകരും വിശ്വാസികളും. കേരളത്തിലെ വിശ്വാസികളെ അവഹേളിക്കുന്നതും ആശങ്ക പരത്തുന്നതുമായ കത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നു കഴിഞ്ഞു. ജൂൺ 14-ന് ആരോഗ്യകരമായ നിലയിൽ ഓവർസീയർ ഇലക്ഷൻ നടക്കേണ്ടതിനു പകരം പരസ്പരം ഭിന്നതയും വിദ്വേഷവും വളർത്തി സംഘർഷം സൃഷ്ടിക്കുവാനുള്ള ശ്രമങ്ങൾ അപലപനീയമാണെന്ന് പ്രമുഖ വിശ്വാസികളും ശുശ്രൂഷകരും പറയുന്നു. ദൈവസഭയുടെ പോളിസിക്കനുസൃതമായി സമാധാനപരമായ തെരഞ്ഞെടുപ്പ് നടക്കുവാൻ പ്രാർത്ഥിക്കുക. കേരളത്തിലെ സഭകളിൽ സംഘർഷ സാധ്യത ഉണ്ടെന്ന് രേഖപ്പെടുത്തി അയച്ച കത്തിന് റവ. പി. ജെ. ജെയിംസ് അംഗീകരിക്കുന്നുണ്ടോ? ഔദ്യോഗികമായ യാതൊരു ചുമതലയും ഇല്ലാത്ത ആൾക്ക് ഇത്തരം തെറ്റിദ്ധാരണയും ആശങ്കയും ഉളവാക്കുന്ന കത്ത് അയയ്ക്കുന്നതിന് ആവശ്യമായ മേൽവിലാസങ്ങൾ നൽകിയത് ആരാണ്? ശുശ്രൂഷകരും വിശ്വാസികളും ദൈവസഭയിൽ പരസ്പര പൂരകങ്ങളായ ഘടകങ്ങൾ ആണെന്നിരിക്കെ പരസ്പരം വിദ്വേഷവും സംഘർഷവും വളർത്തുവാനുള്ള ശ്രമങ്ങൾ ചില കേന്ദ്രങ്ങൾ ബോധപൂർവ്വം നടത്തുകയാണ്. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ സമാധാനപരമായി വിശ്വാസികളുടെ അവകാശങ്ങൾ നടത്തിയെടുക്കണം. അതിന് ആവശ്യമായ ചർച്ചകൾ നടത്തുവാൻ സന്നദ്ധമാണെന്ന കത്ത് ഉത്തരവാദിത്വപ്പെട്ടവർ വേൾഡ് മിഷനിൽ നിന്നു നൽകിയിട്ടും യാഥാർത്ഥ്യം മറച്ചുവെച്ച് സംഘർഷം ഉണ്ടാക്കുവാനുള്ള ചിലരുടെ ശ്രമത്തിന്റെ ഭാഗമാണ് ഏഴംകുളം സാംകുട്ടിയുടെ കത്ത് വെളിവാക്കുന്നത്. മുട്ടനാടുകളെ തമ്മിലിടിപ്പിച്ച് ചോര കുടിക്കുന്ന കള്ളക്കുറുക്കന്റെ വേഷം ചിലർ ഇവിടെ കെട്ടി ആടുകയാണ്. മകൻ മരിച്ചാലും വേണ്ടില്ല മരുമകളുടെ കണ്ണീർ കാണണമെന്ന് ആഗ്രഹിക്കുന്ന അമ്മായിയമ്മയുടെ മനോഭാവത്തോടെ ദൈവസഭയുടെ നാശം ഉണ്ടായാലും സാരമില്ല തനിക്ക് താല്പര്യമില്ലാത്തവർ ഭരണത്തിൽ വരരുത് എന്ന് ചിന്തിക്കുന്ന ഇത്തരം ഇരുളിന്റെ ആത്മാവുള്ളവരെ ദൈവമക്കൾ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തണമെന്ന് പ്രമുഖരായ വിശ്വാസികളും ശുശ്രൂഷകരും അഭിപ്രായപ്പെട്ടു.

ഊമക്കത്തും വ്യാജപ്രചരണങ്ങളും നടത്തുന്നവർക്ക് ദൈവസഭയിൽ സ്ഥാനം ഉണ്ടാകരുതെന്നും അത്തരക്കാരെ ഒറ്റപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ഒരുകൂട്ടം വിശ്വാസികളും ശുശ്രൂഷകരും നിയമനടപടികളുമായി മുമ്പോട്ട് പോകുകയാണ്. ഇപ്പോൾ വ്യാപിച്ച കത്തിന്റെ ഉത്തരവാദിത്വം ഏഴംകുളം സാംകുട്ടിയോടൊപ്പം ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് നേതൃത്വത്തിനുമുണ്ട്.

## 12 മാധ്യമവിചാരം.......

അദ്ദേഹം വലിച്ചിഴക്കുന്നത് പൂർവ്വ വൈരാഗ്യത്തിന്റെ എരിയുന്ന പകയുടെ കനലിട്ട്, കഴിയുമെങ്കിൽ എന്നെയും കക്ഷി ചേർത്ത് അതിൽ ദഹിപ്പിക്കാനാണ്. മഹാനുഭവ, താങ്കൾ അങ്ങ് അമേരിക്കയിലും ഞാനിങ്ങ് കേരളത്തിലുമാണ്. മുളക്കുഴയിലും മറ്റും പണം മറിച്ച് വിലയ്ക്കെടുത്ത വേദിയിൽ വിവരക്കേടിന്റെ കോമരം തുള്ളൽ പ്രസംഗം എന്ന പേരിൽ താങ്കൾ ആടുന്നിടത്തുപോലും ഞാൻ വന്നിട്ടില്ല. ദയവായി എന്നെ എന്റെ വഴിക്ക് വിടുക. താങ്കൾ ഊമ സാഹിത്യമോ ആമ സാഹിത്യമോ ചമയ്ക്കുക. സ്വയം പണം കൊടുത്ത് പ്രമാണിയാണെന്ന് വരുത്തിതീർക്കാൻ എന്ത് വേലത്തരവും കാണിച്ചുകൊൾക. ചർച്ച് ഓഫ് ഗോഡ് ഇലക്ഷനിൽ ഇഷ്ടപ്പെട്ട വിധം പൊളിറ്റിക്സ് കളിച്ച് വെട്ടിനിരത്തുകയോ തല്പരരെ വിജയിപ്പിക്കുകയോ ചെയ്യുക. പക്ഷെ, ആരെങ്കിലും ഇത്തരം വിവരക്കേടുകണ്ട് പ്രതികരിച്ചുപോയാൽ സ്വന്തം നിലയിൽ തിരിച്ചടിക്കൂ. എന്തിനാണ് ഞങ്ങളുടെ ചിലവിൽ ഈ മുൻകൂർ ജാമ്യം? കേരളത്തിൽ എത്തുന്ന മുറയ്ക്ക് കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെത്തി ഒന്നു തളം വെച്ച് തിരിച്ചുപോയാൽ ഈ രോഗത്തിന് നേരിയ ശമനം കിട്ടും. അതു കഴിഞ്ഞിട്ടുമതി ടിനുവിന്റെ അത്ഭുതരോഗശാന്തി പ്രാപിക്കാൻ.

## എ വൺ നേടി



**ആറാട്ടുകുഴി:** ഐ.പി.സി സഭാംഗവും ആറാട്ടുകുഴി ബെ ഥസ്ത ഭവനിൽ ബിജുദാസ്-സിസിലി ദമ്പതികളുടെ മകൾ ജെമിമ. ബി.എസ് ചെമ്പൂർ സെ ന്റ് ജോസഫ് പബ്ലിക്ക് സ്കൂളി ൽ നിന്ന് സിബിഎസ്ഇ 10-ാം ക്ലാസ് പരീക്ഷയിൽ എല്ലാവിഷയങ്ങൾക്കും എ വൺ കരസ്ഥമാക്കി. പാസ്റ്റർ എസി. ഇ. ജ്ഞാ നദാസിന്റെ മകന്റെ മകളാണ് ജെമിമ.

## വ്യക്തിത്വ വികസന ക്ലാസ്സ് & കരിയർ ഗൈഡൻസ്, വിദ്യാഭ്യാസ സഹായ വിതരണം, മെറിറ്റ് അവാർഡ് വിതരണം

**കൊട്ടാരക്കര:** പി.വൈ.പി.എ കൊട്ടാരക്കര മേഖലയുടെ ആഭിമുഖ്യത്തിൽ വ്യക്തിത്വ വികസന സെമിനാറും കരിയർ ഗൈഡൻസും നടന്നു. ജൂൺ 4 ശനിയാഴ്ച കൊട്ടാരക്കര ഐ.പി.സി ബേർശേബാ ഹാളിൽ നടത്തി. മേഖലാ പി.വൈ.പി.എ പ്രസിഡന്റ് പാസ്റ്റർ ഷിബു ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച മീറ്റിംങിൽ ബ്രദർ ഷാജി സി.ലൂക്ക് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ശ്രീ. സുനിൽ ഡി.കരുവിള ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

തുടർന്ന് പൊതു സമ്മേളനത്തിൽ വച്ച് 54 കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായ വിതരണം, എസ്.എസ്.എൽ.സിക്ക് മുഴുവൻ വിഷയങ്ങൾക്കും എ+ വാങ്ങിയ മേഖലയിലെ എല്ലാ കുട്ടികൾക്കും, +2 വിന് ഓരോ വിഭാഗത്തിലും (സയൻസ്, ഹ്യാമാനിറ്റീസ്, കൊമേഴ്സ്) മേഖലയിൽ ഏറ്റവും ഉയർന്ന് മാർക്ക് വാങ്ങിയ കുട്ടികൾക്കുമുള്ള മെറിറ്റ് അവാർഡ് വിതരണം, മേഖലാ പി.വൈ.പി.എ നെയിംസ്ലിപ്പ് ഡിസ്ട്രിബ്യൂഷൻ, യുവശബ്ദം മാസിക ജൂൺ ലക്കം പതിപ്പ് ഡിസ്ട്രിബ്യൂഷൻ എന്നിവ നടത്തി.

## ലേഖനം



ടോംസ് ആന്റണി
Ph : 9447232512




“എന്റെ ചിറകിനടിയിൽ സൂക്ഷിച്ചിരുന്ന കുഞ്ഞാണ്, കണ്ണൊന്നു തെറ്റിയപ്പോൾ കൊന്നുകളഞ്ഞല്ലോ. കുടുംബത്തിന് തുടർച്ചയായി ഭീഷണി ഉണ്ടായിരുന്നു. ഭീഷണി ഭയന്ന് വസ്ത്രത്തിനുള്ളിൽ പെൻക്യാമറയുമായാണ് ജിഷ നടന്നിരുന്നത്. എന്റെ മോളെ തിരിച്ചു തരണം. ഞങ്ങളോട് എന്തിനിങ്ങനെ ചെയ്തു.? ഞാൻ ആരുടെയും മുന്നിൽ എന്റെ കുഞ്ഞുങ്ങളേയും കൊണ്ട് കൈനീട്ടാൻ വന്നിട്ടില്ലല്ലോ. ശല്യപ്പെടുത്തുന്നവരിൽ നിന്ന് രക്ഷപെടാൻ എനിക്കൊരു വക്കീലാകണമെന്ന് ജിഷ പറയാറുണ്ടായിരുന്നു. ഞങ്ങളെ അവിടുന്ന് ഓടിക്കുവാൻ വേണ്ടി ചെയ്തതാണോ ഈ ക്രൂരത!”.

പെരുമ്പാവൂരിൽ അതിക്രൂരമായ ബലാൽസംഗത്തിനും, നിഷ്ഠൂരമായ കൊലപാതകത്തിനും ഇരയായ ജിഷ എന്ന പെൺകുട്ടിയുടെ അമ്മ രാജേശ്വരിയുടെ ഈ ചോദ്യശരങ്ങൾ സാംസ്ക്കാരിക കേരളത്തെ ലജ്ജിപ്പിക്കാൻ തുടങ്ങിയിട്ട് ഒരു മാസക്കാലമായി.

ഡൽഹിയിൽ അവിശ്വസനീയമാം വിധം “നിർഭയ” എന്ന പെൺകുട്ടി കൊലചെയ്യപ്പെട്ടപ്പോൾ ലോകരാജ്യങ്ങളുടെ മുന്നിൽ ഭാരതത്തിന് ലജ്ജിച്ചു നിൽക്കേണ്ടി വന്നു. ഇറുകിയ ജീൻസും ധരിച്ച് അസമയത്ത് കൂട്ടുകാരനോടൊപ്പം കറങ്ങിയതാണ് അപകടത്തിന് ഇടയാക്കിയതെന്ന് ചിലരെങ്കിലും ഒളിഞ്ഞും തെളിഞ്ഞും പറഞ്ഞു. ഇത്തരം സംഭവങ്ങൾ ഡൽഹിയിലൊക്കെയേ നടക്കൂ എന്ന് മലയാളികൾ വീമ്പിളക്കി. ഇപ്പോഴിതാ നമ്മുടെ സാംസ്ക്കാരിക കേരളത്തിൽ (അങ്ങനെ പറയാമോ?) അരങ്ങേറുന്നു. ജിഷ എപ്പോഴാണ് ഒരു പ്രദർശന വസ്തുവായി ജീവിച്ചത്? ഇറുകിയ ജീൻസും ഒട്ടിയ വസ്ത്രങ്ങളും എപ്പോഴാണ് ധരിച്ചത് ? ജീവിക്കുവാൻ വേണ്ടിയായിരുന്നില്ല; അതിജീവനത്തിനു വേണ്ടിയുള്ള തത്രപ്പാടിലായിരുന്നു; ‘അധഃസ്ഥിത’യായി ജനിച്ച്, ജീവിച്ച്, അങ്ങനെ തന്നെ മരണപ്പെട്ട അവൾ.

അച്ഛൻ ഉപേക്ഷിച്ചുപോയ കുടുംബം. അമ്മയും മകളും ഭീതിയോടെ തന്നെയാണ് ഒരു സെന്റ് ഭൂമിയിൽ യാതൊരു സുരക്ഷിതത്വവുമില്ലാതെ ഇത്രയും വർഷങ്ങൾ അതിജീവിച്ചത്. ചുറ്റും നിരന്തരം പരതുന്ന കാമക്കണ്ണുകളേയും, പതിയിരിക്കുന്ന അപകടക്കെണികളേയും കുറിച്ച് അവർക്ക് നന്നായി അറിയാമായിരുന്നു. പെൻക്യാമറ വസ്ത്രത്തിനുള്ളിൽ തിരുകിയും കിടക്കക്കടിയിൽ ആയുധങ്ങൾ സൂക്ഷിച്ചും അവൾ തന്റെ സുരക്ഷിതത്വം ഉറപ്പിക്കാൻ പാടുപെടുകയായിരുന്നു. ദരിദ്രയായി, അധഃസ്ഥിതിയായി, സമൂഹത്തിനുമുന്നിൽ പരിഹാസപാത്രമായി, സുരക്ഷിതത്വബോധമില്ലാതെ അവൾ തന്റെ ജീവിതം കരക്കടുപ്പിക്കുവാൻ പെടാപ്പാടു പെടുകയായിരുന്നു.

ജീവിതത്തിൽ സന്തോഷങ്ങൾ അനുഭവിക്കാതെ ജിഷയുടെ ബാല്യവും കൗമാരവും കടന്നുപോയി. അതിലും ദുഷ്കരമായിരുന്നു യൗവനം. മരണം അതിലേറെ ദാരുണവും.

ജിഷ എൽ.എൽ.ബി.ക്കു പഠിക്കുന്ന വിവരം മരണശേഷമാണത്രേ നാട്ടുകാർ അറിഞ്ഞത്!. പഠിക്കുമ്പോൾ ഹോസ്റ്റലിൽ നിന്നു പഠിക്കുവാൻ പലരും നിർബന്ധിച്ചെങ്കിലും അവൾ അതിനു തയ്യാറായില്ല. ചില വിഷയങ്ങളിൽ സഹായിക്കുവാൻ കോളേജ് സമയത്തിനു ശേഷം പ്രത്യേക ക്ലാസ്സെടുക്കാൻ അദ്ധ്യാപകർ തയ്യാറായിരുന്നു. എങ്കിലും അവൾ അതിൽ നിന്നും മുഖം തിരിച്ചു. “അമ്മ വീട്ടിൽ ഒറ്റയ്ക്കാണ്. കതകില്ലാത്തതിനാൽ പശു വീട്ടിനുള്ളിൽ കയറിക്കിടക്കും. ഞാനുണ്ടെങ്കിൽ എങ്ങിനെയെങ്കിലും വീടിന്റെ വാതിൽ അടയ്ക്കാൻ പറ്റുമെന്നാ”യിരുന്നു അവളുടെ ചിന്താഗതി.

കച്ചേരിപ്പടിയിലെ ഹോസ്റ്റലിൽ കുറച്ചുനാൾ നിന്നിരുന്ന കാലത്ത് ബസ്സിൽപോകാൻ 14 രൂപാ ഇല്ലാത്തതിനാൽ എന്നും നടന്നാണ് പോയിരുന്നത്. മിക്ക ദിവസവും ജിഷ പട്ടിണിയിലായിരുന്നുവെന്നു സഹപാഠികൾ പറയുന്നു. ഭക്ഷണം കൂടെ പങ്കുവെയ്ക്കുവാൻ അവർ വിളിച്ചാലും അഭിമാനംമൂലം പലപ്പോഴും അവൾ നിരസിച്ചിരുന്നു.

ഒന്നോർക്കണം ! സർക്കാരിന്റെ ഒട്ടേറെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയുള്ള ഒരു പെൺകുട്ടിക്കാണ് ഇത്രയേറെ ദുരിതങ്ങൾ നേരിടേണ്ടി വന്നത്. തദ്ദേശ ഭരണ സംവിധാനങ്ങളുടെ 10% ലേറെത്തുക ഈ വിഭാഗത്തിന് സംവരണം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, വിവാഹസഹായങ്ങൾ, വീട്, മറ്റ് അനുബന്ധകാര്യങ്ങൾ എന്നിവയ്ക്കെല്ലാം അനിവാര്യമായ തുക സർക്കാർ കാലങ്ങളായി ഈ വിഭാഗത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ‘നിർഭയ’ സംഭവത്തിനു ശേഷം ശക്തമായ നിയമം സ്ത്രീകളുടെ സുരക്ഷിതത്വത്തിനു കേന്ദ്രസർക്കാർ കൊണ്ടുവന്നു. അതിനായി ഫണ്ടും അനുവദിച്ചു. പക്ഷെ ഇതൊന്നും പ്രായോഗിക തലത്തിൽ വന്നിട്ടില്ല എന്നത് കുറ്റകരവും ഖേദകരവുമാണ്. ജനപ്രതിനിധികളും പൗരസമൂഹവും നേതാക്കന്മാരും പാവം ജിഷയെ എന്തേ കണ്ടില്ല? അഥവാ കണ്ടില്ലെന്നു നടിച്ചു?

ജിഷയുടെ മരണശേഷം പോലീസ് വളരെയേറെ ലാഘവബുദ്ധിയോടെയാണ് കേസ് കൈകാര്യം ചെയ്തതെന്ന് പൊതുവേ ആക്ഷേപമുണ്ട്. തെളിവുകളെല്ലാം നശിപ്പിച്ചുകളഞ്ഞു. പോസ്റ്റ്മോർട്ടം പോലും ഒരു പി.ജി. വിദ്യാർത്ഥിയാണത്രേ ചെയ്തത് എന്നും പ്രചരിക്കപ്പെട്ടു. മൃതദേഹം പെട്ടെന്ന് ദഹിപ്പിച്ചുകളഞ്ഞതിലും ദുരൂഹതയുണ്ട്.

പത്രമാധ്യമങ്ങൾപോലും ആദ്യകാലത്ത് ജിഷയെ തമസ്ക്കരിച്ചു. പിന്നീടാണ് ഇതൊരു വമ്പൻ വാർത്താപ്രാധാന്യമുള്ള സംഭവമാക്കി ഉയർത്തിയത്. കേരളത്തിലെ രാഷ്ട്രീയ നേതാക്കൾ തെരഞ്ഞെടുപ്പ് കാലത്തെ വിഷയമാക്കി ഇതിനെ ഉയർത്തി. ഈ വിഷയത്തോടുള്ള ആത്മാർത്ഥതയേക്കാൾ “എങ്ങനെ കലക്കവെള്ളത്തിൽ മീൻ പിടിക്കാം” എന്നാണ് എല്ലാവരും ചിന്തിച്ചത്. ഫലമോ? പെരുമ്പാവൂരിൽ എൽ.ഡി.എഫിനും, മറ്റുമണ്ഡലങ്ങളിൽ യു.ഡി.എഫ് നും ഈ വിഷയം ദോഷം ചെയ്തു.

എല്ലാവരും ഒന്നോർക്കണം. ജിഷയുടെ കുടുംബത്തിന് വീട് വച്ചു കൊടുത്തതു കൊണ്ടോ, എല്ലാവരും മാറിമാറി ജിഷയുടെ കുടുംബാംഗങ്ങളെ സന്ദർശിച്ചതു കൊണ്ടോ, സഹോദരിക്കു ജോലി കൊടുത്തതുകൊണ്ടോ തീരുന്നതല്ല ഇത്തരം പ്രശ്നങ്ങൾ. നമ്മുടെ നാട്ടിൽ ഇനി ജിഷമാർ ഉണ്ടാകരുത്. ഇത്തരം സംഭവങ്ങൾക്ക് ഞാനുൾപ്പെടെ എല്ലാവരും ഉത്തരവാദികളാണ്. സ്ത്രീത്വത്തെയും, അധഃസ്ഥിതരേയും, പാർശ്വവത്ക്കരിക്കപ്പെട്ടവരേയും, സംരക്ഷിക്കേണ്ടതും ആദരിക്കേണ്ടതും നമ്മുടെ കടമയാണ്. ദൗത്യമാണ്.

പോലീസിന്റെ ഔദ്യോഗിക കണക്കുപ്രകാരം കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 6118 ബലാൽസംഗ കേസുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തത്. 2015 ൽ മാത്രം 1263 കേസുകൾ. 2011 ൽ 1332 കേസും 2013 ൽ 1221 കേസും 2015 ൽ സ്ത്രീകളെ അപമാനിച്ചതിന് 3991 കേസും ഭർതൃപീഡനത്തിൽ 3664 കേസും രജിസ്റ്റർ ചെയ്തു. 177 സ്ത്രീകളെയാണ് കഴിഞ്ഞ വർഷം മാത്രം തട്ടിക്കൊണ്ടുപോയത്. കഴിഞ്ഞ അഞ്ചുവർഷം മാത്രം രജിസ്റ്റർ ചെയ്ത സ്ത്രീകൾക്കെതിരായ കേസുകളുടെ എണ്ണം 67178 ആണ്. ഇതിൽ 2015 ൽ മാത്രം 13279 കേസുകളാണ് രജിസ്റ്റർ ചെയ്തത്. തട്ടിക്കൊണ്ടുപോകൽ, മാനഹാനി വരുത്തൽ, ഭർതൃപീഡനം തുടങ്ങിയ കേസുകളുടെ എണ്ണവും ക്രമാതീതമായി വർദ്ധിക്കുകയാണ്.

“തികച്ചും പൈശാചികം എന്നു മാത്രമേ ഇതിനെക്കുറിച്ച് പറയാനുള്ളൂ. പോലീസിനേയും കോടതിയേയും കുടുംബത്തേയുമൊന്നും ഭയമില്ലാത്ത ഒരുവർഗം വളർന്നുവരികയാണ്”. കേരളത്തെക്കുറിച്ചുള്ള ആകുലത പ്രശസ്ത കവയിത്രി സുഗതകുമാരി പങ്കുവെയ്ക്കുന്നു.

സൗമ്യ സംഭവത്തിൽ കേരളം മുഴുവൻ പ്രതികരിച്ചു. പക്ഷേ പ്രതിയായ ഗോവിന്ദസ്വാമിക്ക് മുമ്പത്തേക്കാൾ മെച്ചപ്പെട്ട ജീവിതമാണ് നമ്മുടെ നിയമവ്യവസ്ഥയ്ക്ക് ചെയ്യാൻ കഴിഞ്ഞത് എന്നോർക്കുമ്പോൾ നമുക്ക് ലജ്ജിച്ചു തലതാഴ്ത്താതിരിക്കാനാവില്ല.

ജിഷയുടേത് ക്രൂരമായ ബലാൽസംഗത്തെത്തുടർന്നുള്ള മരണമല്ല; മറിച്ച് വൈരാഗ്യത്തോടെ ബോധപൂർവ്വം ചെയ്ത കൊലപാതകമാണെന്നും ഈ അടുത്ത കാലത്ത് നിരീക്ഷണങ്ങളുണ്ട്.

എന്തുതന്നെയായാലും നഷ്ടപ്പെട്ടത് ജിഷയുടെ കുടുംബത്തിനാണ്. പൊലിഞ്ഞുപോയത് അവൾ നെഞ്ചിലേറ്റിയ വലിയ സ്വപ്നങ്ങളാണ്. അവയൊക്കെ തിരികെക്കൊടുക്കുവാൻ ആർക്കാണ് കഴിയുക? ജിഷ ഇതാ ഒരു ചോദ്യചിഹ്നമായി നമുക്കു മുന്നിൽ................!

## കല്ലുകടി

### അയ്യോ സാറേ പോകല്ലേ, അയ്യോ സാറേ പോകല്ലേ

അയ്യോ അച്ചാ പോകല്ലേ, അയ്യോ അച്ചാ പോകല്ലേ എന്ന് പറഞ്ഞ് അച്ചന്റെ പ്രേരണയാൽ അഭിനയിച്ചുകരയുന്ന രണ്ട് കുഞ്ഞുങ്ങളുടെ കാഴ്ച ടി.വി.യിലെ കോമഡി സീനുകളിൽ സാധാരണയായി കാണിക്കാറുണ്ട്. കഴിഞ്ഞ ദിവസം മഹാനായ ഡോ. ഏഴംകുളം സാംകുട്ടി അയച്ച ഈമെയിൽ വായിച്ചപ്പോഴും ഈ കോമഡിയാണ് ഓർമ്മയിൽ എത്തിയത്. ചർച്ച് ഓഫ് ഗോഡിൽ ഇന്ന് താൻ രാജി വെച്ചുവത്രേ. ഇത് കേട്ടാൽ തോന്നുന്നത് ചർച്ച് ഓഫ് ഗോഡിൽ താൻ എന്തെക്കൊയോ ആണെന്ന്. 33 വർഷത്തിനുശേഷം രണ്ട് വർഷം മുമ്പ് തിരുവല്ലയിലെത്തിയ ഇദ്ദേഹത്തിന് ഇവിടെയെങ്ങുംമെമ്പർഷിപ്പ് ഇല്ലെന്നാണ് അറിവ്. കേരളത്തിലെ ചർച്ച് ഓഫ് ഗോഡിൽ അനാത്മീകരും ഗുണ്ടകളും ഒക്കെ ഉണ്ട്. അവർക്കെതിരെ നടപടികളില്ല. അതിൽ പ്രതിഷേധിച്ചാണ് തന്റെ രാജി. താൻ താമസിക്കുന്ന അമേരിക്കയിൽ നടക്കുന്ന മ്ലേച്ഛതകളും അനാത്മീകതകളും ഇന്ത്യയിലേക്കാൾ ഒട്ടും കുറവല്ല. അവിടുത്തെ സഭകളിൽ വെടിവെപ്പും കത്തിക്കുത്തും ഉണ്ടെന്നാണ് ഈ ഡോക്ടർ കേരളത്തിലെ സഭകൾക്കൊക്കെ കത്ത് എഴുതിയിരിക്കുന്നത്. എന്നിട്ടും അതിലൊന്നും പ്രതിഷേധിച്ച് അമേരിക്ക വിടാൻ തനിക്ക് തോന്നിയിട്ടില്ല. അവിടുത്തെ സഭകളിൽ പോകുന്നതിനും പ്രശ്നമൊന്നും തോന്നിയിട്ടുമില്ല. അപ്പോൾ ആ രാജിയുടെ പിന്നിൽ മറ്റെന്തൊക്കെയോ കാരണങ്ങളുണ്ട് എന്ന് സ്പഷ്ടം. അമേരിക്കയിലെ സഭകളിൽ ഉള്ളവരെല്ലാം വിശുദ്ധന്മാരും അദ്ദേഹം പാർക്കുന്ന രാജ്യത്ത് ഉള്ള എല്ലാവരും നല്ലവരും ആയതുകൊണ്ടല്ലല്ലോ താൻ അവിടെ താമസിക്കുന്നത്. തനിക്ക് ഇപ്പോൾ ഒരു ബന്ധവുമില്ലാത്ത കേരളത്തിലെ ഓവർസീയർ ഇലക്ഷൻ തന്നെയാണ് ഈ രാജി ഭീഷണിയുടെ പിന്നിൽ. എന്നാൽ അദ്ദേഹത്തിന്റെ രാജിയോട് ചർച്ച് ഓഫ് ഗോഡ് രക്ഷപ്പെട്ടു എന്നാണ് പലരും പറഞ്ഞുകേട്ടത്. ഈ രാജി കത്ത് വായിച്ചപ്പോൾ അയ്യോ സാറേ പോകല്ലേ, അയ്യോ സാറേ പോകല്ലേ എന്ന് കോറസായി പാടാനാണ് തോന്നുന്നത്.

**അടിക്കുറിപ്പ്:** തന്നെ ബാധിക്കാത്ത വഴക്കിൽ ഇടപെടുന്നവൻ വഴിയെ പോകുന്ന നായുടെ ചെവിക്ക് പിടിക്കുന്നവന് തുല്യം എന്നാണല്ലോ.

## ഫെലോഷിപ്പ് കൺവൻഷൻ

**ഡാളസ്സ്:** നോർത്ത് അമേരിക്കയിലുള്ള സ്വതന്ത്ര പെന്തെക്കോസ്ത് ദൈവസകളുടെ ഐക്യവേദിയായ ഇൻഡ്യൻ പെന്തെക്കോസ്റ്റൽ ഫെലോഷിപ്പ് ഓഫ് അമേരിക്കയുടെ(I.P.F.A) 20-ാം മതു വാർഷിക കൺവൻഷൻ ദൈവഹിതമായാൽ 2016 ജൂൺ മാസം 17,18,19 തീയതികളിൽ ന്യൂയോർക് ലോംഗ് ഐലന്റിൽ വച്ച് നടത്തപ്പെടുന്നതാണ്. ഈ വർഷത്തെ കുടുംബസംഗമം കഴിഞ്ഞ വർഷത്തെക്കാൾ വിപുലമായും, അനുഗ്രഹമായും നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ വിവിധ കമ്മറ്റികൾ ചെയ്തുവരുന്നു. അമേരിക്കയിലുള്ള പെന്തെക്കോസ്തു ദൈവസഭകളുടെ കൂടിവരവിന് ഈ വർഷം സ്പോൺസർ ചെയ്തിരിക്കുന്നത് ന്യൂയോർക്ക് ഗോസ്പൽ അസംബ്ലിയാണ്.

യുവജനങ്ങൾ നശീകരണത്തിന്റെ വക്കിലേക്ക് നീങ്ങികൊണ്ടിരിക്കുന്ന ഈ തലമുറയിൽ അമേരിക്കയിലുള്ള യുവജനങ്ങൾക്ക് ശക്തമായ വെല്ലുവിളിയുമാണ്. ബഹറിനിൽ നിന്ന് ഡോ. മാത്യു ജോർജ് (MD) ഈ വർഷത്തെ പ്രധാന സന്ദേശവുമായി എത്തുന്നത്. വിവിധ സ്ഥലങ്ങളിൽ നിന്നും കടന്നുവരുന്ന വിശ്വാസികൾക്ക് ആത്മീക പ്രചോദനം നല്കുന്ന സമ്മേളനത്തിന് പാസ്റ്റർ എബ്രഹാം ഈപ്പൻ നേതൃത്വം കൊടുക്കുന്നു. ക്രിസ്തീയ ദൗത്യത്തിൽ നിന്നും മാറികൊണ്ടിരിക്കുന്ന തലമുറയെ ദൈവീക ദൗത്യത്തിലേക്ക് മടക്കികൊണ്ടുവരുവാൻ ക്രിസ്തുവിന്റെ സ്വഭാവം പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനായി ഈ വർഷത്തെ സമ്മേളനം ഊന്നൽ കൊടുക്കുന്നുവെന്ന് സുനിൽ മാത്യു (സെക്രട്ടറി) അറിയിച്ചു. ആഷ്‌ലി മാത്യു യുവജന സമ്മേളനത്തിനും ആലീസ് ആൻ ഡ്രൂസ് വനിതാ സമ്മേളനത്തിനും നേതൃത്വം വഹിക്കും. പാസ്റ്റർ കെ. സി. ആൻഡ്രൂസ് (വൈസ് പ്രസിഡന്റ്), റെജിമോൻ തോമസ് (ട്രഷറാർ) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

കഴിഞ്ഞവർഷത്തെക്കാൾ വിഭിന്നമായി തയ്യാർ ചെയ്യുന്ന ഈ വർഷത്തെ സമ്മേളനത്തിന് വന്ന് ആത്മീക വിരുന്നിന് പങ്കാളികളാകുവാൻ പാസ്റ്റർ മാത്യു ശമുവേൽ(നാഷണൽ കോർഡിനേറ്റർ) ഏവരെയും സ്വാഗതം ചെയ്യുന്നു.

# പ്രസ്താവന

*കർത്താവിൽ പ്രിയ കർത്തൃദാസനും സഭാ സെക്രട്ടറിക്കും വിശ്വാസികൾക്കും സ്നേഹ വന്ദനം*

നാളിതുവരെ നമ്മെ നടത്തിയ ദൈവത്തിന് സകല മഹത്വവും അർപ്പിക്കുന്നു. ദൈവകൃപയാൽ സഭയായി സുഖമായിരിക്കുന്നു എന്നു വിശ്വസിക്കുന്നു.

നമ്മുടെ പ്രസ്ഥാനം ഏറെ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സമയത്താണ് നാം നിർണ്ണായ തെരഞ്ഞെടുപ്പിനെ നേരിടുന്നത്. നമ്മുടെ തീരുമാനങ്ങളും ഇച്ഛാശക്തിയും അടയാളപ്പെടുത്തേണ്ടത് സത്യത്തിന്റെയും നീതിയുടെയും വിജയത്തിനായിരിക്കണം. നമ്മുടെ പിതാക്കന്മാർ കാത്തുസൂക്ഷിച്ച ദർശനങ്ങളുടെ അന്തകരാകാൻ നാം ആരെയും അനുവദിച്ചുകൂടാ. അവയുടെ കാവലാളുകളാകാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. വിശ്വാസി സമൂഹത്തിന്റെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് നമ്മുടെ പിതാക്കന്മാർ ബിലിവേഴ്സ് കൗൺസിലിന് രൂപം നൽകിയത്. പ്രതിഭാധനരായ പി.എം. കോശി, ഡോ, കുര്യൻ ഏബ്രഹാം, തോട്ടുങ്കര ജോർജ്ജച്ചായൻ, കെ. ജോൺ, പ്രൊഫ. വി.വി. അച്ചൻകുഞ്ഞ് തുടങ്ങിയ അൽമായ പ്രമുഖരാണ് നമ്മെ നയിച്ചിരുന്നത്. അവരുടെ വിശുദ്ധ ജീവിതവും അക്കാദമിക് നിലവാരവും പൊതുസ്വീകാര്യതയും പ്രസ്ഥാനത്തിന് അഭിമാനകരമായിരുന്നു. സഭാ നേതൃത്വത്തെയും ശുശ്രൂഷകന്മാരെയും ആദരിക്കുകയും അച്ചടക്കം പാലിക്കുകയും ശിഷ്യത്വം അംഗീകരിക്കുകയും ചെയ്ത ഇവർ സഭയ്ക്ക് ഒരിക്കലും ബാദ്ധ്യതയല്ലായിരുന്നു. ശുശ്രൂഷകന്മാരും വിശ്വാസികളും തമ്മിൽ ആഴമായ ഹൃദയബന്ധമാണ് അന്നുണ്ടായിരുന്നത്. ഇവരാരും നേതൃത്വത്തിന്റെ കളിപ്പാവയായി മാറിയിരുന്നില്ല. ആരുടെയും മുന്നിൽ നട്ടെല്ല് വളയ്ക്കാത്ത അന്തസ്സുള്ള പൊതുജീവിതത്തിന് ഉടമകളായിരുന്നു ഇവരെല്ലാം. തങ്ങളുടെ വ്യക്തി താല്പര്യങ്ങൾക്ക് വേണ്ടിയോ നേതൃത്വത്തിന്റെ രാഷ്ട്രീയ ലാഭങ്ങൾക്കുവേണ്ടിയോ അവരാരും ഈ വേദിയെ പണയപ്പെടുത്തിയിരുന്നില്ല. സഭയുടെ ഐക്യം, ശുശ്രൂഷകന്മാരുടെ ക്ഷേമം, സഭാവളർച്ച ഇവ ലക്ഷ്യമാക്കിയായിരുന്നു അവർ പ്രവർത്തിച്ചിരുന്നത്.

വിശ്വാസികളുടെ വോട്ടവകാശത്തിനുവേണ്ടി അവർ പോരാടി. നിയമയുദ്ധം നടത്തി. ഇന്റർനാഷണൽ ഓഫീസുമായി ചർച്ചകൾ നടത്തി. പക്ഷെ ഇതെല്ലാം ചെയ്തത് വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ ആയിരുന്നു. വിശ്വാസികൾക്ക് വോട്ടവകാശം ലഭിക്കാത്തതിന്റെ ഉത്തരവാദിത്വം ശുശ്രൂഷകന്മാർക്കോ നേതൃത്വത്തിനോ അല്ലായിരുന്നു. ഇതൊരു ഭരണഘടനാ പ്രശ്നമാണ്. ഇതിനാവശ്യം നിയമനിർമ്മാണമാണ്. ഇതിനുള്ള അധികാരം ഇന്റർനാഷണൽ ജനറൽ അസംബ്ലിക്കു മാത്രമാണ്. വസ്തുത ഇതായിരിക്കെ ശുശ്രൂഷകന്മാരെ ഒറ്റപ്പെടുത്തി ആക്രമിക്കുന്നത് അംഗീകരിക്കാനാവില്ല. ദൈവസഭയുടെ ചരിത്രത്തിൽ നടന്നിട്ടില്ലാത്ത കൈയേറ്റങ്ങളും അപവാദ പ്രചരണങ്ങളും വെല്ലുവിളികളുമാണ് നടന്നത്. ഇതിന്റെയെല്ലാം പിന്നിലെ ഗൂഢോദ്ദേശ്യം 'വോട്ടവകാശം' അല്ലായിരുന്നു. അധികാര കസേരയിൽ അള്ളിപ്പിടിച്ചിരിക്കാൻവേണ്ടി സംഘർഷത്തിന്റെ അന്തരീക്ഷം ഉണ്ടാക്കി വിശ്വാസികളെ കവചമാക്കി, ഭരണത്തിൽ അഭിരമിക്കുകയാണ് ഉദ്ദേശ്യം.

ഇന്ന് അവസ്ഥ ഏറെ മാറിയിരിക്കുന്നു. മൂല്യവും മുഖവും നഷ്ടപ്പെട്ടവർ നേതൃത്വം കൈക്കലാക്കിയിരിക്കുന്നു. ക്രിമിനൽ വാസന, സാമ്പത്തിക തട്ടിപ്പ്, റിയൽ എസ്റ്റേറ്റ്, ഗുണ്ടായിസം എന്നിവ കൈമുതലാക്കിയവർ അധികാരം നിയന്ത്രിക്കുന്ന പരിതാപകരമായ അവസ്ഥ. ക്രിമിനൽ-സിവിൽ കേസുകളിൽ പ്രതിയായവർ ഓഫീസുകളിൽ വിഹരിക്കുന്നു. ശുശ്രൂഷകന്മാരെ ആക്രമിക്കാൻവേണ്ടി വിലയ്ക്കെടുത്ത വാടക ഗുണ്ടകൾ ചൊവ്വാഴ്ചകളിൽ സിയോൻകുന്നിൽ വാഹനങ്ങളിൽ പതുങ്ങികിടക്കുന്നു. ഇഷ്ടമില്ലാത്തവരെ ഫോണിലൂടെ തെറിയഭിഷേകം. കൈവെട്ടുമെന്ന് ഭീഷണി. വൈകുന്നേരങ്ങളിൽ ഒന്നിച്ചുകൂടുന്നവർ വിശുദ്ധന്മാരുടെ രക്തത്തിനായി വിലപറഞ്ഞൊപ്പിക്കുന്നു.ശുശ്രൂഷകന്മാരുടെ വസ്ത്രത്തിനായി ചീട്ടിടുന്നു. പാവപ്പെട്ടവരുടെ കൂരകളിൽ അന്തിയുറങ്ങി ചെണ്ടമുറിയൻ കപ്പയും കാന്താരി മുളകും കഴിച്ച് പണിതുയർത്തിയ കുക്ക് സായ്പ്പിന്റെ പ്രസ്ഥാനം ആഹാബ്യ ഭൂമാഫിയകളുടെ അനധികൃത കയ്യേറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. ദൈവസഭയാം മുന്തിരിത്തോട്ടത്തെ ചീരത്തോട്ടമാക്കാനുള്ള ഇത്തരം അനധികൃത കയ്യേറ്റങ്ങളെ നാം തിരിച്ചറിയണം. നേതൃത്വത്തിന്റെ ഇത്തരം ചീരത്തോട്ട വികസന പദ്ധതിയിൽ നാമാവിശേഷമാകുന്നത് നമ്മുടെ സഭയാണ്. സഭ വളർന്നു കഴിഞ്ഞാൽ മുന്തിരിതോട്ടം വില്ക്കു വാങ്ങാൻ ആഹാബിന്റെ അരമനകളിൽ ആളെത്തും. ആഹാബാണ് വിലപേശുന്നതെങ്കിലും തന്ത്രങ്ങൾ മെനയുന്നത് അന്തഃപുരങ്ങളിലെ ഈസബേല്യ ശക്തികൾ ആണ്. പിതാക്കന്മാരുടെ അവകാശത്തിനായി പോരാടാനെന്ന ഭാവത്തിൽ തന്ത്രപരമായി വയലിലേക്ക് കൂട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തും. ദൈവസഭയോട് കൂറുള്ള നാബോത്തുമാരെ വീഴ്ത്താൻ അരമനയ്ക്കകത്ത് വീഞ്ഞിന്റെ ലഹരിയിൽ ഉന്മാദ നൃത്തമാടും. ഉപദേശ സത്യങ്ങളെ ചവുട്ടി മെതിക്കുന്ന ഇത്തരം പിടിച്ചടക്കൽ നടപടി കണ്ട് ചൊവ്വഴ്ചകളിൽ അരമന ആസ്ഥാനത്തേക്ക് പോകാൻപോലും നാബോത്തുമാർ ഭയപ്പെടുന്നു, കണ്ണിന്റെ മുമ്പിൽ ചവിട്ടേറ്റ് വീഴുമ്പോഴും ദുഷ്ടമൃഗങ്ങൾ കുറുപ്രാവിനെ കടിച്ചുകീറുമ്പോഴും അരമനയിലെ അട്ടഹാസങ്ങൾ അതിരുകൾ ഭേദിക്കും. സഭയെ കച്ചവട ചരക്കാക്കിയ സാത്താന്യ-ഭൂമാഫിയ സംഘങ്ങൾ റ്റി.എം. വർഗ്ഗീസിന്റെയും സികെ. ജോണിന്റെയും പ്രസ്ഥാനത്തെ 'പണക്കിഴി' നൽകി വിലയ്ക്കു വാങ്ങി. ദൈവസഭയ്ക്കുള്ളിൽ ചീരകൃഷിയിറക്കി വിപണന സാദ്ധ്യത ലക്ഷ്യം കാണുന്ന മാടമ്പി സംഘങ്ങൾ പാവന രക്തത്തിന്റെ അവസാനതുള്ളി രക്തവും തന്ന് വിലയ്ക്ക് വാങ്ങിയ സഭയെ മലിനമാക്കി. ഈ വിഷമവൃത്തത്തിൽനിന്ന് നമുക്ക് പുറത്തുവന്നേ മതിയാകൂ.

എല്ലാ പ്രസ്ഥാനങ്ങളും മുന്നേറ്റത്തിന്റെ പാതയിലാണ്. നമുക്കും വളരണം. അതിനാവശ്യം ആത്മിക നേതൃത്വമാണ്. ഈ ജൂൺ 14 ന് നടക്കുന്ന ഹിതപരിശോധനയിൽ നിങ്ങളുടെ വോട്ട് നീതിക്കും വിശുദ്ധിക്കും സത്യത്തിനുമായിരിക്കണം. നീതി കിട്ടാതെ സിയോൻ കുന്നിന്റെ പടികൾ കരഞ്ഞുകൊണ്ട് ഇറങ്ങിപ്പോകുന്ന ഒരു ശുശ്രൂഷകനും ഉണ്ടാകരുത്. വിശപ്പുകൊണ്ട് കരയുന്ന ഒരു കുഞ്ഞിന്റെ നിലവിളിയും പാഴ്സനേജുകളിൽ ഇനിയും കേൾക്കരുത്. ആകാശം മാത്രം സ്വപ്നം കാണുന്ന നിർദ്ധന കുടുംബങ്ങൾക്ക് സ്വാന്ത്വനത്തിന്റെ സ്പർശനമാകാൻ ഹൃദയമുള്ള നേതൃത്വം ഉണ്ടാകണം. ശുശ്രൂഷകന്മാരും വിശ്വാസികളും ഒരു നൂലിൽ കോർത്ത മുത്തുകൾപോലെ ജീവിക്കണം.



പാസ്റ്റർ സി.സി. തോമസ് നാം അടുത്തറിയുന്ന ശുശ്രൂഷകനാണ്. അദ്ദേഹത്തോടൊപ്പം പ്രവർത്തിപ്പാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. അർപ്പണബോധമുള്ള ശുശ്രൂഷകനാണദ്ദേഹം. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ അദ്ദേഹത്തിന്റെ നേതൃത്വമാണ് നമുക്കാവശ്യം.

അദ്ധ്യക്ഷ നിരകളും ശുശ്രൂഷകന്മാരെയും അവഹേളിക്കുന്ന പാരമ്പര്യം നമുക്കില്ല. ശുശ്രൂഷകന്മാർക്കെതിരെ കയ്യോങ്ങിയതിന്റെ കെടുതികൾ നാം അനുഭവിച്ചിട്ടുമുണ്ട്. നമ്മുടെ തലമുറകളെ ഓർത്ത് ഇത്തരം പ്രവണതകളെ പ്രോത്സാഹിപ്പിച്ചുകൂടാ. നാം ഇന്ന് അനുഭവിക്കുന്ന അനുഗ്രഹങ്ങൾക്ക് കാരണം നമ്മുടെ അമ്മമാർ കർത്തൃദാസന്മാരെ ആദരിച്ചതുകൊണ്ടാണ്. ആ 'പിടിയരി'യുടെ ദൈവശാസ്ത്രം അറിയാവുന്ന നമുക്ക് ഏത് ശുശ്രൂഷകന്റെ നെഞ്ചിനുനേരെയാണ് കാൽ ഉയർത്താൻ കഴിയുക, വിശ്വാസികളില്ലെങ്കിൽ ശുശ്രൂഷകന്മാരില്ല. ശുശ്രൂഷകന്മാരില്ലെങ്കിൽ സഭയുമില്ല. തല ഉയർത്തി നിൽക്കട്ടെ നമ്മുടെ സഭ. അതുണ്ടാകണമെങ്കിൽ ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടെയും തല ഉയർന്നു നിൽക്കണം. ഊമക്കത്തുകൾ പ്രചരിപ്പിച്ചും ഫോൺ വിളിച്ചും വ്യാജ പ്രചാരണങ്ങൾ നടത്തുന്ന ചിലരുടെ മന്ത്രണങ്ങളിൽ നിങ്ങൾ കുടുങ്ങരുത്. വിരലിൽ എണ്ണാൻമാത്രമുള്ള ചിലർ നടത്തുന്ന ഇത്തരം സമരാഭാസങ്ങൾക്ക് പതിനായിരക്കണക്ക് വരുന്ന വിശ്വാസികളുടെ പിന്തുണ ഇല്ല. ദുഷ്ടലാക്കോടുകൂടിയ പ്രചാരണങ്ങളിൽ വീഴാതെ മനഃസാക്ഷിയുടെ അംഗീകാരം നന്മയുടെ പക്ഷത്തിനു നൽകുക. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

ക്രിസ്തുവിൽ നിങ്ങളുടെ

**ജോസഫ് മറ്റത്തുകാല**

# സൗത്ത് ഫ്ളോറിഡയിൽ വെക്കേഷൻ ബൈബിൾ സ്കൂൾ

**ഫ്ളോറിഡ:** വിവിധ സഭകളുടെ സഹകരണത്തോടെ സൗത്ത് ഫ്ളോറിഡ ഐ.പി.സി ശാലോം സഭയുടെ ചുമതലയിൽ എല്ലാവർഷവും നടത്തി വരുന്ന 20-ാം മത് വെക്കേഷൻ ബൈബിൾ സ്കൂൾ 2016 ജൂൺ 20 തിങ്കൾ മുതൽ ശനി വരെ സൗത്ത് ഫ്ളോറിഡ ഐ.പി.സി ശലോം സഭയിൽ നടക്കും. **ഡീപ് സി ഡിസ്കവറി** എന്ന പേരിൽ നടത്തുന്ന വിബിഎസിൽ ഗെയിംസ്, പുതിയ വിബിഎസ് പാട്ടുകളുടെ പരിശീലനം, ബൈബിൾ കഥകൾ, ബൈബിൾ സ്റ്റഡി എന്നിവയുണ്ടായിരിക്കും. എല്ലാദിവസവും വൈകിട്ട് 6.30-ന് ആരംഭിക്കുന്ന വിബിഎസിൽ പാസ്റ്റർ കെ. ജോയി(ന്യൂഡൽഹി) മലയാളത്തിലും പാസ്റ്റർ ചാൾസും സിസ്റ്റർ ഷീബ ചാണ്ടിയും ഇംഗ്ലീഷിലും ക്ലാസെടുക്കും. സമാപനദിവസം ജൂൺ 25 ശനിയാഴ്ച വൈകിട്ട് 6-ന് വിബിഎസ് സെലിബ്രേഷന്റെ ഭാഗമായി വിവിധ പ്രോഗ്രാമുകളുടെ പ്രദർശനവും റാലിയും ഉണ്ടായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു. പാസ്റ്റർ ജോൺ തോമസ്, പാസ്റ്റർ കെ. സി. ജോൺ (ഫ്ളോറിഡ), ജെയിംസ് മുളവന, ജൂലി ജോർജ് എന്നിവർ നേതൃത്വം നൽകും.

# ഫെയ്ത്ത് ബൈബിൾ കോളജ് ഗ്രാഡുവേഷൻ

**ഒറ്റപ്പാലം:** ഫെയ്ത്ത് ബൈബിൾ കോളജ് വിദൂര വിദ്യാഭ്യാസ പദ്ധതിയിൽ 2 വർഷം പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ ഗ്രാഡുവേഷൻ ജൂൺ 4 ശനിയാഴ്ച രാവിലെ 10 ന് ഒറ്റപ്പാലം വ്യാപാരഭവനിൽ നടക്കും. ഐപിസി ഒറ്റപ്പാലം ഏരിയാ കൺവീനറും സെന്റർ മിനിസ്റ്ററുമായ പാസ്റ്റർ ചാക്കോ ദേവസ്യ അധ്യക്ഷതവഹിക്കും. ഫെയ്ത്ത് ബൈബിൾ കോളജ് പ്രിൻസിപ്പാളും പെന്തെക്കൊസ്തു റിസേർച്ച് സെന്റർ ചെയർമാനുമായ ഡോ. ബാബു ജോർജ് മുഖ്യസന്ദേശം നൽകുകയും സർട്ടിഫിക്കേറ്റ് വിതരണം നിർവഹിക്കുകയും ചെയ്യും. ട്രെയ്നിംഗ് കോർഡിനേറ്റർ പാസ്റ്റർ പി. കെ. ചെറിയാൻ ആമുഖ പ്രസ്താവന നടത്തും. സമ്മേളനത്തിൽ റവ. ജിജു പി. കുരുവിള, വിവിധ സഭാ പ്രതിനിധികൾ, സാംസ്ക്കാരിക പ്രവർത്തകർ ആശംസകൾ അറിയിക്കും.





The book is a collection of memorable anecdotes from the life of Pastor Johny P. Abraham - a missionary from Kerala to Rajasthan - who has been in Christian Ministry for the last 44 years. It is divided into five sections:

- The Student
- The Soldier
- The Steward
- The Servant and
- The Shepherd.

Contact Details:

Dr. Sam J. Abraham
18 - Vijay Colony
Opp. Railway Station
Chittorgarh - Rajasthan
INDIA - 312001

Price: Rs. 200
(Including Postage)

Mob: 09413706290
E: samjabraham@gmail.com

# ശാരോൻ ഫാമിലി കോൺഫറൻസ്

## 2016 ജൂൺ 23- 26 ഡാളസ്

## ഹൈലാന്റ് ഓക്സ് കൺവൻഷൻ സെന്റർ

### GUEST SPEAKERS


റവ. രാജു മേത്ര


റവ. ഗ്ലിൻ ബെഡോൺസ്കി


റവ. ജോൺ തോമസ്


റവ. ടി.ജി. കോശി


സിസ്റ്റർ സെലിൻ ഫിലിപ്പ്

## Spiritual and Revival Conference

**Pr. Viju Josepeh**
(Convener)



Greetings! As we approach the month of SFCNA conference, I am excited to see how the Lord's hand will touch many lives and bring a mighty spiritual revival as so many earnest prayers and endeavors support this conference.

Across the world today relegious intolerance and persecution are on the rise. Churches and homes have been burned, Christians imprisoned, beaten and even killed because of their love for Christ. What certainty do we have that our faith will not get challenged? Therefore we need to constanly contend for our faith. Facing challenges in our spiritual lives we should be able to build a strong foundation that will stand up to the tests and trials of our faith.

Let us diligently seek to be vessels ready to be filled and used for the glory of God. What amazing plans does God have for you? Don't miss this opportunity and don't let the devil deceive you for a minute into belieing that you are not important to God.

Please continue to pray and plan to participate in SFCNA conference 2016. I'm looking forward to worshipping with you. May God's richest blessings and abounding love be upon us at all times.

## കോൺഫറൻസ് യുവതലമുറയെ ലക്ഷ്യമിടുന്നു

**പാസ്റ്റർ ഫിന്നി വർഗീസ്**
(സെക്രട്ടറി)



**2016** ജൂൺ 23-26 വരെ നടക്കുന്ന 14-ാമത് ശാരോൻ നാഷണൽ കോൺഫറൻസിന്റെ ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു. ഈ ആത്മീയ സംഗമം അതിൽ പങ്കെടുക്കുന്ന ഏവർക്കും അനുഗ്രഹ കാരണമായി ഭവിക്കുന്നതിനു വേണ്ടി ലോക്കൽ കമ്മിറ്റി ഉത്സാഹത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കോൺഫറൻസിന്റെ ചിന്താവിഷയം 'വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടുക' (യൂദ.1:3) എന്നതാണ്. പത്ഥ്യോപദേശത്തിന് വില കൽപ്പിക്കാത്തവർ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ഉപദേശത്തിന്റെ നിർമ്മലതയും അതിൽ നിൽക്കേണ്ടതിന്റെ ആവശ്യകതയും ദൈവജനത്തെ ഒന്നുകൂടി ഓർപ്പിച്ചുണർത്തുകയാണ് ഈ കോൺഫറൻസിന്റെ ലക്ഷ്യം. ദൈവജനത്തിന് ആത്മീയമായ ഉദ്ധാരണം ഉണ്ടാകുന്നതോടൊപ്പം യുവ തലമുറ ദൈവഹിതത്തിന് സമ്പൂർണ്ണമായും സമർപ്പിക്കപ്പെടേണം എന്നതും ഈ കോൺഫറൻസിന്റെ പ്രധാനലക്ഷ്യമാണ്. ഈ യോഗങ്ങൾ ദൈവജനത്തിന് അവിസ്മരണീയമായ ആത്മീയ വിരുന്നായി മാറുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. ഏവരുടെ ആത്മാർത്ഥമായ പ്രാർത്ഥനയും സജീവ പങ്കാളിത്തവും ക്ഷണിച്ചുകൊള്ളുന്നു.

**കോൺഫറൻസ് തീം: വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടുക. (യൂദ. 1:3)**

**Conference Theme: I found it necessary to write appealing to you to contend for the faith that was once for all delivered to the saints. (Jude 1:3)**

### LOCAL COMMITTEE


പാസ്റ്റർ വിജു ജോസഫ്
കൺവീനർ


പാസ്റ്റർ ഫിന്നി വർഗീസ്
സെക്രട്ടറി


എബി കെ. ജോൺ
ട്രഷറർ


ബെവിൻ തോമസ്
യൂത്ത് കോർഡിനേറ്റർ


മോൻസി ജോർജ്
രജിസ്ട്രേഷൻ


മാത്യു എബി
അക്കൊമഡേഷൻ


ജോൺ മാത്യു
ഫുഡ് കോർഡിനേറ്റർ


ജോസഫ് ജോൺ
ഫെസിലിറ്റി


ജോയ്സ് വടക്കേക്കുറ്റ്
ചിൽഡ്രൻസ് ചർച്ച്


ജിനി എബി
ചിൽഡ്രൻസ് ചർച്ച്


മിനി വിജു
സിസ്റ്റേഴ്സ് കോർഡിനേറ്റർ


മറിയാമ്മ ജോസഫ്
സിസ്റ്റേഴ്സ് കോർഡിനേറ്റർ


ജെഫ് വർഗീസ്
ഇംഗ്ലീഷ് മ്യൂസിക്ക്


ജേക്കബ് ശാമുവൽ
മലയാളം മ്യൂസിക്ക്


കുഞ്ഞമ്മ ബേബി
പ്രയർ കോർഡിനേറ്റർ


പാസ്റ്റർ മാത്യു റോയി
പ്രോഗ്രാം കോർഡിനേറ്റർ


പാസ്റ്റർ ജോസഫ് ടി ജോസഫ്
പ്രോഗ്രാം കോർഡിനേറ്റർ

അമേരിക്കൻ വീക്ഷണം

# കേരളത്തിൽ സുവിശേഷത്തിന്റെ പ്രകാശദൂതുമായി പാസ്റ്റർ സി. സി. തോമസ്



ജോൺസ് പി. മാത്യൂസ്
ടെന്നസ്സി

ഭാരതത്തിലെ ആദ്യകാല പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ ഒന്നായ ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനമായ മുളക്കുഴയിലേക്കാണ് ഇപ്പോൾ പ്രവാസിക്കണ്ണുകൾ. ഓവർസീയർ തെരഞ്ഞെടുപ്പാണ് മുഖ്യഹേതു. ചർച്ച് ഓഫ് ഗോഡിൽ അംഗത്വമുള്ള മലയാളികളായ അമേരിക്കൻ പ്രവാസികൾക്ക് ഹൃദയത്തിന്റെ മറ്റൊരു ഭാഗമായാണ് മുളക്കുഴയെ കാണുന്നത്. ഗൃഹാതുരത്വമുള്ള ഓർമ്മകളുമായി ഏഴാംകടലിനിക്കരെ പാർക്കുമ്പോഴും മുളക്കുഴയിൽ നടക്കുവാൻ പോകുന്ന തെരഞ്ഞെടുപ്പും ആകാംക്ഷയോടെ കാത്തിരിക്കുകയാണ്.

കഴിഞ്ഞകാലങ്ങളിൽ നടന്നിട്ടുള്ള തെരഞ്ഞെടുപ്പുകളിൽ നിന്നും എന്തുകൊണ്ടും വ്യത്യസ്തത പുലർത്തുന്നതാണ് ജൂൺ 14-ാം തീയതി നടക്കുന്ന തെരഞ്ഞെടുപ്പ്. കാരണം പാസ്റ്റർ സി. സി. തോമസിന്റെ സ്ഥാനാർത്ഥിത്വം തന്നെ, ടെന്നസ്സിയിലുള്ള ടൈനർ ചർച്ച് ഓഫ് ഗോഡിലെ ശുശ്രൂഷകനായിരിക്കുന്ന അദ്ദേഹം കേരളത്തിന്റെ ചുമതലയേൽക്കാനുള്ള തീരുമാനത്തെ നിറഞ്ഞ പ്രതീക്ഷയോടെയാണ് ഞങ്ങൾ കാണുന്നത്.

നല്ല ഒരു ശുശ്രൂഷകൻ എന്നതിലുപരി തികഞ്ഞ നേതൃത്വഗുണവും സംഘടനാപാടവും ചർച്ച് ഓഫ് ഗോഡിലെ ആസ്ഥാനമായ ക്ലീവ്ലാന്റുമായുള്ള അദ്ദേഹത്തിന്റെ ആത്മബന്ധവും കേരള സുവിശേഷീകരണത്തിന് ഒരു മുതൽക്കൂട്ടാവും എന്നതിന് സംശയമില്ല. കേരളത്തിൽ നിന്നും അനേക ദൈവദാസന്മാർ സഭാ ശുശ്രൂഷയ്ക്കായി ഇവിടെ കടന്നു വന്നിട്ടുണ്ട്. എന്നാൽ അവരിൽ നിന്നൊക്കെയും വ്യത്യസ്തനായാണ് പാസ്റ്റർ സി. സി. തോമസിനെ കാണാൻ കഴിഞ്ഞിട്ടുള്ളത്. തനിക്ക് കിട്ടുന്ന ഭൗതീക നന്മകളുടെ ഏറിയ പങ്കും കേരളത്തിലെ സാധുക്കളായ ദൈവദാസന്മാരെയും വിശ്വാസികളെയും സഹായിക്കുന്നതിൽ അദ്ദേഹത്തിനുള്ള കാഴ്ചപ്പാട് സവിനയം വിനിയോഗിക്കപ്പെടുന്നത് ദൈവീക തീരുമാനത്തിന്റെ പ്രതിജ്ഞാബദ്ധതയാണ്. കടന്നുവന്ന പാതകളെ വിസ്മരിക്കാതെ താൻ ചെയ്യുന്ന നിസ്വാർത്ഥ സേവനങ്ങൾ എന്നെ വളരെയധികം ആകർഷിച്ചിട്ടുണ്ട്. വിരലിൽ എണ്ണാവുന്ന വിശ്വാസികൾ മാത്രമായിരുന്നു അദ്ദേഹം ചാർജ് എടുക്കുമ്പോൾ ടൈനർ ചർച്ച് ഓഫ് ഗോഡിൽ ഉണ്ടായിരുന്നത്. എന്നാൽ ചുരുങ്ങിയ കാലം കൊണ്ട് അനേക വിശ്വാസികൾ സഭയിൽ കടന്നുവന്നത് എന്നെ വളരെ അധികം അത്ഭുതപ്പെടുത്തി. ഒരു ശുശ്രൂഷകൻ എന്നതിലുപരി ഒരു പ്രാർത്ഥനാ മനുഷ്യൻ എന്നു അദ്ദേഹത്തെ വിളിക്കുവാനാണ് ഞാനാഗ്രഹിക്കുന്നത്. താൻ ഉൾപ്പെട്ടു നിൽക്കുന്ന ചർച്ച് ഓഫ് ഗോഡ് എന്ന പ്രസ്ഥാനത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന അദ്ദേഹത്തിന്റെ ഹൃദയവികാരം സംസാരത്തിനിടയിൽ പലപ്പോഴും പ്രതിധ്വനിക്കുന്നത് എനിക്ക് കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്.

അമേരിക്കയിലെ മനോഹരമായ ടെന്നസ്സി സ്റ്റേറ്റിലെ ചാറ്റനൂഗ പട്ടണത്തിൽ പാസ്റ്റർ സി. സി. തോമസ് ശുശ്രൂഷിക്കുന്ന സഭയുടെ വളരെ അകലെയല്ലാതെ താമസിക്കുന്ന വ്യക്തിയാണ് ഞാൻ. സമീപസ്ഥലത്തുതന്നെയുള്ള സഭാ വിശ്വാസിയെന്ന നിലയിലും അദ്ദേഹത്തെയും കുടുംബത്തെയും എനിക്ക് അടുത്തറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ആർക്കും ആകർഷണം തോന്നുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് പാസ്റ്റർ സി. സി. തോമസ്. വളരെ ശക്തമായ പ്രതികൂലസാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടി വന്നപ്പോഴും തികഞ്ഞ വിശ്വാസത്തോടെയും പ്രാർത്ഥനയോടെയും അത് തരണം ചെയ്യുവാൻ അദ്ദേഹത്തിന് കഴിഞ്ഞത് എന്നെ അത്ഭുതപ്പെടുത്തി. മാത്രമല്ല ടൈനർ ചർച്ച് ഓഫ് ഗോഡിനെ വളർച്ചയുടെ പാതയിൽ നയിക്കുവാനും ഇദ്ദേഹത്തിനു കഴിഞ്ഞു. തികഞ്ഞ ആത്മീയനും മനുഷ്യസ്നേഹിയുമാണ് അദ്ദേഹമെന്ന തിരിച്ചറിയുവാനും എനിക്കിടയായിട്ടുണ്ട്. വലിപ്പചെറുപ്പമില്ലാതെ എല്ലാവരെയും സ്നേഹിക്കുവാനും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. എല്ലാവരെയും അംഗീകരിപ്പാനും സഹകരിപ്പിക്കുവാനുമുള്ള പാസ്റ്റർ സി. സി. തോമസിന്റെ ആ വലിയ മനസ്സ് ചാറ്റനൂഗ പട്ടണത്തിൽ പെന്തെക്കോസ്ത് പൊതുപ്രവർത്തന രംഗത്ത് വളരെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

കഴിഞ്ഞ ദിവസം പാസ്റ്റർ സി. സി. തോമസ് എന്നെ ഫോണിൽ വിളിച്ചിട്ട് പറഞ്ഞു "പിസിനാക്കിന് പങ്കെടുക്കുന്നതിന് 4 ദൈവദാസന്മാർക്ക് ഇൻവിറ്റേഷൻ ലെറ്റർ വേണം" ഞാൻ ചോദിച്ചു അവർ ആരൊക്കെയാണ്? "സാധുക്കളായ ദൈവദാസന്മാരാണ്. നമ്മൾ മാത്രമല്ല ദൈവീക നന്മകൾ അവരും അനുഭവിക്കട്ടെ". പാസ്റ്റർ സി. സി. തോമസിന്റെ ഈ വാക്കുകൾ എന്നെ വളരെയധികം ചിന്തിപ്പിച്ചു. അതുകൊണ്ട് തന്നെ മറ്റു പല ശുശ്രൂഷകരിൽ നിന്നും വ്യത്യസ്തനായ ശുശ്രൂഷകനാണ് പാസ്റ്റർ സി. സി. തോമസ്. അദ്ദേഹം ഓവർസിയറായി വരണമെന്നാണ് പ്രവാസികളായ അനേക ദൈവമക്കൾ ആഗ്രഹിക്കുന്നത്. ജനകീയ തെരഞ്ഞെടുപ്പുകളെക്കാൾ ദൈവീക തെരഞ്ഞടുപ്പാണ് പ്രധാനം. ദൈവം തന്നെ തെരഞ്ഞെടുക്കുമ്പോൾ ആർക്കും അതിനെ തടയാനാവില്ല. അദ്ദേഹത്തെ ദൈവം ആ സ്ഥാനത്തേക്ക് കൊണ്ടുവരട്ടെ എന്നാണെന്റെ ആഗ്രഹവും പ്രാർത്ഥനയും. പാസ്റ്റർ സി. സി. തോമസിന് അമേരിക്കൻ വിശ്വാസികളുടെയും ടെന്നസ്സി റൈറ്റേഴ്സ് ഫോറത്തിന്റെയും ആശംസകൾ.

## 03 എനിക്കും പറയാനുണ്ട്...

ക്കുന്നു എന്ന് സംശയിച്ചാൽ തെറ്റുണ്ടോ? ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കൺവൻഷനിൽ പ്രസംഗിക്കുവാൻ വന്ന താങ്കൾ അവിടെയുള്ള പ്രസംഗപീഠത്തിനുപകരം മറ്റൊരു പ്രസംഗപീഠം നിർമ്മിച്ചുകൊണ്ടുവന്ന് പ്രസംഗം നടത്തിയത് താങ്കളുടെ അല്പത്തരത്തിന് മറ്റൊരു തെളിവാണല്ലോ. ദൈവസ്നേഹത്തെക്കുറിച്ചും ക്ഷമയെക്കുറിച്ചും വലിച്ചുവാരി എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്ന താങ്കളിൽ ദൈവസ്നേഹത്തിന്റെ കണിക എങ്കിലും അവശേഷിക്കുന്നുണ്ടോ. വ്യാജ ആത്മീയതയുടെ മുഖംമൂടി ഒരിക്കൽ അഴിയുകയും കണക്ക് ബോധിപ്പിക്കേണ്ടി വരികയും ചെയ്യും. വേൾഡ് മിഷനിലേക്ക് വ്യാജകത്തുകൾ അയക്കുന്നത് താങ്കളാണ് എന്ന് എല്ലാവരും പറയുന്നത് സത്യമാണെന്ന് തെളിഞ്ഞ് കഴിഞ്ഞു.

ഊമക്കത്തിൽ എഴുതിയതിന് മറുപടി അതേ നാണയത്തിൽ എഴുതുവാൻ അറിയാൻ പാടില്ലാഞ്ഞിട്ടല്ല. ഇത്രയും സംസ്കാരശൂന്യമായ ഒരു കത്ത് അയച്ച താങ്കളുടെ സംസ്കാരം അതിൽ നിന്നുതന്നെ വെളിവാകും. ഇതൊക്കെ പൈതൃകമായി ചിലർക്ക് ലഭിക്കുന്ന തറ സംസ്കാരമാണ്. അരിയും തിന്ന് ആ ശാരിച്ചിയെയും കടിച്ചു, പിന്നെയും നായ്ക്കാണ് മുറുമുറുപ്പ് എന്നതുപോലെ ഊമക്കത്തും എഴുതി കേരളത്തിൽ പ്രശ്നവും ഉണ്ടാക്കികഴിഞ്ഞിട്ട് നല്ല പിള്ള ചമയുവാനും മറ്റുള്ളവരുടെ സിമ്പതി പറ്റാനുമുള്ള ശ്രമമാണ് താങ്കളുടെ ഈ മെയിൽ പ്രസ്താവന. നാല് പതിറ്റാണ്ടിലധികമായി അമേരിക്കയിൽ താമസിക്കുന്നു എന്ന് അഭിമാനം കൊള്ളുന്ന താങ്കളോട് ഒരു ചോദ്യം സന്ദർശകർ വെട്ടുക്കിളിപോലെ വരുന്നെന്നും അവരെ ശുശ്രൂഷിച്ച് സഹോദരിമാരുടെ നടുവൊടിഞ്ഞെന്നും എഴുതിയ താങ്കളുടെ സഹധർമ്മിണിക്ക് ഈ അനുഭവം ഉണ്ടായിട്ടുണ്ടോ?

ചർച്ച് ഓഫ് ഗോഡ് കേരളസ്റ്റേറ്റ് ഓവർസീയർ ഇലക്ഷനിൽ താങ്കൾ നടത്തിയ ഇടപെടൽ ഒരിക്കലും ഒരു ആത്മീയനും ചേർന്ന നിലയിലല്ല. ഇലക്ഷൻ നടന്നാൽ പാസ്റ്റർ സി. സി. തോമസ് ജയിക്കുമെന്നും അതുകൊണ്ട് തന്നെ ഇലക്ഷൻ നടത്തിക്കരുതെന്നും താങ്കൾ പറഞ്ഞത് ഏത് ആത്മാവിലാണ്. ഇലക്ഷൻ തടയുമെന്നും സ്റ്റേ മേടിക്കുമെന്നും സംഘർഷമുണ്ടാകുമെന്നും ഒക്കെ ഉള്ള താങ്കളുടെ സംസാരം എന്തിനുവേണ്ടിയായിരുന്നു. പകയും കയ്പ്പുമുള്ള താങ്കളുടെ ഹൃദയത്തിൽ താങ്കൾക്ക് ഇഷ്ടമില്ലാത്ത എല്ലാവരെക്കുറിച്ചും മോശമായി എഴുതുന്നത് ഏത് ആത്മാവിലാണ്. അനിൽ കൊടിത്തോട്ടത്തിന് വൈ. പി. ഇ. മീറ്റിംഗിൽ പ്രസംഗിപ്പിച്ചതുകൊണ്ടുമാത്രം പാസ്റ്റർ വൈ. റെജി എങ്ങനെ മോശക്കാരനാകും? പാസ്റ്റർ സി. സി. തോമസിനെതിരെ വ്യാജം എഴുതരുത് അത് തെറ്റല്ലേ എന്ന് ചോദിച്ചതുകൊണ്ടു മാത്രം പാസ്റ്റർ ഷിബു കെ. മാത്യു എങ്ങനെ മോശക്കാരനാകും. ഫെയ്സ് ബുക്കിൽ എന്റെ പേര് എന്തിനാണ് വലിച്ചിഴച്ചത് അത് സാർ ചെയ്തത് തെറ്റല്ലേ എന്ന ചോദ്യത്തിന് ക്ഷുഭിതനാകുകയും ടി. എസ്. ബാലന്റെ പത്രത്തിന്റെ കോപ്പികൾ കൈയിലുണ്ട് അതുവെച്ച് അമേരിക്കയിലെ മലയാളികൾക്കെല്ലാം എഴുതുമെന്ന് പറയുകയും എനിക്കിനി ആറോ ഏഴോ വർഷം മാത്രമേ ശേഷിക്കുന്നുള്ളൂ. അതിനുമുമ്പ് നിങ്ങളെ ഞാൻ നശിപ്പിക്കുമെന്ന് രാജൻ ആര്യപ്പള്ളിയോട് പറഞ്ഞ താങ്കൾ ഇപ്പോൾ തെറ്റിദ്ധാരണ പരത്തുന്ന നിലയിൽ പ്രസ്താവന ഇറക്കിയത് വ്യാജാത്മാവല്ലേ. സംഭാഷണത്തിന്റെ രേഖ ആവശ്യമെങ്കിൽ പ്രസിദ്ധീകരിക്കാം.

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിനെക്കുറിച്ച് ഇപ്പോൾ വേവലാതിപ്പെടുന്ന നിങ്ങൾ ഇതിലും വലിയ പ്രതിസന്ധി ഉണ്ടായപ്പോഴൊന്നും ഇവിടെയെങ്ങും കണ്ടിട്ടില്ലല്ലോ. മുളക്കുഴയിൽ പാസ്റ്റേഴ്സിനെ ഒരു കൂട്ടം ഗുണ്ടകൾ മർദ്ദിച്ചപ്പോൾ, ഓവർസീയറുടെ പേര് പറഞ്ഞ് പത്രക്കാരെയും ശുശ്രൂഷകരെയും അസഭ്യം വിളിച്ചപ്പോൾ (തിരുവല്ല, പത്തനംതിട്ട, പുല്ലാട്, ഹരിപ്പാട് എന്നീ സ്റ്റേഷനുകളിൽ ഇത് സംബന്ധമായ കേസ് നൽകിയിരുന്നു.) എന്റെ ഭവനത്തിൽ വന്ന് ഗുണ്ടകൾ എന്നെ മർദ്ദിക്കുവാൻ ശ്രമിക്കുകയും അസഭ്യം പറയുക യും ചെയ്തപ്പോൾ ഇന്ന് ധാർമ്മിക രോഷം കൊള്ളുന്ന താങ്കൾ എവിടെയായിരുന്നു. ഒരു ദൈവദാസനെ തകർക്കുവാനുള്ള ഏറ്റവും വലിയ ആയുധമാണിന്ന് സ്ത്രീബന്ധം പറഞ്ഞ് പരത്തുക എന്നത്. സ്ഥാനാർത്ഥിയായ ദൈവദാസനെക്കുറിച്ച് താങ്കൾ എഴുതിയതിൽ സത്യത്തിന്റെ കണിക എങ്കിലും ഉണ്ടെങ്കിൽ എന്തുകൊണ്ട് അദ്ദേഹത്തിന്റെ പേര് എഴുതുന്നതിനുപകരം ABC എന്നെഴുതി. സത്യമാണെങ്കിൽ പേരെഴുതുവാൻ ധൈര്യം കാണിക്കേണ്ടേ? താങ്കൾ എഴുതിയ ഊമക്കത്തുകളെല്ലാം വ്യാജമായ കാര്യങ്ങളെക്കുറിച്ചാണ്. അതുകൊണ്ടാണല്ലോ താങ്കളുടെ പേര് എഴുതുവാൻ ധൈര്യം കാട്ടാതിരുന്നത്. താങ്കളെഴുതിയ ഈമെയിൽ പ്രസ്താവനയിൽ പാസ്റ്റർ ABC യ്ക്കെതിരെ എഴുതുവാൻ ഇന്ത്യയിലും അമേരിക്കയിലും ഉള്ള 11



ഗ്രന്ഥനിരൂപണം

# സർഗ്ഗചേതനയുടെ പാളം തെറ്റുമ്പോൾ

**അനിൽ കൊടിത്തോട്ടം**

**ബിലീവേഴ്സ് ജേണൽ ആരംഭിക്കുന്നതിനുമുമ്പ് 2007 ഏപ്രിൽ മാസത്തിൽ റീഡേഴ്സ് ജാലകം പ്രസിദ്ധീകരിച്ച അനിൽ കൊടിത്തോട്ടത്തിന്റെ പാളം തെറ്റിയ തീവണ്ടിയെക്കുറിച്ചുള്ള ഗ്രന്ഥനിരൂപണം ജാലകം ചീഫ് എഡിറ്ററുടെ അനുവാദത്തോടെ ഇവിടെ പ്രസിദ്ധീകരിക്കുന്നു. ഈ ലേഖനം എഴുതിയ അനിൽ കൊടിത്തോട്ടത്തിന്റെ പംക്തി ബിലീവേഴ്സ് ജേണൽ പ്രസിദ്ധീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് ശ്രീ. ഏഴംകുളം സാംകുട്ടി ജേണലിനെതിരെ തിരിഞ്ഞത്, ഊമക്കത്തുകൾ എഴുതിയതും. ഇപ്പോൾ അത് വളർന്ന് ഭീഷണിയിലേക്കും ഈമെയിൽ പ്രസ്താവനയിലേക്കും എത്തിക്കഴിഞ്ഞു. ഈ ലേഖനം മാന്യവായനക്കാരുടെ വിചാരണയ്ക്കായി വിടുന്നു. ഇതിൽ വ്യക്തിഹത്യയോ ഡോ. ഏഴംകുളം സാംകുട്ടി ക്ഷോഭിക്കത്തക്ക നിലയിലുള്ള മറ്റ് വസ്തുതകളോ ഉണ്ടോ? വായനക്കാർ വിധി എഴുതൂ..**

പവ്വർ വിഷന്റെ യൂത്ത്& ട്രൂത്ത് പ്രോഗ്രാമിൽ ‘ക്രിസ്തീയ സാഹിത്യം പ്രതിസന്ധികളും’ പ്രതീക്ഷകളും എന്ന വിഷയം ചർച്ച ചെയ്തിരുന്നു. സർഗ്ഗ സാഹിത്യ രംഗത്ത് കാര്യക്ഷമമായി ഇടപെടാൻ കഴിയാതെ പോയ ക്രിസ്തീയ എഴുത്തുകാരെക്കുറിച്ചും അതിന്റെ കാര്യകാരണങ്ങളും അവിടെ വിശകലനം ചെയ്യപ്പെട്ടു. ആശാവഹമായ യാതൊരു പുരോഗതിയും മലയാള സർഗ്ഗസാഹിത്യമേഖലയിൽ സൃഷ്ടിക്കുവാൻ ക്രൈസ്തവ എഴുത്തുകാർക്കായിട്ടില്ല എന്ന നിരീക്ഷണമായിരുന്നു വിശകലനത്തിന്റെ സംക്ഷേപം.

നോവൽ, കഥ, കവിത തുടങ്ങി സർഗ സാഹിത്യത്തിൽ ശ്രദ്ധേയമായതൊന്നും കഴിഞ്ഞ രണ്ടു ദശകത്തിനുള്ളിൽ ബ്രദറൺ പെന്തെക്കോസ്ത് എഴുത്തുകാർക്ക് ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നത് അത്യന്തം ഖേദകരമത്രേ. പാതിരിച്ചുവയുള്ള ഭാഷയുടെ പിടിയിൽ നിന്നും പുറത്തുവരാൻ കഴിയാത്ത നമുക്ക് പ്രതിബന്ധം സൃഷ്ടിക്കുന്ന ഘടകങ്ങൾ വേറെയുമുണ്ട്. സാഹിത്യത്തിലെ പുത്തൻപ്രവണതകളും നിരൂപണങ്ങളും വിലയിരുത്താനോ, വായിക്കാനോ മുതിരാത്ത നമ്മുടെ കുറ്റം ഏറ്റുപറയുകയാണ് ഉരുണ്ടുകളിക്കുന്നതിനേക്കാൾ അഭികാമ്യം.

പവ്വർ വിഷൻ ചർച്ചയ്ക്ക് മുമ്പ് സൗഹൃദ സംഭാഷണ വേളയിൽ സർഗ്ഗസാഹിത്യത്തിലെ പെന്തെക്കോസ്തു സാന്നിധ്യം ചർച്ച ചെയ്യുമ്പോൾ സ്വാഭാവികമായും പാളം തെറ്റുന്ന തീവണ്ടിയും രംഗപ്രവേശം ചെയ്തു. ഈ പുസ്തകം മുമ്പ് വായിച്ചിരുന്നെങ്കിലും അതിന്റെ പ്രമേയം ഓർമ്മയിൽ നിന്ന് ഏറെക്കുറെ വഴിപിരിഞ്ഞിരുന്നു. അപ്പു നെടുങ്ങാടിയുടെ കുന്ദലതയ്ക്കും, ചന്തുമേനോന്റെ ഇന്ദുലേഖയ്ക്കും, സി. വി.യുടെ ധർമ്മ രാജയ്ക്കുമൊപ്പം കിടപിടിക്കുന്ന കൃതിയാണിതെന്ന് കേട്ടപ്പോൾ ആ മാനദണ്ഡത്തിൽ ഒന്നു വായിക്കാനുള്ള പ്രലോഭനത്തിന് വശംവദനായി. പുസ്തകത്തിന്റെ ആറാം പതിപ്പ് സാന്ദർഭികമായി ലഭിച്ചു. രണ്ടാം ക്ലാസ് കമ്പാർട്ടുമെന്റിലെ സീറ്റ് കിട്ടാത്ത യാത്രക്കാരനെപ്പോലെ ഒരു വായനക്കാരൻ എന്ന പരിമിതിക്കുള്ളിൽ ഈ കൃതിയെ വിശകലനം ചെയ്യുന്നത് ഒരർത്ഥത്തിലും നാശോന്മുഖ ലക്ഷ്യം ഉള്ളിൽ സൂക്ഷിച്ചല്ല. മറിച്ച്, അറിവിന്റെ പരിമിതിക്കുള്ളിൽ ഒരു ശരാശരി പെന്തെക്കോസ്തുകാരന്റെ നിരീക്ഷണബോധം പ്രകടമാക്കുന്നുവെന്നു മാത്രം.

സിഗ്നൽ കാത്തു കിടക്കുമ്പോഴുള്ള വിരസതയും ഇരിപ്പിടം കിട്ടാത്ത നിരാശയും ചൂടാറിയ ചായയും ശുചിത്വമില്ലാത്ത ടോയ്‌ലറ്റും ഒക്കെയാണ് ഒരു ട്രെയിൻ യാത്രികന്റെ സാധാരണ അനുഭവങ്ങൾ. പാളം തെറ്റിയ തീവണ്ടിയും വ്യത്യസ്തമായിരുന്നില്ല. ആ അർത്ഥത്തിൽ സർഗ്ഗചേതനയുടെ പാളം വിട്ടുമാറുന്ന ഈ കൃതിയുടെശീർഷകം പ്രസക്തമാകുന്നു.

തെങ്ങുവിള മത്തായിച്ചൻ എന്ന യാഥാസ്ഥിതിക പെന്തെക്കോസ്ത് പാസ്റ്ററുടെ മുടിയൻപുത്രനായ ജോണിയെയാണ് ‘പാളം തെറ്റിയ തീവണ്ടി’ എന്ന തലക്കെട്ട് സൂചിപ്പിക്കുന്നതെങ്കിലും നോവലിൽ ആദിയോടന്തം തെങ്ങുവിള മത്തായിച്ചൻ എന്ന കാരണവരുടെ വൺമാൻ ഷോയാണ് പ്രകടമാകുന്നത്. മാസയോഗം മുതൽ ജനറൽ കൺവൻഷൻ വരെ അടക്കി ഭരിക്കുന്ന ഏകാധിപതിയായ സഭാ പ്രസിഡന്റിനെ അനുസ്മരിപ്പിക്കുംവിധമുള്ള മത്തായിച്ചന്റെ ഏകാഭിനയം പെന്തെക്കോസ്തിന്റെ അധികാര നിർവ്വചനങ്ങളുടേയും ഹൈറാർക്കിയുടേയും അപചയമായി മാറുന്നു. നായകനും കഥയുടെ പരകോടി സൃഷ്ടിക്കുന്നതിൽ പ്രമുഖനുമാകേണ്ട ജോണിക്ക് ഒരു സഹനടന്റെ റോളേ ഈ ചിത്രത്തിലുള്ളു. വെള്ളിത്തിരയിൽ ഈ നോവൽ ആവിഷ്ക്കരിക്കേണ്ടി വന്നാൽ യൗവ്വനക്കാരനും നായകനുമായ ജോണിയേക്കാൾ മത്തായിച്ചനെന്ന കാരണവരായിരിക്കാനാവും സൂപ്പർ സ്റ്റാറുകൾക്ക് താല്പര്യം.

മദ്ധ്യതിരുവിതാംകൂറിലെ ഒരു കർഷക കുടുംബത്തിൽ നിന്ന് മാനസാന്തരാനുഭവം പ്രാപിച്ച് മദ്യാപനവും മാടമ്പിത്തവും വിട്ടിറങ്ങിയ മത്തായിച്ചൻ പിൽക്കാലത്ത് സുവിശേഷ വേലയ്ക്കുവേണ്ടി സ്വത്തും കുടുംബമഹിമയും ഉപേക്ഷിച്ചിറങ്ങി വിശ്വാസത്തിന്റെ അചഞ്ചലതയിൽ മുന്നേറുന്നു. കഷ്ടതയും അടിക്കടിയുണ്ടാകുന്ന സ്ഥലംമാറ്റം നിമിത്തം ഭവിക്കുന്ന അസൗകര്യങ്ങളും ദാരിദ്ര്യവും മത്തായിച്ചന്റെ മകൻ ജോണിയെ ദുർമാർഗ്ഗിയും അഹംഭാവിയും ആക്കുന്നു. പിതാവിനോടും അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങളോടും വെറുപ്പ് തോന്നുന്ന ജോണി എൺപതിന് മുമ്പുള്ള പെന്തെക്കോസ്ത് യുവാവിനെയാണ് പ്രതിനിധീകരിക്കുക. ക്വയറും, വർഷിപ്പ് ലീഡിംഗും, തിയോളജി അഭ്യസനവുംകൊണ്ട് ഏറെ പരിഷ്കൃതമായ കാലികയുവ പെന്തെക്കോസ്തു സംസ്കാരത്തിന്റെ പ്രതിനിധിയാകാൻ ഒരിക്കലും ജോണിക്കാവില്ല. നോവലിസ്റ്റ് ഉൾപ്പെടെ ഒരു പറ്റം യുവാക്കൾ യാഥാസ്ഥിതിക പെന്തെക്കോസ്തലിസം കൊടുമ്പിരികൊണ്ടിരുന്ന കാലയളവിൽ അതിന്റെ വിലങ്ങുകൾ പൊട്ടിച്ച് തൂലികയേന്തിയ വസ്തുത പോലും ജോണിക്ക് ജീവൻ നല്കുമ്പോൾ ഓർത്തിരുന്നില്ലെന്ന് തോന്നുന്നു. കുടുംബത്തിന് ബാധ്യതയാകുന്ന ജോണി ഉദ്യോഗാർത്ഥം ബോംബെയിൽ എത്തുന്നു. കൂടുതൽ സ്വതന്ത്രമാക്കപ്പെട്ട സാഹചര്യത്തിൽ ജോണിയിലെ ദുർമാർഗ്ഗം അതിന്റെ എല്ലാ സീമകളും ലംഘിച്ച് അഭിസാരികയിലേക്ക് ആനയിക്കുന്നു. ആ യാത്രമദ്ധ്യേ അപകടത്തിൽപ്പെട്ട ജോണിയെ പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ച് സമുദായ സഭയിൽ തുടരുന്ന നേഴ്സും ഭർത്താവും ചേർന്ന് പരിചരിക്കുന്നു. വാർത്തയറിഞ്ഞ് ബോംബെയിൽ എത്തിയ പിതാവ് മരണവും നേഴ്സിന്റെ സ്നേഹാധിഷ്ഠിത പരിചരണം സൃഷ്ടിച്ച പുത്തൻ മാനസികാവസ്ഥ ജോണിയെ മാനസാന്തരത്തിലേക്കും നയിക്കുന്നു. അങ്ങനെ നോവൽ അതിന്റെ ക്ലൈമാക്സിലെത്തുന്നു.

ജോണിയുടെ മാനസാന്തരത്തിന് ഒരു മടങ്ങിവരവ് എന്ന ധ്വനിയാണ് നോവൽ നൽകുന്നത്. ‘പാളം തെറ്റിയ’ എന്ന പ്രയോഗം ജോണിയെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. വിശ്വാസത്തിന്റെ പാളങ്ങളിലൂടെ ഒരിക്കലും മുമ്പ് ജോണി സഞ്ചരിച്ചിരുന്നില്ല. പിതാവ് മത്തായിച്ചനിലേക്കു വന്നാൽ വിശ്വാസത്തിന്റെ തീവ്രതയിൽ കുടുംബത്തിന്റെ സന്ധാരണം അടക്കമുള്ള വിഷയങ്ങളിൽ വേണ്ടത്ര പരിഗണന നല്കാത്ത ഒരു വ്യക്തിത്വത്തെയാണ് കാണുന്നത്. സ്വന്തം കുടുംബത്തെ നന്നായി സംരക്ഷിക്കാത്തവൻ നല്ല ശുശ്രൂഷകനാകുന്നില്ല എന്ന വേദ നിഗമനത്തിന് പലപ്പോഴും മത്തായിച്ചൻ അപവാദമാകുന്നു.

ലഘുവായി, ഋജുവായി പറഞ്ഞുതീർക്കേണ്ട ഒരു പ്രമേയം മാത്രമേ ഇതിലുള്ളൂ. പെന്തെക്കോസ്ത് ചരിത്രത്തെ ആഖ്യാനിക്കുന്നതിന് തെങ്ങുവിള മത്തായിച്ചവനെ ബലി കഴിക്കുകയും ചരിത്ര നിർമ്മിതിയിൽ സുപ്രധാന പങ്കുള്ള പലരേയും തമസ്ക്കരിക്കുകയും യുവാക്കളെ, അവരുടെ പ്രതീകമായ ജോണിയെ പാർശ്വവൽക്കരിക്കുകയും നോവലിന്റെ ഗാംഭീര്യതയ്ക്കുവേണ്ടി ഗാന്ധിജി, നേതാജി, മന്നം തുടങ്ങിയ ചരിത്ര പുരുഷന്മാരെ രംഗത്ത് ഇറക്കുകയും ചെയ്തിരിക്കുന്നു. ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ, വിമോചന സമരം തുടങ്ങി കേരളചരിത്ര പ്രസക്തങ്ങളായ പല സംഭവങ്ങളും നോവലിൽ വിഷയീഭവിക്കുന്നുണ്ട്. ഇത് നോവലിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നു എന്നുമാത്രമല്ല. നോവലിന്റെ ഘടനയിൽ ഒരു കൃത്രിമത്വം പ്രകടമാവുകകൂടി ചെയ്യുന്നു. പെന്തെക്കോസ്ത് സമൂഹത്തിന്റെ പശ്ചാത്തലത്തിൽ വിരചിതമായ ആദ്യനോവലിൽ പെന്തെക്കോസ്തിന്റെ ശക്തിയേക്കാൾ അതിന്റെ ദൗർബല്യത്തെയാണ് നോവലിസ്റ്റ് പ്രകടിപ്പിക്കുന്നത്. ചെല്ലപ്പേരുകൾകൊണ്ട് സമൃദ്ധമാണ് ഇതിലെ ഇരുപതോളം കഥാപാത്രങ്ങൾ. മഹോപദ്രവം ചാണ്ടിക്കുഞ്ഞ്, ഉപവാസം തങ്കമ്മ, കുടിയൻ തൊമ്മൻ, ആമേൻ ജോർജ്ജുകുട്ടി, ഷെക്കെന ചാക്കോച്ചൻ, ഒമേഗാ തങ്കച്ചൻ, യാഗപീഠം പൊടിയച്ചൻ, ഭക്തൻ മാത്തുകുട്ടി, വെളിപ്പാട് മേരി, സ്തോത്രം കുഞ്ഞച്ചൻ, പുറപ്പാട് പാപ്പച്ചൻ, ആവർത്തനം തങ്കച്ചൻ, ദിനവൃത്താന്തം മേരി, ഹല്ലേലൂയ്യാ വർഗ്ഗീസ്, ദർശനം ദാനിയേൽ–ഇങ്ങനെ ഇരട്ടപ്പേരുകളുടെ മാറാപ്പുമേറി തീവണ്ടിയുടെ കമ്പാർട്ടുമെന്റിലൂടെ നാടോടികളായി അലയുന്ന പെന്തെക്കോസ്തു കഥാപാത്രങ്ങൾ പൊതുസമൂഹത്തിന് നല്കുന്ന ചിത്രം പെന്തെക്കോസ്തരുടെ വികല വ്യക്തിത്വത്തിന്റെ ഭാവമാണ്. ഇവിടേയും തലമുറകൾക്കിടയിലെ വിടവ് കനത്ത പ്രതിസന്ധി സൃഷ്ടിക്കുന്ന കഥാപാത്ര നിർമ്മിതിയിലും അവരുടെ സംഭാഷണങ്ങളിലും കൃത്രിമത്വവും അതിഭാവുകത്വവും പ്രകടമാണ്. അലങ്കാര പ്രയോഗങ്ങളിലും സാഹചര്യ ചിത്രീകരണങ്ങളിലുമൊക്കെ ഇത്തരം അസ്വഭാവികതകൾ കാണാം.

“അവർ ഇരുന്ന തെങ്ങിൻ ചുവട്ടിലൂടെ വിട്ടിലുകൾ തത്തി തത്തി നീങ്ങി...” (പേജ്.41).

“കൂട്ടം വിട്ടുവന്ന ഒരു കാക്ക ശോകസ്വരത്തിൽ കരഞ്ഞുകൊണ്ടു പോയി...” (പേജ് 136).

“മലപോലെ വന്ന പ്രശ്നത്തെ മലരുപോലെ മാറ്റിത്തന്ന ദൈവം ...”(പേജ്.160).

“നെല്ല് കണ്ട കോഴിയെപ്പോലെ (ജനം) പന്തലിലേക്ക് നടന്നുകയറി...” (പേജ്.158).

നോവലിസ്റ്റിന്റെ ഒരു ദൗർബല്യമെന്നവണ്ണം അനവസരത്തിൽപ്പോലും കാറ്റ് അടിയ്ക്കുന്ന പ്രയോഗവർണ്ണന കാണാം.

“പെരിയാർ തടാകത്തിൽ നിന്ന് ശബരി മലവഴി മൈലുകൾ സഞ്ചരിച്ചുവന്ന ഈറൻ കാറ്റ്....ഇന്ത്യൻ മഹാ സമുദ്രത്തെ ലക്ഷ്യമാക്കി പാഞ്ഞു....” (പേജ്.64).

“വെള്ളിമല തോട്ടത്തിൽ നിന്നും തണുത്ത ശ്വാസവുമായി വന്ന കാറ്റ്....” (പേജ്.104).

“കാറ്റ് പന്താടുന്ന മേഘങ്ങളുടെ വിടവിലൂടെ....” (പേജ്.136).

“കാറ്റിന്റെ ഹുങ്കാരം....”(പേജ്.145).

“അകലെ നെൽപ്പാടങ്ങളിൽ കുളിർകാറ്റടിച്ചു....” (പേജ്. 171).

“നദിയുടെ തലോടലേറ്റ്, കാറ്റിന്റെ ഹുങ്കാരം കേട്ട് സുവിശേഷം അറിയിച്ചു നടക്കുന്ന ഒരു കുടുംബം....” (പേജ്.196).

ചരിത്രാഖ്യായിക എന്ന നിലയിലും പെന്തെക്കോസ്ത് പശ്ചാത്തലത്തെ പ്രമേയമാക്കി എന്നതിലും ഈ കൃതിക്കുള്ള പ്രഥമ പരിഗണന അംഗീകരിക്കുന്നു. കൃത്രിമ ഡോക്ടറേറ്റുനേടി സുവിശേഷത്തെ വളഞ്ഞ വഴിക്ക് ധനസമ്പാദനത്തിനുള്ള മാർഗ്ഗമായി കാണുന്ന പാസ്റ്റർ ജെയിംസിന് മുമ്പിൽ പെന്തെക്കോസ്ത് ഉപദേശത്തിന്റെ മൗലീകതയിൽ തന്റേടത്തോടെ പിടിച്ചുനിൽക്കുന്ന മത്തായിച്ചൻ നമുക്ക് അഭിമാനത്തിന് വക തരുന്നു (പേജ്.202,203). എന്നാൽ ഇതേ മത്തായിച്ചൻ തന്നെ എക്യൂമെനിസത്തിന്റെ കുടക്കീഴിൽ നിന്ന് അവസരവാദത്തിന്റെ പടുകുഴിയിലും പെട്ടുപോകുന്നു (പേജ്.149,150,252). 19–ാം അദ്ധ്യായത്തിന്റെ ആരംഭമാണ് ഈ പുസ്തകത്തിന്റെ സാഹിത്യ മേന്മ അവകാശപ്പെടാവുന്ന ഒരേയൊരു ഭാഗം (പേജ് 157). എന്നാൽ ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസത്തിൽ ചെതലി മലയെക്കുറിച്ചുള്ള വിശദീകരണത്തോട് ഇവിടെ സാമ്യം കണ്ടെത്താനാവും.

90–കൾ വരെ സാധാരണക്കാരേയും സ്ത്രീകളേയും വളരെ ആകർഷിച്ച പൈങ്കിളി മാധ്യമങ്ങൾക്ക് പിന്നീടുള്ളത് ശനിദശയായിരുന്നു. 83–ൽ പ്രസിദ്ധം ചെയ്ത പാളം തെറ്റിയ തീവണ്ടിക്ക് ഏറെ വായനക്കാർ ഉണ്ടായത് സ്വഭാവികവും അത് അർഹിച്ചതുമായിരുന്നു. ഒരു സാമാന്യ വായനക്കാരന് ആസ്വദിക്കാനും കണ്ണീർതൂകാനും വേണ്ടതെല്ലാം തെങ്ങുവിള മത്തായിച്ചന്റെ സാധുകുടുംബത്തിലും പാളം തെറ്റിയ തീവണ്ടിയിലും ഉണ്ട്.യുക്തിവാദം, ശനിദശയിൽ, എ. ഡി. 2000? ശാസ്ത്രവും ബൈബിളും തുടങ്ങി മികച്ച കൃതികൾകൊണ്ട് ക്രൈസ്തവ കൈരളിയെ സമ്പന്നമാക്കിയ അഭ്യസ്തവിദ്യനും പ്രതിഭാശാലിയുമായ എഴുത്തുകാരന് പാളം തെറ്റിയ തീവണ്ടിയുടെ ആവിഷ്ക്കരണത്തിൽ പാളിച്ച പറ്റിയെന്ന് പരിതപിക്കാനുള്ള സ്വാതന്ത്ര്യം ഈ ശരാശരി വായനക്കാരന് നൽകിയാലും. അതുകൊണ്ട് തന്നെ പെന്തെക്കോസ്തു ചരിത്ര നിർമ്മിതിക്കും സർഗ്ഗ സാഹിത്യത്തിനും കുറേക്കൂടി അടുക്കും ചിട്ടയും ആർജ്ജവവും അനിവാര്യമാണെന്ന് പറയാൻ അമാന്തിക്കുന്നില്ല.

# അനുഗ്രഹ പ്രാർത്ഥനയും അനുമോദന സമ്മേളനം



**റാന്നി:** 92 വർഷങ്ങൾ പിന്നിടുന്ന ഐ. പി. സി. റാന്നി ഈസ്റ്റ് സെന്ററിന്റെ പുതിയ ശുശ്രൂഷകനായി, പ്രസിദ്ധ സുവിശേഷ പ്രഭാഷകനും ഐ. പി. സി. ബഥേൽ ടൗൺ സഭാ ശുശ്രൂഷകനുമായ പാസ്റ്റർ വർഗ്ഗീസ് എബ്രഹാം നിയമിതനായി. ദീർഷ വർഷങ്ങൾ സെന്റർ പാസ്റ്ററായി പ്രവർത്തിച്ചുവന്ന പാസ്റ്റർ ടി. സി. ഈശോയുടെ നിര്യാണത്തെ തുടർന്നാണ് പാസ്റ്റർ വർഗ്ഗീസ് എബ്രഹാമിനെ ഐ. പി. സി കേരളാ സ്റ്റേറ്റ് പ്രിസ്ബിറ്ററി സെന്റർ ശുശ്രൂഷകനായി നിയമിച്ചത്. 2016 ജൂൺ 5 ഞായർ 3.30ന് ഇട്ടിയപ്പാറ ഐ. പി. സി. ബഥേൽ ടൗൺ ചർച്ചിൽ നടന്ന ചടങ്ങിൽ അദ്ദേഹത്തെ ആ സ്ഥാനത്തേക്ക് കൈവച്ച് പ്രാർത്ഥിച്ച് ശുശ്രൂഷ ഏൽപിച്ചു. പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ കെ. സി. ജോൺ, പാസ്റ്റർ കെ. കെ. ചെറിയാൻ, പാസ്റ്റർ കെ. സി. തോമസ്, പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ സി. സി. എബ്രഹാം, ബ്രദർ മോനി കരിക്കം, ബ്രദർ ജോയി താനവേലിൽ, ബ്രദർ സുധി കല്ലുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

ലേഖനം

# സാമൂഹ്യ മാധ്യമങ്ങളുടെ മുന്നേറ്റം



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

സാമൂഹ്യജീവിതത്തിൽ ബഹുജനമാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനങ്ങളുടെ വൈപുല്യം പലനിലകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഒന്നാം പകുതിയിൽ ആരംഭിക്കുന്ന പുസ്തക പത്ര മാസികാപ്രസിദ്ധീകരണ സംസ്കാരം, രണ്ടാം പകുതിയിൽ സജീവമാകുന്നു. നവോത്ഥാന ആധുനികതയുടെ ഇടപെടൽ മണ്ഡലങ്ങളായി കരുതിപ്പോരുന്ന നാനാതരം സാമൂഹ്യ പ്രസ്ഥാനങ്ങൾക്കു വഴിവച്ചത് മുഖ്യമായും അച്ചടിസാങ്കേതികതയും സാക്ഷരതയും വായനയുമായിരുന്നു നൂറ്റാണ്ടിന്റെ രണ്ടാം പകുതിയാകട്ടെ, ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവയുടെ വരവിനും വളർച്ചയ്ക്കും സാക്ഷിയായി. അച്ചടി, ശ്രാവ്യ, ദൃശ്യ മാധ്യമങ്ങളൊന്നടങ്കം, ഇന്റർനെറ്റ് സൃഷ്ടിച്ച അപാരമായ ഇടപെടൽ സാധ്യതകൾ തുറന്നിട്ട് സ്വയം നവീകരിക്കുകയും പ്രതിനിധാനപരമായി ബഹുജനമാധ്യമകാലം എന്നു വിളിക്കാവുന്ന ഒരവസ്ഥക്ക് 1990 മുതലുള്ള ഘട്ടത്തിൽ തുടക്കം കുറിക്കുകയും ചെയ്തു. മുഖ്യമായും ഈ ഘട്ടം മുൻനിർത്തി, അഥവാ ആഗോളവൽക്കരണത്തിന്റെ കാൽനൂറ്റാണ്ട് മുൻനിർത്തി സാമൂഹ്യജീവിതത്തിൽ ബഹുജന മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സാംസ്കാരിക പ്രഭാവങ്ങൾ സാമാന്യമായി സൂചിപ്പിച്ചുപോകാൻ മാത്രമാണ് ഇവിടെ ശ്രമിക്കുന്നത്. ഡിജിറ്റൽ സാങ്കേതികത, മൾട്ടിമീഡിയ സംവിധാനം, ഇന്റർനെറ്റ് ശൃംഖല എന്നിവയുപയോഗിച്ച് കൊണ്ട് വികസിപ്പിച്ചെടുത്ത ആശയവിനിമയത്തിന്റെയും പ്രതിനിധാനത്തിന്റെയും ആവിഷ്കാരത്തിന്റെയും രീതികളെയും സാമൂഹിക പ്രയോഗങ്ങളെയും ഉൾക്കൊള്ളുന്നതാണ് നവമാധ്യമങ്ങൾ. കമ്പ്യൂട്ടർ സാങ്കേതികത വഴി മാധ്യമ ഉള്ളടക്കങ്ങളുടെ നിർമ്മാണത്തിന്റെയും പ്രസാധനത്തിന്റെയും വിതരണത്തിന്റെയും ജനാധിപത്യവത്കരണമാണ് നവമാധ്യമങ്ങളിലൂടെ നടപ്പിലാകുന്നത്. മനുഷ്യരാശിയുടെ ദീർഘജീവിതയാത്രകളുടെ വഴിത്തിരിവുകൾ കുറിച്ചത് മാധ്യമങ്ങളുടെ ശക്തിയാണ്. മഹാ പ്രപഞ്ചത്തിലെ അതിരുകളില്ലാത്ത അറിവുകളെയും ആകസ്മികതകളെയും അത് കടഞ്ഞെടുത്ത് നമുക്ക് പകർന്നുതരുന്നു. നമ്മുടെ കാഴ്ചയെയും കേൾവിയെയും ഇന്ന് ഏറ്റവുമധികം സ്വാധീനിക്കുന്ന മേഖലയായി അത് വളർന്ന് പടർന്ന് പന്തലിച്ചിരിക്കുകയാണ്. സാമൂഹിക മാധ്യമങ്ങൾ മനുഷ്യ ജീവിതത്തിന്റെ ദിശ നിർണയിക്കുന്ന കാലമാണിത്. ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് പോലുള്ള സാമൂഹ്യ മാധ്യമങ്ങൾ നമ്മുടെ പൊതു സമൂഹത്തിൽ ഉളവാക്കുന്ന മാറ്റം വലുതാണ്. ലോകത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് സംഭവിക്കുന്നതിന്റെ വീഡിയോ നിമിഷങ്ങൾക്കുള്ളിലാണ് അനുവാചകരുടെ കൈകളിലെത്തുന്നത്. കാഴ്ചയുടെയും കേൾവിയുടെയും, വികാര വിമലീകണത്തിന്റെയും വർണാഭമായ ഇടമാണ് സാമൂഹിക മാധ്യമങ്ങൾ. പ്രായഭേദമന്യെ എല്ലാവരെയും പെട്ടെന്ന് കണ്ടെത്താൻ കഴിയുന്ന പൊതുഇടം. വിവരവിനിമയത്തിന്റെ പുത്തൻ സാധ്യതകൾ തുറന്നിട്ട സാമൂഹിക മാധ്യമങ്ങൾ പഴഞ്ചൻ ധാരണകളുടെ വേര് പറിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഏത് മാധ്യമവും ഇരുതലമൂർച്ചയുള്ളതാണ്. സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ ഗുണത്തേക്കാളേറെ ദോഷമായിരിക്കും. സാമൂഹിക മാധ്യമങ്ങളുടെ ഗുണങ്ങളുടെ പട്ടിക നിരത്തുമ്പോഴും തുറിച്ച് നോക്കുന്ന ചില യാഥാർഥ്യങ്ങളിലേക്ക് കണ്ണ് പായിക്കാതിരിക്കാനാവില്ല. ആഴത്തിലുള്ള വായനയും പഠനവും കവർന്നെടുക്കുന്നതിൽ സോഷ്യൽ മീഡിയയുടെ പങ്ക് ചെറുതല്ല. ഉപരിപ്ലവമായ അറിവുകളിൽ അഭിരമിക്കുന്ന പുത്തൻ തലമുറയെ തൃപ്തിപ്പെടുത്തുക മാത്രമാണ് സാമൂഹിക മാധ്യമങ്ങൾ ചെയ്യുന്നത്. ഗൗരവമായ ചിന്തകളുടെയും സംവാദത്തിന്റെയും ചെറിയ ചില തുരുത്തുകൾ ഇതിന് അപവാദമായി കണ്ടേക്കാം. ജീവിതത്തിലെ ഉൽക്കണ്ഠകൾ അകറ്റുമ്പോഴും വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും ഉപകരിക്കേണ്ട സമയം കാർന്നുതിന്നുന്ന സാമൂഹിക മാധ്യമങ്ങൾ ശാപമാണെന്ന് ചിലപ്പോൾ തോന്നിപ്പോകും. അതുകൊണ്ട് തന്നെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പരിധിയും പരിമിതിയുമെല്ലാം ഇന്ന് സാമൂഹിക മാധ്യമങ്ങളിൽ ചൂടേറിയ ചർച്ചയാണ്. ലോകത്തിന്റെ ഏതു കോണിൽ നടക്കുന്ന സ്പന്ദനവും ഞൊടിയിടയ്ക്കുള്ളിൽ ദൂരങ്ങളും അതിർത്തികളും താണ്ടി നമ്മുടെ മുന്നിലെത്തിക്കുന്നു. ലോകം ഇന്ന് നമ്മുടെ കൺമുന്നിൽ അതിരുകളില്ലാതെ തുറന്നുകിടക്കുകയാണ്. ആർക്കും ഒന്നും ഒളിപ്പിച്ചു വെക്കാൻ കഴിയാത്ത അവസ്ഥ. യുദ്ധങ്ങൾ പോലും മാധ്യമങ്ങളുടെ കണ്ണിൽ നിന്നും ഇന്ന് ഒളിപ്പിക്കാൻ കഴിയില്ല. പത്രദൃശ്യമാധ്യമ മേഖലകളിൽ വൻ സാങ്കേതിക മുന്നേറ്റമുണ്ടായ നൂറ്റാണ്ടാണിത്. ചുരുക്കിപ്പറഞ്ഞാൽ സിറ്റിസൺ ജേർണലിസ്റ്റുകളുടെയും സോഷ്യൽ മീഡിയയുടെയും കാലമാണിത്. എല്ലാം ടെക്നോളജിയുടെ ഗുണഫലങ്ങൾ. വർത്തമാന കാലത്ത് ചർച്ചകൾക്കും സംവാദങ്ങൾക്കും സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകൾ ഉപയോഗിക്കുന്നത്. വിശുദ്ധ വേദപുസ്തകത്തിലെ വെളിപ്പാട് പുസ്തകത്തിൽ ക്രിസ്തുവിന്റെ പുനരാഗമനം കഴിയുമ്പോൾ എഴുന്നേല്ക്കുന്ന രണ്ട് സാക്ഷികളെ ലോകം മുഴുവൻ കാണും എന്ന് പറയുന്നു. അവർ പ്രസംഗിക്കുന്നതും, 1260 ദിവസം കഴിയുമ്പോൾ ആഴത്തിൽ നിന്നും കയറി വരുന്ന മൃഗം അവരോട് പടവെട്ടി അവരെ ജയിച്ചു കൊന്നുകളയും. അവരുടെ കർത്താവ് കൊല്ലപ്പെട്ടതും ആത്മീകമായി സോദോം എന്നും മിസ്രയിം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വിഥിയിൽ അവരുടെ ശവം കിടക്കും. സകല വംശക്കാരും, ഭാഷക്കാരും, ജാതിക്കാരും, ഗോത്രക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും (വെളിപ്പാട് 11:8,9). ഒരു കാലത്ത് അപ്രാപ്യമെന്നു തോന്നിയത് ഇന്ന് പ്രയാസകരമല്ലാതായി മാറിയിരിക്കുന്നു. സോഷ്യൽ മീഡിയാ വഴി ലോകത്തിന്റെ ഏതൊരു ഭാഗത്ത് നടക്കുന്ന സംഭവങ്ങളും ലോകം മുഴുവൻ കാണുവാൻ സാധിക്കുന്ന വിധത്തിലേക്ക് എത്തി നില്ക്കുന്നത് വേദപുസ്തക പ്രവചനത്തിന്റെ നിവൃത്തിയാണ്. വിമർശനങ്ങൾ ഉന്നയിക്കാമെങ്കിലും നവമാധ്യമങ്ങൾ കഴിഞ്ഞ കുറച്ച് കാലങ്ങളായി രൂപപ്പെടുത്തി വരുന്ന നിരന്തര ഇടപെടലുകളിലൂടെയുള്ള ഉപരാഷ്ട്രീയവും സമാന്തര സംവാദ മണ്ഡലവും വാസ്തവത്തിൽ പാടേ നിഷേധിക്കാവുന്നതൊന്നല്ല. വ്യക്തിയുടെ ചിന്തയുടെ തന്നെ തുടർച്ചയായി സൈബർ മണ്ഡലത്തിൽ കുറിക്കപ്പെട്ട അക്ഷരങ്ങളിലൂടെയാണ് പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടത്. ഇതിന് മാധ്യമമായതാകട്ടെ സാങ്കേതികത ഉല്പാദിപ്പിച്ച നവമാധ്യമങ്ങളും. മാധ്യമം തന്നെ സന്ദേശമാകുന്ന നിലയിൽ ഇത് എത്തി നില്ക്കുന്നു.

കഥ

# വിശ്വാസികളെ വിശ്വസിക്കരുത് !



ആഷേർ മാത്യു, റിയാദ്

ആദ്യമേ തന്നെ പറയട്ടെ.

ഈ വിശ്വാസികളെ കണ്ണടച്ച് വിശ്വസിക്കരുത്.

എന്റെ അനുഭവത്തിൽ നിന്ന് തന്നെയാണ്. അതാകുമ്പോൾ നിങ്ങൾ വിശ്വസിച്ചേ പറ്റൂ.

എന്നെ നിങ്ങൾ അറിയാതിരിക്കാൻ വഴിയില്ല.

പാസ്റ്റർ എന്നാണ് എല്ലാവരും വിളിക്കുന്നതെങ്കിലും നോട്ടീസുകളിലോ, മറ്റു മാധ്യമങ്ങളിലോ ചിലപ്പോൾ റവറന്റ് എന്ന് കണ്ടെന്നു വരും. അത് കാര്യമാക്കേണ്ട!

എത്ര പെട്ടന്നാണ് കാര്യങ്ങൾ മാറിമറിഞ്ഞത്.

ഒരു സാധാരണ ഉപദേശിയായിരുന്ന ഞാനിന്ന് സഭയുടെ സാമുന്നത് നേതാവായിരിക്കുന്നു.

ഭാര്യ ഇടയ്ക്കിടെ ചോദിക്കാറുണ്ട്.

“എന്നാലും നിങ്ങൾ ഇതൊക്കെ എങ്ങനെ ഒപ്പിച്ചെടുത്തു മനുഷ്യാ?”ശരിയാണ്. ഓർക്കുമ്പോൾ എനിക്ക് തന്നെ അത്ഭുതം തോന്നാറുണ്ട്. പണ്ട്, ഒരു സൈക്കിൾ ചവിട്ടി, ഒരു തോൾസഞ്ചിയും തൂക്കി, വാടക വീട്ടിലും കഴിഞ്ഞിരുന്ന എനിക്ക് വന്ന ഒരു മാറ്റമേ!!

ബഹുനില കെട്ടിടവും, ആഡംബര കാറുകളിലും, വിദേശയാത്രകളും.....ഒന്ന് പറയാതിരിക്കുന്നതാണ് നല്ലത്.

കാരണം, എന്റെ ഇപ്പോഴത്തെ ഈ മനഃപ്രയാസത്തിന്റെ കാരണവും ഇതൊക്കെ തന്നെയാണല്ലോ.

ഇനിയും വലിച്ചുനീട്ടുന്നില്ല. കാര്യം പറയാം. സഭയുടെ പ്രസിഡന്റ് സ്ഥാനത്തേക്ക് ഞാൻ വീണ്ടും മത്സരിക്കുകയാണ്.

'വീണ്ടും' എന്ന് പറഞ്ഞപ്പോൾ നിങ്ങൾക്ക് കാര്യം മനസ്സിലായിക്കാണുമല്ലോ. പലവട്ടം ഞാൻ ഈ സ്ഥാനത്ത് ഇരുന്നിട്ടുണ്ട്.

എന്റെ സഭാവിശ്വാസികളാണ് എന്റെ ബലം.

എന്റെ ജീവിതവിശുദ്ധിയും, നേതൃത്വപാടവും, ആത്മാർത്ഥതയും,

വിശ്വസ്തതയും ഒക്കെ കണ്ടിട്ടാണ് അവർ

എന്നെ കഴിഞ്ഞ കാലങ്ങളിൽ ജയിപ്പിച്ചിട്ടുള്ളത്,

അതിന്റെ നന്ദി എനിക്കവരോടുണ്ട്.

പക്ഷെ, ഇപ്പോൾ കാര്യങ്ങൾ ആകെ തകിടം മറിഞ്ഞിരിക്കുന്നു.

പഴയത് പോലെയല്ല കാര്യങ്ങൾ.

ഈ പത്രക്കാരും കുറെ സോഷ്യൽ മീഡിയാക്കാരുമാണ്

ഇപ്പോഴത്തെ ഏറ്റവും വലിയ ശല്യങ്ങൾ!!

ഇലക്ഷൻ സമ്പ്രദായം പാപമാണത്രെ!

സമാധാനത്തോടെ ഒരു തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ കഴിയാത്ത അവസ്ഥയായിരിക്കുന്നു. അധികാരമോഹി, സഹോദരനെ സ്നേഹിക്കുവാൻ കഴിയാത്തവൻ, ധൂർത്തൻ, അങ്ങനെ പല ഓമനപ്പേരുകളും എനിക്ക് വീണു കഴിഞ്ഞു. ഞാൻ അതൊന്നും കാര്യമാക്കുന്നില്ല. അധികാരം ദൈവത്താൽ ലഭിക്കുന്നതാണ് എന്നതാണ് എന്റെ ഒരു ഇത്.

പക്ഷെ, ഇത്തവണ മത്സരം വളരെ കട്ടിയാണ്.

ഞാൻ ആദ്യമെ പറഞ്ഞല്ലോ, വിശ്വാസികളെ വിശ്വസിക്കരുതെന്ന്.

വലിയ ഭൂരിപക്ഷത്തിൽ എന്നെ ഇവർ പണ്ട് ജയിപ്പിച്ചതാണ്. ഇപ്പോൾ അവർക്ക് 'ആത്മീയ നേതൃത്വം' വേണമത്രേ! എന്റെ ആത്മീകതയ്ക്ക് എന്താണ് ഒരു കുറവ്? ഇപ്പോഴും ഞാൻ ഒരു പ്രസംഗം അങ്ങോട്ട് കാച്ചിയാൽ ജനം ആത്മാവിലാകും. അതിനുള്ള മരുന്നൊക്കെ എന്റെ കൈയിൽ ഇപ്പോഴും ഉണ്ട്.

വിശ്വാസികൾക്ക് എന്നോട് താല്പര്യമില്ലാതെയായിരിക്കുന്നു.

വലിയ ഭൂരിപക്ഷത്തിൽ ഞാൻ തോല്ക്കുമെന്നാണ് പൊതുവേയുള്ള സംസാരം.

എന്റെ വിശ്വസ്തരും അത് തന്നെയാണ് പറയുന്നത്.

പക്ഷെ, അങ്ങനെ വിട്ടുകൊടുക്കുവാൻ മനസ്സ് അനുവദിക്കുന്നില്ല. ഇത്രയും നാൾ ഒരു സ്ഥാനത്തിരുന്നിട്ട്, ഇനിയിപ്പോൾ വെറുതെയിരിക്കുക എന്ന് പറഞ്ഞാൽ.... അത് ചിന്തിക്കുവാൻ പോലും വയ്യ.

ജനം എന്നെ കൈവിട്ടെന്ന് ഏകദേശം കഴിഞ്ഞു. പത്രമാസികകളിൽ എന്നെ പറ്റി വരുന്ന വാർത്തകൾ..... ഹോ..... വായിച്ചാൽ ദേഹമാസകലം പെരുക്കും. ഇങ്ങനെയൊക്കെ എഴുതാമോ?? ഫേസ്ബുക്കിലെ ആക്രമണമാണ് സഹിക്കാൻ പറ്റാത്തത്. കുറെ ഗ്രൂപ്പുകൾ ഉണ്ട്. അവരുടെ മുഖ്യ വിനോദം, എന്നെപ്പോലെയുള്ള മാന്യന്മാരെ വലിച്ചുകീറുകയാണ്. വേറെ ഒരു ജോലിയുമില്ലാതെ കുറേയെണ്ണം.

ഇവർക്ക് ഈ വാർത്തയൊക്കെ എവിടുന്നു കിട്ടുന്നു എന്നതാണ് അതിശയം. പ്രസംഗത്തിലോ, സംഭാഷത്തിലോ മറ്റോ ഒരു വാക്ക് പിഴച്ചാൽ മതി. അവർ അത് ആഘോഷമാക്കും.

എങ്കിലും, സഭാ സമൂഹം ഇങ്ങനെ എനിക്കെതിരാകുമെന്ന് ഞാൻ ഒരിക്കലും കരുതിയതല്ല.

നാമനിർദ്ദേശ പത്രിക പിൻവലിച്ചാലോ എന്ന് വരെ ആലോചന ഉണ്ടായിരുന്നു.

സ്ഥലമാറ്റത്തിന് ഞാൻ പണം വാങ്ങുമത്രേ!

ആരെങ്കിലും സന്തോഷത്തോടെ എന്തെങ്കിലും തന്നാൽ അത് വാങ്ങും എന്നല്ലാതെ, ഞാൻ ഒന്നും ചെയ്തിട്ടില്ല. സത്യമാണ്.

സഭയുടെ കെട്ടിടപണിയുമായി ബന്ധപ്പെട്ട് ഞാൻ അഴിമതി നടത്തി എന്നതാണ് മറ്റൊരു ആരോപണം. ദശാംശം എന്ന് പറഞ്ഞ് തരുന്നതല്ലാതെ, ഞാൻ ഒന്നും വാങ്ങിയിട്ടില്ല, സത്യം.

അടുത്ത ആരോപണം എനിക്ക് സ്വന്തമായി ട്രസ്റ്റുണ്ടെന്നും, സ്വന്തമായി സുവിശേഷവേല ചെയ്യാൻ പോലും സമ്മതിക്കില്ല എന്ന് വെച്ചാൽ എന്ത് ചെയ്യും? നിങ്ങൾ പറ,

പിന്നെ ഞാൻ വലിയ വീട് വെച്ചെന്നും, കാറ് വാങ്ങിയെന്നും ഒക്കെ ആരോപണമുണ്ട്. എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും എന്ന വാക്യം ഇവരൊന്നും വായിച്ചിട്ടില്ലെന്ന് തോന്നുന്നു.

ഈ വിശ്വാസികൾ ഇങ്ങനെ തുടങ്ങിയാൽ എന്ത് ചെയ്യും?

എന്റെ തോൽവി എതിർചാനലുകാർ ഇപ്പോഴേ ആഘോഷിച്ചു തുടങ്ങിയിരിക്കുന്നു.

എന്നെക്കൊണ്ട് പറ്റാവുന്നതൊക്കെ ഞാൻ ചെയ്തിട്ടുണ്ട്. പണം കുറച്ച് കാര്യമായിതന്നെ ചിലവാക്കി. സെന്റർ പാസ്റ്റർമാർ വഴിയാണ് അതെല്ലാം കൈകാര്യങ്ങൾ ചെയ്തിരിക്കുന്നത്. വോട്ട് ചെയ്യാൻ എത്തുവാൻ വേണ്ടി നല്ല ടൂറിസ്റ്റ് ബസുകൾ തന്നെയാണ് ഞാൻ ഏർപ്പാട് ചെയ്തത്. എങ്ങനെയെങ്കിലും ജയിക്കണം. അത് മാത്രമായിരുന്നു മനസ്സിൽ, 'ആത്മീയനേതൃത്വം' മതി എന്ന നിലപാടിലാണ് വിശ്വാസികൾ. എതിർ സ്ഥാനാർത്ഥിക്ക് അങ്ങനെ ഒരു നല്ലപേര് ഉണ്ട് താനും.

വോട്ടെടുപ്പ് കഴിഞ്ഞു.

വോട്ടെണ്ണലും കഴിഞ്ഞു.

നിങ്ങളോ, ഞാനോ പ്രതീക്ഷിച്ചപോലെയല്ല ഫലം വന്നത്. വമ്പൻ ഭൂരിപക്ഷത്തിൽ ഞാൻ ജയിച്ചിരിക്കുന്നു.

കണ്ടോ, എങ്ങിനെയാണ് വിശ്വാസികളെ വിശ്വസിക്കുന്നത്?

കണ്ടതും കേട്ടതും

# ബോബനും മോളിയും ഞാനും

ജയ്മോഹൻ അതിരുങ്കൽ
9567759748



കാർട്ടൂണിസ്റ്റ് റ്റോംസ് അന്തരിച്ചെന്ന വാർത്ത കേട്ടു ഞാൻ ഞെട്ടിപ്പോയില്ല. കാരണം, അതു പ്രതീക്ഷിച്ചിരുന്ന വിയോഗമായിരുന്നു. കുട്ടിക്കാലം മുതൽ വായിച്ചുപോരുന്ന, ബോബന്റെയും മോളിയുടെയും അപ്പൻ എന്നു മുൻമന്ത്രി ബിനോയ് വിശ്വം വിശേഷിപ്പിച്ച റ്റോംസ് ഏറ്റവും ജനപ്രിയനായ കാർട്ടൂണിസ്റ്റായിരുന്നു. മലയാള മനോരമ വാരികയിൽ ആഴ്ച തോറും വന്നുകൊണ്ടിരുന്ന ഈ കാർട്ടൂൺ പരമ്പര പോലെ വേറൊന്ന് മലയാളത്തിൽ ഉണ്ടായിട്ടില്ല. മലയാളികളുടെ പൊതുസ്വഭാവത്തിന്റെ ഒരു പരിച്ഛേദമായിരുന്നു ഈ കാർട്ടൂണിൽ ദൃശ്യമായിരുന്നത്. ബോബനും മോളിയും എന്ന ഈ കുസൃതിക്കുട്ടികളെ വായനക്കാർ അത്ര കണ്ട് ഇഷ്ടപ്പെട്ടിരുന്നു. മറ്റു കഥാപാത്രങ്ങളായ മൊട്ട, ചേട്ടൻ, ചേട്ടത്തി, അപ്പീഹിപ്പി, ആശാൻ (തത്വജ്ഞാനി), നേതാവ്, വക്കീൽ, ഉപ്പായി മാപ്ല തുടങ്ങിയ സഹകഥാപാത്രങ്ങൾക്കും അവരുടേതായ വ്യക്തിത്വം കാർട്ടൂണിലുണ്ടായിരുന്നു. ഈ കഥാപാത്രങ്ങളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടയാൾ ഇട്ടുണ്ണൻ എന്നു പേരുള്ള ചേട്ടനായിരുന്നു. മണ്ടത്തരത്തിന്റെ ആശാനായിരുന്നു ചേട്ടൻ. ബ്രിങ്ങിങ്ങ് അപ് മൈ ഫാദർ എന്ന കാർട്ടൂണിലെ മുഖ്യ കഥാപാത്രത്തോടു സാമ്യമുള്ള ചേട്ടൻ മാത്രമല്ല ചേട്ടന്റെ തകിടഗുണാരി ദിനപ്പത്രത്തിൽ വരുന്ന വാർത്തകളും അവയുടെ പ്രത്യേകതകളും പൊട്ടിച്ചിരിപ്പിക്കുന്നവയായിരുന്നു. ഏറ്റവും വലിയ പക്ഷി ഏതാണെന്ന ചോദ്യത്തിന് ഒട്ടകപ്പക്ഷിയെന്ന് ഉത്തരം നൽകിയപ്പോൾ, ഒട്ടകം പക്ഷിയാണോടാ, മൃഗമല്ലേ യെന്നു ചേട്ടൻ തിരുത്തിയത് ഓർത്തു ചിരിക്കാത്തവർ കാണുകയില്ല. അതുപോലെ മലർ പുല്ലിംഗമാടാ, വാടാമലരുകളേയെന്നാ എഴുതിയിരിക്കുന്നതെന്നു ചേട്ടൻ പ്രസ്താവിക്കുമ്പോഴും നാം ചിരിച്ചു പോകുന്നു. ചേട്ടന്റെ അതേ നിലവാരത്തിലുള്ള വിഡ്ഢിത്തങ്ങ



ളാണ് ഉപ്പായി മാപ്ലയും പറഞ്ഞിരുന്നത്. രണ്ടു പേരുടെ ഭാര്യമാരും ഭർത്താക്കന്മാരെ അവഹേളിക്കുന്നവരായിരുന്നു. ചിരവയുമായി ചേട്ടന്റെ പിന്നാമല ഓടുന്ന മജിസ്ട്രേറ്റ് മറിയയെന്ന ചേട്ടത്തിയുടെ, ദേഷ്യം സ്ഫുരിക്കുന്ന മുഖമാണു മനസ്സിൽ വരിക.

ലൈഫ് ബോയ് എവിടെയുണ്ടോ, അവിടെ ആരോഗ്യമുണ്ട് എന്ന പരസ്യവാചകം പോലെ, പെണ്ണ് എവിടെയുണ്ടോ, അവിടെ അപ്പീഹിപ്പിയുണ്ട്. ആദ്യകാലത്ത് ബെൽബോട്ടം പാന്റ്സ് ധരിച്ച് പെണ്ണുങ്ങളുടെ പിന്നാലെ ഗിറ്റാറുമായി നടന്നിരുന്ന അപ്പീഹിപ്പി, പിൽക്കാലത്ത് സാധാരണ രീതിയിലുള്ള വസ്ത്രധാരണത്തിലേക്ക് മാറിയിരുന്നു. തല്ലുകൊള്ളിത്തരത്തിന്റെ പര്യായമായ ഈ കഥാപാത്രത്തിനു പറ്റുന്ന പറ്റുകൾ നിരവധിയായിരുന്നു.

ഈ ഫലിത രാജാക്കന്മാർക്കിടയിൽ, തത്വജ്ഞാനം പറയുന്ന ഒന്നു രണ്ടുപേരുണ്ട്. ആശാനും കുട്ടേട്ടനും. ഗാന്ധിയനായ കുട്ടേട്ടനും ആശാനും ഗൗരവമുള്ള കഥാപാത്രങ്ങളാണ്. മെത്രാൻ കക്ഷിയും ബാവാക്കക്ഷിയും തമ്മിലുള്ള വഴക്കിനെക്കുറിച്ച് ആശാനും കുട്ടേട്ടനും പറയുന്നതു ശ്രദ്ധിക്കുക: എവരെയൊക്കെ മാമ്മോദീസാ മുക്കിയ വെള്ളത്തിൽ ഫോളിഡോളുകൂടെ കലർത്തിയിരുന്നെങ്കിൽ, സ്വർഗ്ഗത്തിലിരുന്നു കർത്താവു കൈയ്യടിച്ചേനെ .

പള്ളീലച്ചന്മാരെ മാത്രമല്ല, ഉപദേശിമാരെയും റ്റോംസ് വരച്ചിട്ടുണ്ട്. വഴിവക്കിൽ തമ്പേറടിച്ചുകൊണ്ടു സുവിശേഷം പ്രസംഗിക്കുന്ന ഉപദേശിമാരെയാണു വരച്ചിട്ടുള്ളത്. ഈ സുവിശേഷപ്രസംഗമൊക്കെ റ്റോംസ് കേട്ടിട്ടുണ്ടേയെന്നറിഞ്ഞുകൂടാ. പോകുന്ന വഴിക്ക് എന്തെങ്കിലും കേട്ടെങ്കിലായി. അല്ലാതെ, സുവിശേഷപ്രസംഗം കേൾക്കാൻ വേണ്ടി അവിടെ നിന്നിട്ടുണ്ടാവില്ലെന്നു തോന്നുന്നു. സുവിശേഷം കേട്ടില്ലെങ്കിലെന്താ; പരേതന്റെ ആത്മശാന്തിക്കുവേണ്ടി പള്ളിയിലെന്തെല്ലാം കാര്യങ്ങൾ കിടക്കുന്നു ചെയ്യാൻ!

കാർട്ടൂൺ രംഗത്തെ ഈ പ്രതിഭാധനൻ യാതൊരു പുരസ്ക്കാരങ്ങളും നേടാതെയാണു പോയത്. പദ്മശ്രീ ബഹുമതിക്ക് സർവ്വഥാ




അർഹനായിരുന്ന റ്റോംസിനെ ഒരു സർക്കാരും പരിഗണിച്ചില്ല! അവാർഡ് കൊടുക്കുന്നവരെയും അതു വാങ്ങുന്നവരെയും കാർട്ടൂണിൽ ഇഞ്ച ചതയ്ക്കുന്നതുപോലെ ചതച്ചിട്ടുണ്ട്. അതുകൊണ്ടായിരിക്കാം എനിക്കിതുവരെ അവാർഡൊന്നും ലഭിക്കാത്തത് – റ്റോംസ് ഒരിക്കൽ പ്രതികരിച്ചത് ഇങ്ങനെയാണ്. കഴിഞ്ഞയിടെ, കോപ്പിയടിക്കുന്ന ഒരു കാർട്ടൂണിസ്റ്റിനുവരെ അവാർഡ് കിട്ടിയതായി വാർത്തയുണ്ടായിരുന്നു. ആശയം കോപ്പിയടിച്ചിരുന്നെങ്കിൽ സഹിക്കാമായിരുന്നു. വര തന്നെ പകർത്തി വരച്ചാലെന്തു ചെയ്യാനാണ്?!

ബോബനും മോളിയും എന്ന കാർട്ടൂണിലും ആശയപ്പകർച്ച കണ്ടിട്ടുണ്ട്. മട്ട് & ജെഫ് എന്ന കാർട്ടൂണിലെ ആശയങ്ങൾ അതേപടി റ്റോംസ് ആവിഷ്കരിച്ചിട്ടുണ്ട്. മട്ട് & ജെഫ് എന്ന കാർട്ടൂണിനോടു കിടപിടിക്കുന്ന മറ്റൊരു കാർട്ടൂൺ പരമ്പര ഞാൻ കണ്ടിട്ടില്ല; ഉണ്ടായിരിക്കാം; എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. എന്തായാലും, പകരം വയ്ക്കാനില്ലാത്ത ഒരു കാർട്ടൂണിസ്റ്റിനെയാണു റ്റോസിന്റെ വിയോഗത്തിലൂടെ നമുക്കു നഷ്ടമായത്. കെ.പി.യോഹന്നാൻ മെത്രാപ്പൊലിത്തയായപ്പോൾ റ്റോംസ് വരച്ചയൊരു കാർട്ടൂൺ ഇങ്ങനെയായിരുന്നു.

താറാവു തീറ്റി നടന്ന യോഹന്നാൻ

തന്നെത്താൻ ബിഷപ്പായി

അതിനു താഴെയായി കുറെ താറാവുകൾക്കിടയിൽ ളോഹയുമിട്ട്, ഒന്നു രണ്ടു താറാവുകളെയും എടുത്തുകൊണ്ടു നിൽക്കുന്ന കെ. പി. യോഹന്നാൻ തിരുമേനി! അദ്ദേഹം പറയുകയാണ്, ഒരു മനുഷ്യനു നൂറു താറാവുണ്ടെന്നിരിക്കട്ടെ എന്നാൽ അതിന്റെ വിരോധമൊന്നും തിരുമേനി റ്റോംസിനോടു കാണിച്ചില്ല. ആത്മീയയാത്രാ ചാനലിൽ റ്റോംസിന്റെ അഭിമുഖം അവർ കാണിച്ചിരുന്നു.

**നീക്കിബാക്കി:** റ്റോംസ് മരിച്ചപ്പോൾ മനോരമയിൽ വാർത്ത മാത്രമാണു വന്നത്. മാതൃഭൂമിവാർത്തയ്ക്കപ്പുറത്തേക്കു നീങ്ങി– കാര്യമായ വിവരണം നൽകി. മാദ്ധ്യമങ്ങൾ റ്റോംസിന് അർഹിക്കുന്ന പരിഗണന കൊടുത്തില്ല; റ്റോംസ് ഒരു സരിതയല്ലാതായിപ്പോയി!

റ്റോംസ് മരിച്ചുകഴിഞ്ഞിറങ്ങിയ ബോബനും മോളിയും കണ്ടു. റ്റോംസിന്റെ കാർട്ടൂണുകൾ, വരയ്ക്കാനറിയാത്ത ആരെക്കൊണ്ടോ പകർത്തി വരപ്പിച്ചിരിക്കുകയാണ്. കൂത്തു കണ്ട കണ്ണിൽ കുറവരുകളി കണ്ടെന്നു പറഞ്ഞതുപോലെയായിപ്പോയി! അതു വേണ്ടായിരുന്നു – ആത്മഹത്യാപരമെന്നു തന്നെ പറയണം.

## നിത്യതയിൽ



### അന്നമ്മ തോമസ് (89)

**കരുവാറ്റ:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ മുൻ സ്റ്റേറ്റ് സെക്രട്ടറിയും ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഓക്സിലിയറി വൈസ് പ്രസിഡന്റുമായ പാസ്റ്റർ ഫിലിപ്പ്. പി. തോമസിന്റെ മാതാവും താമല്ലാക്കൽ വെട്ടിച്ചേരിൽ പരേതനായ പാസ്റ്റർ പി. പി. തോമസിന്റെ (കരുവാറ്റ ബേദ്ലഹേം ക്രിസ്ത്യൻ എഡ്യുക്കേഷൻ സെന്റർ സ്ഥാപകൻ) ഭാര്യയുമായ റിട്ട. ഹെഡ്മിസ്ട്രസ് അന്നമ്മ തോമസ് (89) നിത്യതയിൽ. സംസ്കാരം ശനിയാഴ്ച 9–ന് വസതിയിലെ ശുശ്രൂഷകൾക്കുശേഷം കാർത്തികപ്പള്ളി ഐ.പി. സി. സഭാ സെമിത്തേരിയിൽ. ഐ.പി.സി മുൻ ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ കുന്നത്തുകര കുട്ടിയച്ചന്റെ (പാസ്റ്റർ വി.റ്റി. തോമസ്) മകളാണ് അന്നമ്മ തോമസ്.

മക്കൾ: പാസ്റ്റർ ഫിലിപ്പ്. പി. തോമസ്, റേച്ചൽ തോമസ്, ഏലിയാമ്മ തോമസ്, സൂസൻ മാത്യു (യു.എസ്.എ)., മരുമക്കൾ: ഗ്രസമ്മ ഫിലിപ്പ്, കെ.പി. തോമസ്, ചാക്കോ തോമസ്, അലക്സ് മാത്യു(യു. എസ്.എ)

### സി. വി. വർക്കി (75)



**കൊച്ചി:** ഇന്ത്യ ബുക്ക് ഹൗസ് മുൻ ഏരിയാ മാനേജരും മാവേലിക്കര ബിഷപ്പ് മൂർ കോളേജ് മുൻ അധ്യാപകനുമായ തലവടി കീരിക്കാട്ട് സി. വി. വർക്കി (75) കൊച്ചിയിലെ വസതിയിൽ നിര്യാതനായി. സംസ്കാരം ഐ. പി.സി വടുതല സെമിത്തേരിയിൽ നടത്തി.

ഭാര്യ: ശോശാമ്മ വർക്കി, മക്കൾ: പമേല, പ്രീത, പെഗി, പ്രകാശ്

മരുമക്കൾ: ജോർജ്ജ് എബ്രഹാം, സാം തോമസ്, ബെന്നി ജോർജ്ജ്, പ്രെയ്സ് വർക്കി.

## 08 എനിക്കും പറയാനുണ്ട്...

പ്രവാചകന്മാർ പച്ചക്കൊടി കാട്ടിയെന്ന് താങ്കൾ എഴുതിയിട്ടുണ്ടല്ലോ. അവരുടെ പേര് എഴുതുവാൻ താങ്കൾക്ക് കഴിയുമോ? ഇത്തരം അശ്ലീലം എഴുതി ഒരു ദൈവദാസനെ തകർക്കുവാൻ അനുവാദം നൽകിയ ആത്മാവ് ഏതാണെന്ന് അറിയുവാനുള്ള ആ ഗ്രഹം കൊണ്ടുമാത്രം ചോദിച്ചതാണ്.

സ്ഥാനാർത്ഥികളായ സി. സി. തോമസും പി. സി. ചെറിയാനും എന്റെ സ്നേഹിതർ തന്നെയാണ്. പി. സി. ചെറിയാൻ എന്റെ നാട്ടുകാരനാണ്. എനിക്ക് പല കാര്യങ്ങളിലും അഭിപ്രായ വ്യത്യാസവും ഉണ്ട്. എന്റെ പിന്തുണ പാസ്റ്റർ സി. സി. തോമസിനു തന്നെയാണ്. എ ന്നാൽ ആരോഗ്യകരമായ മത്സരം മാത്രമേ നടക്കാവൂ എന്ന് ഞാൻ രണ്ടുപേരോടും പറഞ്ഞിരുന്നു. ജനം പിന്തുണയ്ക്കുന്നവർ ജയിക്കട്ടെ. രണ്ടുപേരിൽ ആരു ജയിച്ചാലും ജയിക്കുന്ന വ്യക്തി എന്റെ ഓവർസീയർ ആയിരിക്കും. മാന്യമായ നിലയിലുള്ള മത്സരം ഒരിക്കലും സഭയ്ക്ക് ദോഷം ആകുകയുമില്ലായിരുന്നു. എന്നാൽ താങ്കൾ ഇറക്കിയ ഈമെയിൽ പ്രസ്താവനയുമായി ചില പാഴ്സനേജുകൾ കയറിയിറങ്ങുകയാണ്. അതുകൊണ്ട് തന്നെ ചിലരുടെ ലക്ഷ്യങ്ങൾ സാധ്യമായേക്കാം. എന്നാൽ സത്യത്തിന് ഒരു ഉയിർപ്പുണ്ട്. അത് കാൽവറി നമ്മെ പഠിപ്പിച്ച പാഠമാണ്.

ഒരു കാര്യം ഈ കത്തിന് തീർച്ചയായും താങ്കളുടെ മറുപടി ഉണ്ടാകും എന്നെനിക്കറിയാം. വ്യക്തിപരമായി അധിക്ഷേപിക്കുവാൻ തുനിഞ്ഞാൽ ചിലതൊക്കെ തുറന്നെഴുതേണ്ടിവരും. അതുകൊണ്ട് ഒരിക്കലൂടെ സ്നേഹത്തിന്റെ ഭാഷയിൽ ഓർപ്പിക്കട്ടെ. താങ്കളുടെ സ്ഥാനം മറക്കാതിരിക്കുക.

വിവാദങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കുവാനും വിമർശനങ്ങൾ പരിധിവിടാതിരിക്കുവാനും ബിലീവേഴ്സ് ജേണൽ കഴിഞ്ഞ കുറേനാളുകളായി ശ്രദ്ധിക്കാറുണ്ട്. എന്നാൽ ബീലീവേഴ്സ് ജേണലിനെ വീണ്ടും വിവാദങ്ങളിലേക്ക് വലിച്ചിഴയ്ക്കുവാനുള്ള താങ്കളുടെ ശ്രമത്തിന് മറുപടി നൽകി എന്നുമാത്രം. താങ്കളെപ്പോലെയോ താങ്കളേക്കാളോ കഴിവുള്ളവരും അംഗീകാരം ഉള്ളവരുമായ മലയാളികളായ അനവധി ദൈവഭൃത്യന്മാർ അമേരിക്കയിലും മറ്റ് വിദേശ രാജ്യങ്ങളിലുമായി പ്രവർത്തിക്കുന്നുണ്ടല്ലോ. അവരാരും ഇത്തരം തരംതാണ പണികൾ ചെയ്യാറില്ല. പെന്തെക്കോസ്തിന്റെ ഉപദേശത്തെക്കുറിച്ച് ഊറ്റം കൊള്ളുകയും ഡൽഹിയിൽ ദുരുപദേശകരോടൊപ്പം വേദി പങ്കിടുകയും ചെയ്ത താങ്കളുടെ അത്തരം നിലപാട് ശരിയാണോ? ആരാന്റെ നെഞ്ചത്ത് വെച്ച റീത്തിന്റെ പേരിൽ മറ്റുള്ളവരുടെ നെഞ്ചത്ത് താളം ചവിട്ടുന്നതിനുപകരം സ്വന്തം നെഞ്ചിൽ കൈവെച്ച് ചെയ്യുന്നതെല്ലാം ശരിയാണോ എന്ന് ഉറക്കെ ചിന്തിക്കുക. ഇതോടെ ഇത് അവസാനിപ്പിക്കുവാനാണ് ആഗ്രഹം. അതുകൊണ്ടുതന്നെ ഈ കുറിപ്പ് ഇവിടെ അവസാനിപ്പിക്കുന്നു.

E-MAIL
beljourn@gmail.com
WEBSITE
www. beljourn.com

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 11

BELIEVERS JOURNAL

PUBLISHED ON 10/06/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

# പ്രസ്താവന

**കർത്താവിൻ പ്രിയ ദൈവദാസനും കുടുംബത്തിനും സ്നേഹവന്ദനം**

കർത്തൃദാസനും കുടുംബവും ദൈവകൃപയാൽ ക്ഷേമമായിരിക്കുന്നു എന്ന് വിശ്വസിക്കുന്നു. നാളിതുവരെ എനിക്കും കുടുംബത്തിനുംവേണ്ടി പ്രാർത്ഥിച്ച ഏവർക്കും നന്ദി അറിയിക്കട്ടെ.

പൈതൃകമായ മാർത്തോമ്മാ പശ്ചാത്തലത്തിൽനിന്നുമാണ് ഞാൻ രക്ഷാനിർണ്ണയം പ്രാപിക്കുന്നത്. കോളേജ് വിദ്യാഭ്യാസം പൂർത്തീകരിച്ച ഞാൻ വ്യക്തമായ ദൈവീക വിളിയുടെ അടിസ്ഥാനത്തിലാണ് ഈ മഹത്തായ ശുശ്രൂഷ ഏറ്റെടുത്തത്. എന്നെ വിശ്വസ്തനെന്നെണ്ണി എന്നോട് കൃപതോന്നിയ ദൈവത്തിന് സകല മഹത്വവും അർപ്പിക്കുന്നു. ഭാരതത്തിനകത്തും പുറത്തും വിവിധ സെമിനാരികളിൽ വേദപഠനം പൂർത്തിയാക്കിയ ഞാൻ ഓപ്പറേഷൻ മൊബലൈസേഷൻ എന്ന ലോക സുവിശേഷീകരണ സംഘടനയിൽ ചേർന്നു പ്രവർത്തിച്ചു. ഇതോടെയാണ് എന്റെ മിഷൻ കാഴ്ചപ്പാടുകൾക്ക് ചിറകു വയ്ക്കുന്നത്. ലീഡർഷിപ്പ് തത്വങ്ങൾ ഞാൻ മനസ്സിലാക്കുന്നതും ഇവിടെനിന്നുമാണ്. ചർച്ച് ഓഫ് ഗോഡ് എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ ഭാഗമാകാൻ കഴിഞ്ഞത് വലിയ അഭിമാനമായി ഞാൻ കണക്കാക്കുന്നു. മലങ്കരയിൽ ഉണർവ്വിന്റെ തീജ്വാലയ്ക്ക് ബീജവാപം നൽകിയ ആർ.എഫ്. കുക്ക്, എ.ആർ.റ്റി. അതിശയം, റ്റി.എം.വർഗ്ഗീസ് തുടങ്ങിയ പൂർവ്വസൂരികൾ നട്ടുവളർത്തിയ ദൈവസഭയാം പൂന്തോട്ടത്തിലെ പുഷ്പങ്ങളാകാൻ നമുക്ക് കഴിഞ്ഞത് ഈ ആയുസ്സിലെ സുകൃതം തന്നെയാണ്. ഏറെ പ്രതിസന്ധികൾ ആഞ്ഞടിച്ചിട്ടും ദൈവം തന്റെ തോട്ടത്തെ വേലികെട്ടി സൂക്ഷിച്ചു. നേതൃത്വസമ്പന്നമായ ഈ പ്രസ്ഥാനത്തിന് ദൈവം വിലപ്പെട്ട കർത്തൃ ദാസന്മാരെയാണ് നൽകിയത്. മുൻ കാലങ്ങളിൽ സഭയെ നയിച്ച അവരുടെയെല്ലാം ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ ഓർമ്മിക്കപ്പെടും.

വിവിധ നിലകളിൽ ഈ പ്രസ്ഥാനത്തിൽ പ്രവർത്തിക്കാൻ എനിക്കും നിങ്ങൾ അവസരം നൽകി. യൂത്ത് ബോർഡ് മെമ്പർ, വൈ.പി.ഇ ആക്ടിംഗ് പ്രസിഡന്റ്, ബൈബിൾ കോളേജ് അദ്ധ്യാപകൻ, അഡ്മിനിസ്ട്രേറ്റർ, കൗൺസിൽ അംഗം, ഡിസ്ട്രിക്ട് പാസ്റ്റർ, വൈ.പി.ഇ. പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കാൻ എനിക്കു കഴിഞ്ഞു. എന്റെ പരിമിതികളിൽ നിന്നുകൊണ്ട് നന്നായി സഭാ പ്രവർത്തനം നടത്തി എന്നാണ് എന്റെ വിശ്വാസം. ദൈവസഭയിലെ ശുശ്രൂഷകന്മാരെ ആത്മാർത്ഥമായി സ്നേഹിക്കാനും എല്ലാവരെയും തുല്യമായി കാണുവാനും എനിക്കു കഴിഞ്ഞു. നിങ്ങളുടെ സുഖ-ദുഃഖങ്ങളിൽ പങ്കാളികളാകാനും ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. കഷ്ടതയനുഭവിക്കുന്ന ശുശ്രൂഷകന്മാരുടെ ദുരിത ജീവിതം എന്നെ വേദനിപ്പിച്ചിട്ടുണ്ട്. അവിടെയൊക്കെ സ്വാന്തനം എത്തിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. സുവിശേഷവേലയെ ഒരിക്കലും പണ സമ്പാദനത്തിന്റെ ഉപാധിയായി ഞാൻ കണ്ടിട്ടില്ല. സമ്പത്ത് വാരിക്കൂട്ടി പണിതെടുത്ത കോർപ്പറേറ്റ് സാമ്രാജ്യത്തിന്റെ മട്ടുപ്പാവിൽ നിന്നുകൊണ്ടല്ല ഞാൻ ഇതെഴുതുന്നത്. മറിച്ച് സ്നേഹ ബന്ധങ്ങൾകൊണ്ട് വിളക്കിച്ചേർത്ത പ്രകാശ ഗോപുരത്തിന്റെ മുറ്റത്ത് നിന്നു കൊണ്ടാണ്. നമ്മുടെ വാക്കും ജീവിതവും രണ്ടാകുമ്പോൾ, പകയും വൈരാഗ്യവും കൈമുതലാക്കി സഹോദരനെ ഒടുക്കാൻ ഇരുട്ടിന്റെ മറവിൽ ഗൂഢാലോചന നടത്തുമ്പോൾ, നമ്മുടെ പ്രസംഗം കേൾക്കുന്നവർ നമ്മെ കൂക്കിവിളിക്കും എന്നോർക്കുക. എനിക്ക് അമിത അവകാശവാദങ്ങൾ ഇല്ല. നിങ്ങളുടെ സഹോദരനായി നിങ്ങളോടൊപ്പം ജീവിക്കാൻ എനിക്കു കഴിഞ്ഞു.



2008-ൽ ടെന്നസിയിലുള്ള ടൈനർ ചർച്ച് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനായി ചുമതലയേൽക്കാൻ ഞാൻ അമേരിക്കയിലേക്കുപോയി. അവിടെ എത്തി മാസങ്ങൾ പിന്നിട്ടപ്പോൾ പ്രതിസന്ധിയുടെ കാർമേഘങ്ങൾ ഉരുണ്ടുകൂടാൻ തുടങ്ങി. ക്രൂരമായ സ്വഭാവഹത്യയിലൂടെ പൊതു സമൂഹത്തിൽ എന്നെയും കുടുംബത്തെയും അപമാനിക്കുന്നതിനുവേണ്ടി ചിലർ ഗൂഢാലോചന നടത്തി. ഒരു പത്രത്തിന് പണം നൽകി സ്വാധിനിച്ച് ദൈവസഭയിലെ ചിലർ തനിക്കെതിരെ അപവാദ പ്രചരണങ്ങൾ നടത്തി. അപമാനത്തിന്റെ കൊടുങ്കാറ്റിൽ നെഞ്ചു പിളർക്കുന്ന വേദനയുമായി ഞങ്ങൾ ശുശ്രൂഷയിൽ തുടർന്നു. ദൈവസഭയുടെ നേതൃത്വ പദവിയിലേക്ക് ഞാൻ എത്തും എന്ന ദീർഘവീക്ഷണത്തോടെ മനസ്സിലാക്കിയ കേന്ദ്രങ്ങളാണ് ഈ ഗൂഢാലോചനക്ക് പിന്നിൽ. നിറം പിടിപ്പിച്ച നുണക്കഥകളുടെ അച്ചുനിരത്തിയ മാദ്ധ്യമ സ്ഥാപനം ഇന്നില്ല. കള്ളക്കഥകൾ പടച്ചുണ്ടാക്കിയ പത്രാധിപരും ഇന്ന് ജീവിച്ചിരിപ്പില്ല. ന്യായമായി വിധിക്കുന്നവന്റെ കയ്യിൽ എല്ലാം സമർപ്പിച്ച് പ്രാർത്ഥനയോടും ഉപവാസത്തോടെയും ഞങ്ങൾ ദിനരാത്രങ്ങൾ കരഞ്ഞുതീർത്തു. അന്നെല്ലാം എനിക്ക് കരുത്തു നൽകിയത് എന്റെ സഭയുടെയും കുടുംബത്തിന്റെയും നിങ്ങൾ ഓരോരുത്തരുടെയും അകമഴിഞ്ഞ പ്രാർത്ഥനയും പിന്തുണയുമാണ്. ദൈവസഭയിൽ ഇതുപോലെ ക്രൂരമായി വേട്ടയാടപ്പെട്ട ഒരു ശുശ്രൂഷകൻ വേറെ ഉണ്ടാകുമോ എന്നറിയില്ല. എന്തിനാണ് എന്നെ പിന്തുടർന്ന് ഇനിയും ആക്രമിക്കുന്നത്. ദൈവസഭയുടെ നേതൃത്വത്തിൽ ആരുവരണമെന്ന് തീരുമാനിക്കുന്നത് ദൈവവും ശുശ്രൂഷകന്മാരും അന്തർദ്ദേശീയ നേതൃത്വവുമാണ്. ശുശ്രൂഷകന്മാരുടെ സമ്മതിദാന അവകാശത്തിലൂടെ അവർ തീരുമാനിക്കട്ടെ. ആ തീരുമാനം ഞാനും അംഗീകരിക്കും. എനിക്ക് ആരോടും പകയില്ല. അധിക്ഷേപങ്ങൾ എന്നെ തളർത്തിയില്ല; ശക്തമാക്കുകയാണ് ചെയ്തത്. എനിക്കെതിരെ ഊമക്കത്തുകൾ പ്രചരിപ്പിച്ചും ഫോൺവിളിച്ചും അപവാദങ്ങൾ പ്രചരിപ്പിക്കുന്ന കെണിയിൽ നിങ്ങൾ വീഴരുത്. എന്റെ ജീവിതം തുറന്ന പുസ്തകമാണ്. നീതിയുടെ പ്രമാണങ്ങൾ വിട്ട് ഞാൻ ജീവിച്ചിട്ടില്ല. എന്റെ കുടുംബജീവിതം ഊഷ്മളമാണ്. ശിമയി ശപിക്കട്ടെ, ശൗൽ കുന്തമെറിയട്ടെ, യുദ്ധം യഹോവയ്ക്കുള്ളതും.

ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകുന്നു. ശുശ്രൂഷകന്മാരുടെ ക്ഷേമം, ദൈവസഭയുടെ സുസ്ഥിര വളർച്ച, ശുശ്രൂഷകന്മാരും വിശ്വാസികളും തമ്മിലുള്ള ഐക്യം, ആത്മിക ഉണർവ്വ് ഇവ നമ്മുടെ ലക്ഷ്യങ്ങളാണ്. ദൈവസഭയിലെ അവസാനത്തെ വ്യക്തിക്കും നീതി ഉറപ്പാക്കും. കള്ളത്തുലാസും കരിഞ്ചന്തയും അനുവദിക്കില്ല. സ്നേഹവും സമാധാനവും നിലനിൽക്കുന്ന അന്തരീക്ഷം തിരിച്ചുകൊണ്ടുവരും. ആത്മിക ഉണർവ്വിനായി സഭയെ ഒരുക്കും. അതിനായി നമുക്ക് ഒരുമിച്ച് കൈകോർത്ത് നിൽക്കാം.

സ്നേഹത്തോടെ,

ക്രിസ്തുവിൽ നിങ്ങളുടെ

**പാസ്റ്റർ സി.സി. തോമസ്**

## മാധ്യമവിചാരം

# ഏഴംകുളം സാംകുട്ടിക്ക് എന്തുപറ്റി?



**അനിൽ കൊടിത്തോട്ടം**

സാമൂഹ്യമാധ്യമ ചർച്ചകളിലും കോളം എഴുത്തുകളിലും നിന്ന് ഒരുവർഷത്തോളമായി ഏറെക്കുറെ വിട്ടുനിൽക്കുന്ന എനിക്ക് പെട്ടെന്ന് ജേണലിൽ തിരിച്ചെത്തി ഇത്തരം ഒരു കുറിപ്പെഴുതാൻ അവസരം ഉണ്ടായത് ഊമക്കത്ത് സാഹിത്യവിശാരദൻ ദിവ്യശ്രീ ഏഴംകുളം സാംകുട്ടിയുടെ പുതിയ എഫ്. ബി. പോസ്റ്റാണ്. സാംകുട്ടി ചാക്കോയും അച്ചൻകുഞ്ഞ് ഇലന്തൂരും അങ്ങനെ ഏതാനും ചില തിരുവല്ല പത്രക്കാരും പെന്തെക്കോസ്ത് വില്യം ഷേക്സ്പിയറായി പ്രകീർത്തിച്ചുപോന്ന ഈ മഹാൻ ഒരു കടലാസു പുലിയാണെന്ന് വസ്തുത സധൈര്യം ബോധ്യപ്പെടുത്തിയത് ഈയുള്ളവനായിരുന്നു.

റീഡേഴ്സ് ജാലകത്തിൽ സർഗ്ഗചേതനയുടെ പാളം തെറ്റുമ്പോൾ എന്ന തലക്കെട്ടിൽ ഞാൻ നടത്തിയ നോവൽ നിരൂപണം സാംകുട്ടിയെ പ്രകോപിപ്പിച്ചു. അദ്ദേഹത്തിന്റെ പാളം തെറ്റിയ തീവണ്ടി എന്ന അപക്വ രചനയെ അന്നു ഞാൻ മാന്യവും സഭ്യവുമായ ഭാഷയിലാണ് നിരൂപണം നടത്തിയതെങ്കിൽ ഇന്ന് ഇദ്ദേഹത്തെ നിശിതമായ ഭാഷയിൽ ആക്രമിക്കേണ്ടി വരുന്നത് ഇദ്ദേഹവും തന്റെ കേരളത്തിലെ ചില മാധ്യമ ലോബികളും നടത്തിപ്പോരുന്ന അപവാദ പ്രചരണങ്ങളുടെ ഇര എന്ന നിലയിലാണ്.

പന്ത്രണ്ട് ലക്ഷം കോപ്പികൾ വിറ്റഴിച്ചുവെന്ന് പാളം തെറ്റിയ തീവണ്ടിയെക്കുറിച്ച് പൊങ്ങച്ചംഅമെനയുന്ന ഇദ്ദേഹത്തിന്റെ എച്ചിൽ ഭോജികൾ കെട്ടുകണക്കിന് പുസ്തകങ്ങൾ കുമ്പനാടും പരിസരത്തും ഡമ്പ് ചെയ്തിട്ടിരിക്കുന്നതും കുമ്പനാട്ട് ഒട്ടേറെ മാലിന്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും കാണിച്ച് ചിത്രം എടുത്ത് ഈ ലേഖകൻ "പ്രജാപതി ഭക്തൻ പാളം തെറ്റുന്നു" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിരുന്നു. തന്റെ നോവലിൽ സാംകുട്ടി സമർത്ഥിച്ചിരിക്കുന്നത് യേശുക്രിസ്തു ഹൈന്ദവ വേദങ്ങളിൽ പ്രതിപാദിക്കുന്ന പ്രജാപതിയാണ് എന്നാകുന്നു. പ്രജാപതിയെക്കുറിച്ച് വലിയ വിവാദങ്ങൾ ഉണ്ടായ കാലത്ത് ഐ. പി. സി. സണ്ടേസ്കൂൾ പാഠപുസ്തകത്തിൽ നിന്ന് അത് നീക്കം ചെയ്യാൻ ശബ്ദം ഉയർത്തി വിജയിപ്പിച്ച അച്ചൻകുഞ്ഞ് ഇലന്തൂർ തന്നെയാണ് പ്രജാപതി ക്രിസ്തുവാണെന്ന് പരാമർശമുള്ള പാളം തെറ്റിയ തീവണ്ടിയെ പോത്സാഹിപ്പിക്കുന്നത്. കെട്ടുകണക്കിനാണ് കൺവൻഷൻ സ്റ്റാളുകളിൽ ഡമ്പ് ചെയ്യുന്നത്.

ജാലകത്തിലെ എന്റെ ലേഖനത്തെ നേരിട്ട് പ്രതിരോധിക്കാതെ ഒരുപറ്റം മാധ്യമവായാടികളെ എനിക്കെതിരെ തിരിച്ചുവിട്ടുകൊണ്ട് അപവാദപ്രചരണത്തിലേർപ്പെട്ട ഏഴംകുളം എന്റെ സുഹൃത്തുക്കളായ സാംകുട്ടി മാത്യു, രാജു ആനിക്കാട്, എൻ. എം. രാജു ഇവരെയും വെറുതെ വിട്ടില്ല. വ്യാജ ഡോക്ടറേറ്റുകാരോട് ഞങ്ങളൊക്കെ കലഹത്തിലാണ്. എന്നാൽ ഇതിനെതിരെ നിയമനടപടിയ്ക്കായി കേരളത്തിൽ ഒരു ടീമിനെ പണം കൊടുത്ത് ഇറക്കി സാംകുട്ടി ഒരു കളി നടത്തി നോക്കി. പണം മുടക്കാൻ തയ്യാറാണ് പക്ഷെ താൻ പിന്നിലെന്ന് ആരും അറിയരുതത്രേ. സാംകുട്ടിയുടെ ചേമ്പിൻതണ്ട് നട്ടെല്ല് എത്രമാത്രം ദുർബലമാണെന്ന് തിരിച്ചറിഞ്ഞ് കൂട്ടാളികൾ പിന്നോട്ടുപോയി. ഞാൻ എഴുതുന്ന പത്രങ്ങളിൽ നിന്നൊക്കെ എന്നെ ഒഴിവാക്കുവാൻ അവർക്ക് എന്ത് പണവും കൊടുക്കാൻ തയ്യാറായി ഇദ്ദേഹം കരുക്കൾ നീക്കിയെങ്കിലും ഒരു പത്രവും ആ കുതന്ത്രത്തിൽ അടിപ്പെട്ടില്ല. സമയക്കുറവ് ഒന്നുകൊണ്ടുമാത്രം മുൻകാലങ്ങളിലെപ്പോലെ എഴുത്തിൽ സജീവമല്ല ഈ ലേഖകൻ.

ശ്രീ. സാംകുട്ടിയുടെ ഭാര്യാമാതാവിന്റെ വിയോഗത്തിൽ റീത്ത് വെച്ചതുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയകളിൽ പ്രചരിച്ച വിവാദത്തിലേക്കാണ് അതുമായി ഒരു ബന്ധവുമില്ലാത്ത ബിലീവേഴ്സ് ജേണലിനെയും പത്രാധിപർ സാംകുട്ടി മാത്യുവിനെയും എന്നെയും വലിച്ചിഴച്ചിരിക്കുന്നത്. ഏഴംകുളം എന്തെക്കെ പുലമ്പിയാലും അദ്ദേഹത്തിന്റെ ക്ഷുദ്രകൃതി ലോകസാഹിത്യത്തിലെ ഒന്നാം നമ്പറാണെന്ന് പറയാൻ ഒരു ശരാശരി മലയാളിക്കാവില്ല. അദ്ദേഹത്തെ ഏതെങ്കിലും വിധത്തിൽ എതിർത്ത ആളുകളെ ഒക്കെ പ്രതികരിക്കുവാൻ ഒരുമ്പിടുമ്പോൾ തന്റെ വല്ലാതെ സമനില കൈവിടുന്ന സൂചനകൾ എഴുത്തിൽ കാണാം.

ഒരു നോവൽ മുപ്പതിലധികം പേർക്ക് ഇരട്ടപ്പേരുണ്ടാകുക, ബാല്യകാലങ്ങളിലെ ഓട്ടോഗ്രാഫ് സാഹിത്യത്തിനും താഴെ നിലവാരം ഉള്ള പശ്ചാത്തല വിശദീകരണം നൽകുക തുടങ്ങി യാതൊരു സാഹിത്യ സംസ്കാരവും വീക്ഷിക്കാത്ത വായാടിത്തം ആണ് സാംകുട്ടി സാഹിത്യം. തന്റെ പ്രിയപ്പെട്ടവരുടെ ശരീരത്തിൽ റീത്തോ അദ്ദേഹത്തിന് ബോധ്യപ്പെട്ട മറ്റെന്തെങ്കിലുമോ വയ്ക്കാനുള്ള സ്വാതന്ത്ര്യം തനിക്കുണ്ട്. മുമ്പ് അതിനെതിരെ പ്രസംഗിച്ചു എന്നുകരുതി ഇതൊന്നും ചെയ്യാതിരിക്കണ്ട. ആദർശശുദ്ധി എന്നത് സംസ്കൃത മനസ്സുകളുടെ നൈസർഗിക ഗുണമാണ്. ഊമക്കത്തുകാരനിൽ നിന്നും അത് പ്രതീക്ഷിച്ചവരാണ് തെറ്റ് ചെയ്തത്. മൃതശരീരമോ, അദ്ദേഹം റീത്ത് വയ്ക്കുന്നതോ കണ്ടിട്ടില്ലാത്ത ഇതു സംബന്ധിച്ച് ഒരു ചർച്ചയിലും ഇടപെടാത്ത എന്നെക്കൂടി

04

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.